Reg. No. C. 101, M. 2293

ഒററപ്രതിക്കു് 2 ണ.

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു ; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല"

പുസ്തകം 23 | ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു് — എറണാകുളം 1125 കുംഭം 8 | ലക്കം 2

## സോഷ്യലിസ്ററാസൂത്രണം

### അതു മനുഷ്യന്റെ വ്യക്തിത്വത്തേയും സ്വാതന്ത്ര്യത്തേയും അപഹരിക്കുന്നു.

(അബ്രാഹം തലോടി ബി. എ.)

അപരിഹാര്യമായ ഒരു പ്രശ്നമായി ദാരിദ്ര്യത്തെ ഇന്നു ആരും കരുതുന്നില്ല. മനുഷ്യർ മഹാമനസ്കതയോടും നിസ്വാർത്ഥതയോടുംകൂടി തങ്ങളുടെ കഴിവുകളെ ഏകീകരിച്ചുകൊണ്ടു് പ്രവർത്തിച്ചു തുടങ്ങിയാൽ ഈ മഹാശാപത്തിൽനിന്നും മാനവസമുദായത്തെ രക്ഷിക്കുവാൻ കഴിയുമെന്നു മനസ്സിലായിട്ടുണ്ടു്. മനുഷ്യസ്നേഹത്തിൽനിന്നും സാഹോദര്യത്തിൽനിന്നും ഉടലെടുക്കുന്ന അക്രമരഹിതമായ മാർഗ്ഗത്തിലൂടെയല്ലാതെ വിപ്ലവാത്മകവും അക്രമപ്രസക്തവുമായ പദ്ധതികൾമൂലമേ സാമ്പത്തികസുരക്ഷിതത്വം കൈവരുത്താമെന്നു വാദിക്കുന്നവരുമുണ്ടു്. ഇവരിൽ ഏറ്റുകൊണ്ടും ഗണനീയസ്ഥാനം കരസ്ഥമാക്കിയിട്ടുള്ളവർ സോഷ്യലിസ്റ്റുകാരത്രെ. ആദർശപക്ഷത്തിൽ സ്വീകാര്യമായ പലതും സോഷ്യലിസത്തിലുണ്ടെങ്കിലും അതിന്റെ മാർഗ്ഗങ്ങളിൽ സോഷ്യലിസം തികച്ചും അപ്രായോഗികമോ നിഷിദ്ധമോ ആണു്. സാമ്പത്തികമായ എല്ലാ വ്യാപാരങ്ങളും സാമ്പത്തികമണ്ഡലത്തിൽ സർവ്വാധിപത്യമുള്ള ഒരു കേന്ദ്രസമിതിയുടെ കടുത്ത നിയന്ത്രണത്തിൽ നടത്തുക. ഇതാണു് സോഷ്യലിസ്റ്റ് ആസൂത്രണത്തിന്റെ ഉദ്ദേശം. ഈ ആസൂത്രണം അതിന്റെ പ്രവർത്തനത്തിൽ പൊതുതാല്പര്യങ്ങൾക്കും സ്വാതന്ത്ര്യത്തിനും വിരുദ്ധമാണു്.

ആദ്യമായിത്തന്നെ അന്യൂനവും സർവ്വസമ്മതവുമായ ഒരു ആസൂത്രണം അസാദ്ധ്യമാണു്. ആസൂത്രണപ്രേമികൾ സാങ്കേതികവിദഗ്ദ്ധന്മാരാണു്. അവരാണു് ആസൂത്രണങ്ങൾ നിർവ്വഹിക്കേണ്ടതു്. സാങ്കേതികവൈദഗ്ദ്ധ്യം വിദഗ്ദ്ധന്മാരുടെ ആശയഗതിയനുസരിച്ചു് അസംഘടിതമായി പ്രവർത്തിക്കുകയും വിവിധമാർഗ്ഗങ്ങളിൽ ചരിക്കുകയും ചെയ്യും. തന്മൂലം ആസൂത്രണം ചെയ്യപ്പെടുന്ന പദ്ധതികൾ ഒരിക്കലും പൂർണ്ണങ്ങളായിരിക്കാതെ എപ്പോഴും അപക്വങ്ങളായിരിക്കും. സാമ്പത്തികമണ്ഡലത്തിലെ വ്യാപാരങ്ങൾ എത്രയും സങ്കീർണ്ണങ്ങളാണു്. വൈവിദ്ധ്യം നിറഞ്ഞ ലോകത്തിൽ ഭിന്നരുചിക്കാരായ ആളുകളുടെ ആവശ്യങ്ങൾ വിചിത്രങ്ങളും വിവിധങ്ങളുമായിരിക്കും. ഉല്പാദകരുടേയും ഉപഭോക്താക്കളുടേയും കഴിവുകളും തഥൈവ. എന്നാൽ ഇവയെല്ലാം ഒരു കേന്ദ്രത്തിൽനിന്നു നിയന്ത്രിക്കുന്നതിനും നിർണ്ണയിക്കുന്നതിനും കഴിയണമെങ്കിൽ ഇവയെപ്പററി സകല വിവരങ്ങളും അറിയേണ്ടതു് അപരിത്യാജ്യമാണു്. ഇതു മനുഷ്യകഴിവുകൾക്കു അതീതമാണെന്നു പറയേണ്ടതില്ലല്ലോ. ഈ കഴിവുകേടു ആസൂത്രണത്തിനുള്ള അസാദ്ധ്യതകളെ വർദ്ധിപ്പിക്കുന്നു.

സോഷ്യലിസം, കമ്മ്യൂണിസം, ഫാസിസം മുതലായവ പൊതുതാല്പര്യത്തിന്റെ പേരിലാണു് പ്രവർത്തിക്കുന്നതു്. പൊതുതാല്പര്യത്തിന്റെ പേരിൽ സകല വിഭവങ്ങളേയും സംഘടിപ്പിക്കുന്നതിനാണു് ഈ പ്രസ്ഥാനവിശേഷങ്ങളുടെ ശ്രമം. പക്ഷെ പൊതുനന്മ, പൊതുതാല്പര്യം മുതലായ പദങ്ങൾക്കു വളരെ വ്യാപകമായ അർത്ഥമാണുള്ളതു്. ഒരു പ്രത്യേക പ്രവൃത്തിമാർഗ്ഗം നിർദ്ദേശിക്കത്തക്കവണ്ണം നിയതമായ അർത്ഥമല്ല അവശ്യമുള്ളതു്. ഒരു വ്യക്തിയുടെ സുഖം ആശ്രയിച്ചിരിക്കുന്ന കൂട്ടിപ്പിണഞ്ഞാവുന്ന നൂറുനൂറു കാര്യങ്ങളുണ്ടു്. ഇങ്ങനെയെങ്കിൽ ഒരു ജനതയുടെ ക്ഷേമം കുഴഞ്ഞുമറിഞ്ഞ എത്രയധികം സംഗതികളുടെ സമാഹാരമായിരിക്കുമെന്നു ചിന്തിക്കേണ്ടതാണു്.



**മാറക്കര പാദുവാപള്ളിയുടെ മുൻഭാഗം.**

ഇതിന്റെ ആശീർവ്വാദകർമ്മം വിശുദ്ധവത്സരോൽഘാടനദിനമായ 1949 ഡിസംബർ 24-ാംനു- നടന്നു.

സ്വന്തം അറിവും ഇഷ്ടക്രമവും അനുസരിച്ചു് സുഖം ദീക്ഷിക്കുന്നതിനുള്ള സ്വാതന്ത്ര്യവും അവകാശവും വ്യക്തികൾക്കു വേണമെന്നാണു് വ്യക്തിവാദികൾ സിദ്ധാന്തിക്കുന്നതു്. ഇതു് ഇന്നത്തെ സാഹചര്യങ്ങളിൽ ഏററവും വലിയ ഒരു ആവശ്യമാണു്. ഇതു സാദ്ധ്യമാകണമെങ്കിൽ മത്സരത്തിനു (Competition) അതായതു് വിലപേശലിനു് അവസരം ലഭിക്കുക, അതാണു് വേണ്ടതു്. സാധനവില അതിന്റെ ശരിയായ ധർമ്മം നിർവ്വഹിക്കുന്നതിനു് മത്സരവ്യവസ്ഥിതി വേണം. പക്ഷേ ആസൂത്രണപദ്ധതിയിൽ മത്സരത്തിനും വിലപേശലിനും സ്ഥാനമില്ല. അതിനാൽ വ്യക്തിസ്വാതന്ത്ര്യം ആസൂത്രണപദ്ധതിയുമായി മല്ലടിക്കുകയാണു്. പൊതുസമ്മതമുള്ള കാര്യത്തിലേ പൊതുപ്രവർത്തനത്തിനു പ്രസക്തിയുള്ളൂ. ഒരു ആസൂത്രണത്തെ ന്യായീകരിക്കത്തക്കവണ്ണം പൊതുസമ്മതമുള്ള കാര്യങ്ങൾ തുലോം കുറവാണു്. മറെറാരു തരത്തിൽ പറഞ്ഞാൽ ആസൂത്രണത്തിനു ഇന്നത്തെ യോജിപ്പു പോരാ. യോജിപ്പില്ലെങ്കിൽ ആസൂത്രണം അഭിലഷണീയമല്ല. എന്തുകൊണ്ടെന്നാൽ അതു പ്രജായത്തതത്വങ്ങൾക്കും സ്വാതന്ത്ര്യത്തിനും എതിരായി പ്രവർത്തിക്കും.

കേന്ദ്രീകൃതമായ ആസൂത്രണം ഏകകണ്ഠമായി ആഗ്രഹിക്കുകയും അതിന്റെ ലക്ഷ്യത്തിൽ വിയോജിക്കുകയും ചെയ്യുന്ന ജനവിഭാഗം എവിടേക്കു എന്നു നിശ്ചയമില്ലാതെ ഒരുമിച്ചു പോകുവാൻ ഒരുമ്പെടുന്ന പഥികരെപ്പോലെയാണു്. ഇതുപോലുള്ള ഒരു അവസ്ഥയാണു് ഇന്നു് പല ഗവണ്മെൻറുകളെയും ജനവിഭാഗങ്ങളെയും ബാധിച്ചിരിക്കുന്നതു്. ആസൂത്രണപ്രേമം ഭരണകൂടങ്ങളെ അവയുടെ യഥാർത്ഥകർമ്മപഥത്തിൽനിന്നു വ്യതിചലിപ്പിക്കുകയാണു ചെയ്യുന്നതു്. ഭരണസമിതികളോടാവശ്യപ്പെട്ടിരിക്കുന്നതു് യോജിപ്പുള്ള കാര്യങ്ങളിൽ പ്രവർത്തിക്കുവാനല്ല. നേരെമറിച്ചു് രാജ്യത്തിലെ വിഭവങ്ങളുടെ വിനിയോഗം എല്ലാവിഭാഗങ്ങളുടെയും ക്ഷേമത്തിനുതകത്തക്കവണ്ണം നിർവ്വഹിക്കുവാൻ സൗകര്യവും സാഹചര്യവും ഉണ്ടാക്കിക്കൊടുക്കുകയാണു് ഗവണ്മെൻറുകളുടെ കർത്തവ്യം. ആസൂത്രണപരിപാടികൾക്കു ഭൂരിപക്ഷതീരുമാനം എന്ന സമ്പ്രദായം തീരെ അപര്യാപ്തമാണു്. പലമാർഗ്ഗങ്ങളുണ്ടെങ്കിൽ ഒന്നിനു ഭൂരിപക്ഷം ലഭിക്കുമെന്നല്ലാതെ എല്ലാററിനും ഭൂരിപക്ഷം കിട്ടുമെന്നുള്ള ധാരണ അബദ്ധമാണു്. ബഹുവിധമായ അഭിപ്രായഗതികളുള്ളപ്പോൾ ഒന്നിനും ഭൂരിപക്ഷം കിട്ടിയില്ലെന്നും വരാം. ഇങ്ങനെ ഭൂരിപക്ഷഭരണരീതിയിൽ ആസൂത്രണപരിപാടികൾ സാധിക്കാതെ വരുമ്പോൾ കാര്യങ്ങൾ നടത്തുവാൻ കഴിവുള്ള വ്യക്തിയിലോ, വ്യക്തികളിലോ അധികാരം നിക്ഷേപിക്കുന്ന സമ്പ്രദായത്തിൽ എത്തിച്ചേരുകയും അതു സ്വേച്ഛാധിപത്യത്തിന്റെ വിത്തുകൾ വിതയ്ക്കുകയും ചെയ്യും. അതായതു് ആസൂത്രണപദ്ധതി ഭരണകൂടങ്ങളെ സ്വേച്ഛാധിപത്യത്തിലേക്കു ആനയിച്ചു് പൗരസ്വാതന്ത്ര്യത്തേയും പ്രജായത്തസിദ്ധാന്തങ്ങളേയും ഉന്മൂലനം ചെയ്യാൻ ഇടയാക്കും. ഹിററ്ലർ, മുസോലിനി മുതലായവരുടെ ആരോഹണം ഇതിനു ചില ഉദാഹരണങ്ങൾ മാത്രമാണു്.

സ്വാതന്ത്ര്യത്തിന്റെ അച്ചാരം നിയമഭരണ (Rule of law)മത്രെ. സോഷ്യലിസ്റ്റ് ആസൂത്രണം നിയമഭരണത്തിന്റെ വേരറുക്കുന്നു. മുൻകൂട്ടി നിശ്ചയിച്ചു് പ്രഖ്യാപിച്ചിട്ടുള്ള നിയമങ്ങളുടെ പരിധിയിൽ നിന്നുകൊണ്ടു് സർക്കാർപ്രവർത്തനങ്ങൾ നടത്തുന്നതിനെ നിയമഭരണമെന്നു പറയാം. ഭരണാധികാരികൾ അവരുടെ അധികാരം ഏതു പ്രകാരമെല്ലാം പ്രയോഗിക്കുമെന്നു നേരത്തെതന്നെ മനസ്സിലാക്കി തങ്ങളുടെ കാര്യപരിപാടികളെ അതനുസരിച്ചു് കരുപ്പിടിക്കുവാൻ നിയമഭരണത്തിൽ മാത്രമേ പൗരന്മാർക്കു സാധിക്കുകയുള്ളൂ. സോഷ്യലിസ്റ്റ് വ്യവസ്ഥിതിയിലാകട്ടെ നിയമഭരണം സാദ്ധ്യമല്ല. അവിടെ നിയമമില്ലാത്ത ഭരണം നടക്കുന്നുവെന്നല്ല പ്രത്യുത ആസൂത്രണത്തിന്റെയും ആസൂത്രകരുടെയും ആവശ്യമനുസരിച്ചു് നിയമങ്ങൾ ഉടനെ മാറിക്കൊണ്ടിരിക്കുമെന്നാണു് ഇതുകൊണ്ടു് വിവക്ഷിക്കുന്നതു്. അപരിമിതമായ അധികാരം ഭരണകർത്താക്കൾക്കുണ്ടായിരുന്നാൽ ഏതു തോന്ന്യാസഭരണത്തിനും നിയമഭ

ണത്തിന്റെ ഛായ ഉണ്ടാക്കാവുന്നതാണ്.

സോഷ്യലിസ്റ്റ് ആസൂത്രണം വ്യക്തിസ്വാതന്ത്ര്യത്തിൽ കൈകടത്തുമെന്നു ആസൂത്രണപ്രേമികളും സമ്മതിച്ചു പറയുന്നുണ്ട്. ഈ ന്യൂനതയിൽനിന്നും രക്ഷപ്പെടുവാൻ ഊണും ഉടുപ്പും പാർപ്പിടവും ലഭിക്കുമെന്നുള്ള വലിയപ്രതീക്ഷയുടെ മറയിൽനിന്നുകൊണ്ടു് അവർ ശക്തിയായി വാദിക്കാറുണ്ടു്. പക്ഷെ ഹേയ്ക്കു് എന്ന ചിന്തകൻ പറയുന്നതുപോലെ ഇതൊരു വൻചതിയത്രെ. കുഴഞ്ഞുമറിഞ്ഞു കിടക്കുന്ന ജീവിതത്തിൽ സാമ്പത്തികാവശ്യങ്ങൾ വേർതിരിച്ചു നിറുത്തുക സാധ്യമല്ല; സാമ്പത്തികമായ പരാധീനത മററുമണ്ഡലങ്ങളിലേക്കും വ്യാപിക്കുമെന്നതു തീർച്ചയാണു്. കൈവശമുള്ള പണം കഴിവുള്ള തൊഴിലിൽ ചെലവഴിക്കുവാൻ അനുവദിക്കുകയില്ലാത്ത വ്യവസ്ഥിതിയിൽ സ്വാതന്ത്ര്യം വെറും മിഥ്യയാണു്. ഒരു തൊഴിൽവിട്ടു് മറെറാരു തൊഴിൽ സ്വീകരിക്കുവാൻ സാധിക്കുകയില്ലെങ്കിൽ ജീവിതം നിരർത്ഥകവും അനഭിലഷണീയവുമാകുന്നു. അതിനാൽ ഇഷ്ടമുള്ള തൊഴിൽ സ്വീകരിക്കുന്നതിനുള്ള സ്വാതന്ത്ര്യം കുറെയൊക്കെ ആവശ്യമത്രെ.

അറിവും വിവേചനയുമുള്ളവരെയല്ല അഭിപ്രായവും ആലോചനയും ഇല്ലാത്തവരെയാണു് നേതാവിനാവശ്യം. വിദ്യയും ബുദ്ധിയുമുള്ളവരുടെ അഭിപ്രായങ്ങൾ വ്യത്യസ്തങ്ങളും വിമർശനപരവുമായിരിക്കും. അതിനാൽ സോഷ്യലിസ്റ്റ് ഭൂരിപക്ഷം മനസ്വിഷ്ടപ്രഭാവമുള്ളവരുടെയല്ല പ്രത്യുത വെറും മൂന്നാംതരക്കാരുടെ ആയിരിക്കാനേ വഴിയുള്ളു. സോഷ്യലിസ്റ്റ് ആസൂത്രണത്തിൽ സൃഷ്ടിപരമായ പരിപാടികളെക്കാൾ സംഘടനയുടെ ഉറപ്പിനും ഐക്യത്തിനും ഭാഗ്യശാലികളോടുള്ള അസൂയയും പൊതുശത്രുവിനോടുള്ള വൈരവുമാണു് കൂടുതൽ ഉതകുന്നതു്. വിവേകത്തെക്കാൾ വികാരത്തിനാണു് സോഷ്യലിസത്തിൽ സ്ഥാനം. സോഷ്യലിസ്റ്റ് ആസൂത്രണം അതിനാൽ അസൂയാദി അധമവികാരങ്ങളെക്കൊണ്ടു കറപിടിച്ചിരിക്കും.

സോഷ്യലിസം വ്യക്തിത്വത്തേയും സ്വാതന്ത്ര്യത്തേയും ഹനിക്കുന്നതിനുള്ള മറെറാരു കാരണം അതു ചില പ്രത്യേകലക്ഷ്യങ്ങളെമാത്രം ഉന്നംചെയ്യുന്നുവെന്നുള്ളതാണു്. ചില നിയതലക്ഷ്യങ്ങളുടെ സർവ്വാധിപത്യത്തിനാണു് അതു നിലകൊള്ളുന്നതു്. സമുദായത്തേയൊ രാഷ്ട്രത്തേയൊ ആകമാനം സ്ഥിരമായും പൂർണ്ണമായും ഏകലക്ഷ്യത്തിലേക്കുതന്നെ തിരിച്ചുവിട്ടാൽ മനുഷ്യന്റെ വ്യക്തിത്വവും സ്വാതന്ത്ര്യവും താനെ നശിച്ചുപോകുന്നതാണു്.

ഇന്നത്തെ അസമത്വങ്ങളോടു് വല്യതായ അമർഷമുണ്ടു്. ഈ അസമത്വങ്ങൾ അതേപടി വച്ചുപുലർത്തേണ്ടവയുമല്ല. ശരി. പക്ഷേ സോഷ്യലിസം അതിനു പററിയ ഉപാധിയല്ല. വ്യക്തിപ്രധാനമായ സമുദായവ്യവസ്ഥിതിയുടെ ആണിക്കല്ലുകളായ സ്വാശ്രയം, സ്വാതന്ത്ര്യം, സഹകരണബുദ്ധി മുതലായവ സോഷ്യലിസ്റ്റാസൂത്രണത്തിൽ അസ്ഥാനത്താണു്. അനുസരണം— അതേ വ്യക്തിക്കു കരണീയമായിട്ടുള്ളു. അധികാരം— അതു രാഷ്ട്രത്തിനും. ഇതാണു് സോഷ്യലിസ്റ്റ് സിദ്ധാന്തം. സോഷ്യലിസത്തിന്റെ ഇത്ര നാളത്തെ നേട്ടവും അതിന്റെ പരാജയത്തെ വ്യക്തമാക്കുന്നുണ്ടു്. അരശതാബ്ദത്തിലധികമായ അതിന്റെ വളർച്ചയുടെ ഫലമായി മനുഷ്യന്റെ നീതിബോധം അല്പമെങ്കിലും വർദ്ധിച്ചിട്ടുണ്ടോ? പരമാർത്ഥത്തിൽ വ്യക്തിപരമായ വ്യവഹാരങ്ങളിൽ അവൻ കൂടുതലായി അധഃപതിക്കുകയാണു് ചെയ്തിട്ടുള്ളതു്. പണ്ഡിററ് നെഹ്റു പറയുന്നതുപോലെ യഥാർത്ഥപ്രശ്നം വ്യക്തിഗതമായിരിക്കുന്ന ഇന്നത്തെ സാഹചര്യങ്ങളിൽ വ്യക്തിയെ ഒരു ആസൂത്രണയന്ത്രത്തിലെ കട്ടയോ പരിയോ ആയി മാററുവാനാണു് സോഷ്യലിസം ശ്രമിക്കുന്നതു്. മനുഷ്യന്റെ വ്യക്തിത്വത്തേയും സ്വാതന്ത്ര്യത്തേയും ചവുട്ടിത്തേച്ചുകൊണ്ടുള്ള കിരാതജന്യമായ ഒരു നരബലിയാണു് സോഷ്യലിസ്റ്റ് ആസൂത്രണം. വ്യക്തിസ്വാതന്ത്ര്യത്തിന്റെ അടിസ്ഥാനത്തിലാണു് മനുഷ്യസമുദായം പുരോഗമിച്ചിട്ടുള്ളതു്. ഭാവിപുരോഗതിയും ഈ അടിസ്ഥാനത്തിലേ ഉണ്ടാകുകയുള്ളു. മനുഷ്യന്റെ വ്യക്തിത്വത്തെ ബഹുമാനിക്കാത്ത ഏതു വ്യവസ്ഥിതിയും അവനെ നശിപ്പിക്കുകയത്രെ ചെയ്യുന്നതു്. വ്യക്തിയെ അവനു് അവകാശമായിരിക്കുന്ന മഹത്വത്തിലും സ്വാതന്ത്ര്യത്തിലും പ്രതിഷ്ഠിക്കുകയാണു് ഇന്നത്തെ അടിയന്തിരമായ ആവശ്യം.

<u>പ്രഭാഷണം</u>

# അമ്മായിയമ്മ

"സ്നേഹം ദയയുള്ളതും ക്ഷമയുള്ളതുമാകുന്നു. അതു് അസൂയപ്പെടുന്നില്ല, കലഹിക്കുന്നില്ല, അഹങ്കരിക്കുന്നില്ല, ലജ്ജാവഹമായതു പ്രവർത്തിക്കുന്നുമില്ല." (1. കൊറി. Xiii-4)

സുപ്രസിദ്ധനായ ഒരു വേദശാസ്ത്രവിചക്ഷണൻ ആദിമാതാപിതാക്കന്മാരുടെ അധഃപതനത്തിനുമുമ്പു് അവർക്കുണ്ടായിരുന്ന സൗഭാഗ്യാവസ്ഥയെക്കുറിച്ചു് പണ്ഡിതോചിതമായ ഒരു പ്രഭാഷണം നടത്തി. തദനന്തരം അദ്ദേഹം മുറിയിൽ വന്നു് വിശ്രമിക്കുമ്പോൾ ഒരു യുവതി അദ്ദേഹത്തെ കാണുവാൻ ആവശ്യപ്പെട്ടു. അവരുടെ സംഭാഷണം അന്നത്തെ പ്രസംഗവിഷയത്തെക്കുറിച്ചായിരുന്നു. "അച്ചാ, ആദിമാതാപിതാക്കന്മാരുടെ ആദ്യത്തെ സൗഭാഗ്യസ്ഥിതി എന്തിലൊക്കെയാണു് അടങ്ങിയിരുന്നതെന്നു അങ്ങു് വിശദമായും ശാസ്ത്രീയമായും പ്രതിപാദിച്ചിട്ടുണ്ടു്. അമർത്യത, ക്ലേശരാഹിത്യം, പ്രസാദവരസമൃദ്ധി, ഉത്തമാധമാംശങ്ങൾ തമ്മിലുള്ള പൊരുത്തം എന്നിങ്ങനെ പലതും അതിന്റെ ഘടകങ്ങളായിരുന്നു; ശരിതന്നെ. എന്നാൽ അവരുടെ സൗഭാഗ്യത്തിന്റെ സർവ്വപ്രധാനമായ ഒരു ഘടകം അങ്ങുന്നു് വിട്ടുകളഞ്ഞിട്ടുണ്ടു്." "അതെന്താണു്?" വൈദികൻ ജിജ്ഞാസയോടെ ചോദിച്ചു. "അതോ? ഹവ്വാക്കും ആദത്തിനും അമ്മായിയമ്മ ഉണ്ടായിരുന്നില്ലെന്നുള്ളതായിരുന്നു അവരുടെ ഏററവും വലിയ ഭാഗ്യം."......നോക്കുക; അമ്മായിയമ്മയുടെ ക്രൂരദംഷ്ട്രങ്ങളിൽപെട്ടു് ഞെരിഞ്ഞിരുന്ന ഒരു വ്രണിതഹൃദയത്തിന്റെ വികാരനിർഭരമായ ബഹിഃസ്ഫുരണം! "അമ്മായിയമ്മയെ അമ്മിമേൽ വെച്ചിട്ടു്...... ... ........."എന്നാരംഭിക്കുന്ന നാടോടിപ്പാട്ടിലും ഈ അമ്മായിയമ്മപ്പോരിനോടുള്ള അമർഷംതന്നെയാണു വാഗ്രൂപത്തിൽ പ്രവഹിക്കുന്നതു്. വളരെ നല്ലവരും കാരുണ്യമൂർത്തികളും സ്നേഹത്തിടമ്പുകളുമായ അമ്മായിയമ്മമാർ ലോകത്തിൽ ധാരാളമുണ്ടെന്നുള്ളതു് ഒരു പച്ചപ്പരമാർത്ഥമാണു്. എങ്കിലും അമ്മായിയമ്മ എന്നു പറയുമ്പോൾ ഒരു ഹിംസ്രജന്തുവിനേയൊ ഒരു ക്രൂരസത്വത്തേയൊ പററിയുള്ള ഒരു പ്രതീതിയാണു് സാധാരണയായി മനസ്സിൽ ഉദിക്കാറുള്ളതു്. ഈ പ്രതീതി തീരെ അടിസ്ഥാനരഹിതമല്ലാത്തതുകൊണ്ടു അതിനെ മാററുവാൻ ഓരോ അമ്മായിയമ്മയും ഉററു ശ്രമിക്കേണ്ടതാണു്.

അമ്മായിയമ്മയും മരുമകളും തമ്മിലുള്ള കലഹങ്ങൾക്കും "പോരു"കൾക്കും അടിയിൽ തപ്പിനോക്കിയാൽ അസൂയയും സ്വാർത്ഥതയും ഒളിഞ്ഞുകിടക്കുന്നതായികാണാം. ഒരു പെണ്ണുവന്നു കേറിയതുമുതൽ തന്റെ അധികാരത്തിനു് എന്തോ കുറവു സംഭവിച്ചുവെന്നു സംശയിച്ചു് വിഷമിക്കുകയാണു് അമ്മായിയമ്മ. തന്നോടുമാത്രം കാര്യങ്ങൾ ആലോചിച്ചുപോന്ന മകൻ ഇപ്പോളുണ്ടു് അവളോടു് ചില കാര്യങ്ങളെക്കുറിച്ചു് ചോദിക്കയും പറകയും ചെയ്യുന്നു. ഇത്രയുംനാൾ താൻ ഭരിച്ചുപോന്ന കുടുംബകാര്യങ്ങൾ നിശ്ചയിക്കുവാനോ നിയന്ത്രിക്കുവാനോ താൻ ജീവനോടിരിക്കുമ്പോൾ മറെറാരാൾക്കു് അവകാശമോ? അമ്പാ, അത്രയ്ക്കായോ? എന്നാൽ അതൊന്നു കാണണം— എന്നിങ്ങനെയുള്ള ഒരു മനഃസ്ഥിതി ഉളവായിത്തീരുന്നു. ചില തള്ളമാർക്കു പുത്രനോടുള്ള അതിരായ സ്നേഹവും ഈ പോരിനു് കാരണമാകാറുണ്ടു്. അമ്മയും മകനും അവഗാഢം സ്നേഹിച്ചുവരവേ, അതിനൊരൾപ്പിരിവും വിലങ്ങുതടിയുമായി അതാ ഒരു പെണ്ണു് രംഗപ്രവേശം ചെയ്യുന്നു. മകന്റെ സ്നേഹം മുഴുവനും അങ്ങോട്ടായിപ്പോയി എന്നു വിചാരിച്ചു് അമ്മ ആകുലചിത്തയാകുന്നു; ഇല്ലാത്തതൊക്കെ വിചാരിച്ചും സങ്കല്പിച്ചും വിഷമം വർദ്ധിപ്പിക്കുന്നു. ഈ സ്ഥിതിയിൽ മകൻ അവന്റെ ഭാര്യയോടു് സ്വാതന്ത്ര്യമായും സ്നേഹപൂർവ്വവും സംസാരിക്കുന്നുവെന്നു കാണുന്നതുതന്നെ തള്ളയ്ക്കു സങ്കടകരമായിരിക്കും. മകനും ഭാര്യയും തമ്മിൽ ഇംഗ്ലീഷോമറേറാ സംസാരിക്കുന്നു എന്നായാൽ പോരാത്തതും തികയും. ഇതിനെല്ലാം തള്ള പകവീട്ടുന്നതു മരുമകളോടായിരിക്കും. അവൾ ഭർതൃഹിതം അനുസരിച്ചു നടക്കുന്നുവെന്നും അവൾ തന്നെക്കാൾ പ്രാപ്തിയും അറിവും തന്റേടവും ഉള്ളവളും അന്യർക്കു കൂടുതൽ പ്രിയമുള്ളവളും ആണെന്നും കണ്ടാൽ അസൂയയും കോപവും വർദ്ധിച്ചു് മകനേയും മകളേയുംതമ്മിൽ കലഹിപ്പിക്കുവാനും അന്യരുടെ ദൃഷ്ടിയിൽ പരിഹാസപാത്രമാക്കുവാനും ചില അമ്മായിയമ്മമാർ പരിശ്രമിക്കുന്നു. മരുമകളുടെ സകല പ്രവൃത്തികളിലും കുററം കണ്ടുപിടിക്കുവാൻ സദാ ഉത്സാഹിക്കുകയും അവളെപ്പററി അപവാദങ്ങൾ പറഞ്ഞുപരത്തുകയും ചെയ്യുന്നു. ചുരുക്കത്തിൽ, മരുമകളുടെ സംസാരം, പ്രവൃത്തി എന്നുവേണ്ട സകലതും കുററംതന്നെയായിരിക്കും. ഇങ്ങനെയുള്ള അമ്മായിയമ്മമാർ പിശാചിന്റെ ഏജൻറു ജോലിയാണു് നിർവഹിക്കുന്നതു്. പരസ്പരം സ്നേഹിച്ചു ജീവിക്കുന്ന ദമ്പതികളെ തമ്മിൽ കലഹിപ്പിച്ചു് അവരെ— അതെ, സ്വന്തമക്കളെ— അപഥചാരികളാക്കിത്തീർക്കുന്നതു് മഹാപരാധമല്ലേ? ക്രിസ്തീയ പരസ്നേഹമോ, അല്ലെങ്കിൽ മനഃസംസ്കാരമെങ്കിലുമോ, ഇല്ലാത്ത തള്ളമാർ ഈ സ്ഥിതിയിൽ കാട്ടിക്കൂട്ടുന്ന കോപ്രായങ്ങൾക്കു ഒരു കണക്കുമുണ്ടാകയില്ല. അവർ മാതൃസ്നേഹം എന്നല്ല മാന്യത കൂടിയില്ലാതെ മരുമക്കളോടു ചെയ്തിട്ടുള്ള നീചകൃത്യങ്ങളെപ്പററി ധാരാളം നാം കേട്ടിട്ടില്ലേ? മകന്റെ സഹായവും മറുപുറത്തു കാണുമ്പോൾ വിദ്വേഷാഗ്നി ആളിക്കത്തും. യുവതിയായ മരുമകൾ അഞ്ചാറു കുട്ടികളുടെ അമ്മയായ തന്നെക്കാൾ സുന്ദരിയും ആകർഷകയുമാണെന്നു കാണുമ്പോൾ അതിലസൂയപ്പെട്ടുകൊണ്ടു് അമ്മായിയമ്മയും ചില "പരിഷ്കാര"വേഷങ്ങൾ അണിയുവാൻ തുടങ്ങുന്നതു് പരിഹാസ്യമല്ലേ?

മരുമകളെ കേവലം ഒരടിമയെപ്പോലെയോ വേലക്കാരിയെപ്പോലെയോ കരുതി അത്യദ്ധ്വാനം ചെയ്യിപ്പിക്കുന്നതും വലിയ തെററാണു്. മറിച്ചു്, അമ്മായിയമ്മ സ്വന്തപുത്രിയെപ്പോലെ അവളെ സ്നേഹിക്കട്ടെ. സ്വന്തം നാടും വീടും ഉപേക്ഷിച്ചു് വന്നിരിക്കുന്ന ആ പെൺകുട്ടിക്കു് അഭയസ്ഥാനമായിരിക്കേണ്ടതു് അമ്മായിയമ്മയുടെ മാതൃഹൃദയമാണു്. മകനും മരുമകളും തമ്മിൽ ഐക്യവും സമാധാനവും പുലർത്തുവാൻ മാതാവു് പ്രത്യേകം ഉത്സാഹിക്കണം. എന്നാൽ ഭാര്യാഭർതൃബന്ധത്തിൽ അനാവശ്യവും അതിരുകടന്നതുമായ കൈകടത്തലുകൾ അവർ ചെറുക്കുന്നതാണെന്നു് അമ്മായിയമ്മ മനസ്സിലാക്കണം. മകനോടും മരുമകളോടുമുള്ള പെരുമാററത്തിൽ "തൻകുഞ്ഞു് പൊൻകുഞ്ഞു്" എന്നുള്ള പക്ഷഭേദചിന്ത വെടിയണം. മരുമകളിൽ എന്തെങ്കിലും ശീലക്കേടുകൾ ഉള്ളതായിക്കണ്ടാൽ അവയെ ക്ഷമയോടെ സഹിച്ചു് അവളെ ഒരുത്തമകുടുംബനായികയാക്കിത്തീർക്കുവാൻ ഉത്സാഹിക്കയാണു് വേണ്ടതു്. അല്ലാതെ, ആക്ഷേപിക്കയും നിന്ദിക്കയുമല്ല വേണ്ടതു്. ഇടവിടാതെ നിന്ദിക്കയും ശകാരിക്കയും ചെയ്താൽ കാലാന്തരത്തിൽ മരുമകൾക്കു് തള്ളയോടുള്ള ബഹുമാനം കുറഞ്ഞു് തള്ളയെത്തന്നെ നിന്ദിക്കുവാനും ധിക്കരിക്കുവാനും ഇടവരും. അതുമൂലം വലിയ കലാപങ്ങൾ സംഭവിക്കും. മരുമക്കളോടുള്ള കോപമോ വൈരാഗ്യമോ നിമിത്തം അവളുടെ മാതാപിതാക്കന്മാരെയോ കുടുംബക്കാരെയോ തറവാടിനെയോ ആക്ഷേപിക്കുന്നതും പരിവർജ്ജിക്കേണ്ടതാണു്. "ഈ കുരുത്തംകെട്ടവൾ ഇവിടെ കാലുകുത്തിയതിൽപ്പിന്നെ എല്ലാം ശനിപ്പിഴതന്നെ......എങ്ങനെയാ, ഗോത്രം അങ്ങനത്തതല്ലേ?......അവൾ അത്രയധികം ഞെളിയണ്ട...അവളുടെ കുടുംബക്കാരെയൊക്കെ നമ്മളറിയില്ലേ?......" എന്നിങ്ങനെ മരുമകൾ കേൾക്കെ ബന്ധുവീട്ടുകാരെപ്പററിയുള്ള കുററങ്ങൾ അയൽവാസികൾക്കു വിളമ്പിക്കൊടുക്കുന്ന അമ്മായിയമ്മമാർ ആ പ്രവൃത്തികൊണ്ടു സ്വന്തം കുടുംബത്തെത്തന്നെയാണു് അപമാനിക്കുന്നതെന്നു് അല്പം ആലോചിച്ചാൽ മനസ്സിലാക്കാം. മുൻകരാറനുസരിച്ചുള്ള ആഭരണങ്ങളും സ്ത്രീധനവും മരുമകളുടെ വീട്ടുകാർ നൽകാതിരുന്നാൽ അതിനു മരുമകളെ നിന്ദിക്കയും ശകാരിക്കയും ചെയ്യുന്നതു് വലിയ പാതകമാണു്. മാതാപിതാക്കന്മാർ കരാർലംഘനംചെയ്യുന്നതിനുത്തരവാദി ആ സാധുപെൺകുട്ടിയാണോ? അവൾ മാതാപിതാക്കന്മാരോടാവശ്യപ്പെടുന്നതിനു് ന്യായമായ വിധത്തിൽ പെൺകുട്ടിയോടു പറയാമെന്നല്ലാതെ അവളെ ശകാരിക്കയും വീട്ടിൽനിന്നു കടന്നുപോകാൻ പറകയും മററും ചെയ്യുന്നതു് വലിയ അപരാധമാണു്. ഇവയെല്ലാം മരുമകളുടെ ഹൃദയത്തിൽ ആഞ്ഞുകയറുന്ന അസ്ത്രങ്ങളായിരിക്കും. അങ്ങനെ ഒരു വ്രണിതഹൃദയത്തിൽനിന്നു് ദൈവസന്നിധിയിലേക്കുയരുന്ന ചുടുബാഷ്പം കുടുംബത്തിനുതന്നെ വലിയ നാശങ്ങൾ വരുത്തിവെക്കും.

മരുമകൾ സൗന്ദര്യവതിയാണെങ്കിൽ എന്തിനു് അസൂയപ്പെടുന്നു? സ്വന്തം മകൾ സുന്ദരിയാണെന്നു കാണുന്നവർ സന്തോഷിക്കയല്ലാതെ അസൂയപ്പെടാറുണ്ടോ? അവളെ യഥാർത്ഥത്തിൽ സ്നേഹിക്കാത്തതുകൊണ്ടല്ലേ ഇങ്ങനെ തോന്നുന്നതു്? ലോകസൗന്ദര്യത്തെ ഈ വാർദ്ധക്യദശയിൽ ആശിക്കുന്നതുതന്നെ തെററു്. തന്നെക്കാൾ വളരെ ചെറുപ്പമായ മരുമകൾ സുന്ദരിയായി കാണപ്പെടുന്നതിൽ അസൂയപ്പെടുന്നതു് വിഡ്ഢിത്തത്തിന്റെ പരമകാഷ്ഠയും. എന്നും ചെറുപ്പമായിരിക്കുവാൻ സാദ്ധ്യമാണോ? മകൻ തന്റെ ഭാര്യയെ കൂടുതൽ സ്നേഹിക്കുന്നുണ്ടെങ്കിൽ എന്തിനു് അസൂയപ്പെടുന്നു? മനുഷ്യൻ തന്റെ അപ്പനേയും അമ്മയേയും വിട്ടു് ഭാര്യയോടുചേരുകയും അവരിരുവരും ഒരു ജഡമായിത്തീരുകയും ചെയ്യും എന്നാണു് കർത്താവു് അരുളിച്ചെയ്തിരിക്കുന്നതു്; അതാണു് മനുഷ്യപ്രകൃതി; അതിലാണു് വിവാഹത്തിന്റെ വിജയം. അതുകൊണ്ടു് അക്കാര്യത്തിൽ അമ്മായിയമ്മയ്ക്കു അസൂയക്കവകാശമില്ല. നേരെമറിച്ചു് മകനും ഭാര്യയും തമ്മിലുള്ള സ്നേഹം ഗാഢതരമാക്കുവാനാണു് അമ്മായിയമ്മ ശ്രമിക്കേണ്ടതു്. മരുമകൾ വീട്ടിൽ കുറേശ്ശെ അധികാരം നടത്തുന്നുണ്ടെങ്കിൽ അതിൽ അമ്മായിയമ്മയ്ക്കു സന്തോഷിക്കുവാനേ വകയുള്ളു. യഥാർത്ഥത്തിൽ മരുമകളെ അതിനു പരിശീലിപ്പിക്കേണ്ട കടമതന്നെ അമ്മായിയമ്മയ്ക്കില്ലേ? ഗൃഹഭരണവിഷയത്തിൽ അവളെക്കൂടി ക്രമേണ സഹകരിപ്പിച്ചു് അഭ്യസിപ്പിക്കണം. ഏതദ്വിഷയത്തിൽ ഒരന്യയെപ്പോലെ അവളെ അകററിനിറുത്തുന്നതു് ഉചിതമല്ല. അവളുടെ പ്രായക്കുറവിനും പരിചയക്കുറവിനും ആനുപാതികമായ ഒരു കിഴിവു് തള്ളുവാനുള്ള സന്മനസ്സും ഉണ്ടായിരിക്കണം. താൻ ഇല്ലെങ്കിൽ ഒരു കാര്യവും ശരിയായി നടക്കുകയില്ലെന്നുള്ള അഹങ്കാരബോധത്തോടെ എല്ലാററിലും തലയിട്ടുകൊണ്ടു് ഉത്തരം ചുമക്കുന്ന പല്ലിയെപ്പോലെ അമ്മായിയമ്മമാർ ഓടിനടക്കരുതു്. വാർദ്ധക്യവും, രൂപഭേദവും, മരണവും സംഭവിച്ചേ കഴിയൂ; തന്റെ കാലശേഷവും കുടുംബചക്രം തിരിഞ്ഞുകൊണ്ടിരിക്കും. മരുമകൾ ഗൃഹഭരണത്തിനു പ്രാപ്തയായാൽ അതു് കുടുംബൈശ്വര്യത്തിനും അമ്മായിയമ്മക്കു ആശ്വാസത്തിനും കാരണമാകും. ഭരണഭാരം കുറയുമ്പോൾ ജപധ്യാനങ്ങൾക്കുംമററും അമ്മായിയമ്മക്കു ധാരാളം സൗകര്യം സിദ്ധിക്കുമെന്നുള്ളതും വലിയൊരനുഗ്രഹംതന്നെയല്ലേ?

(ജെ. ചെമ്മണൂർ)

# മോൺ: ഫൾട്ടൺ ജെ. ഷീൻ

(വറുഗീസ് ജെ. മാളിയേക്കൽ)

(തുടർച്ച)

മോൺ. ഷീൻെറ ഔദാര്യബുദ്ധിയുടേയും, പരസ്നേഹപ്രവർത്തനങ്ങളുടേയും, ദാനധർമ്മങ്ങളുടേയും വൈപുല്യം നമുക്ക് വേണ്ടത്ര അറിവില്ലെങ്കിലും അദ്ദേഹം ഒരൊററ കത്തോലിക്കാപത്രത്തിനായി നീക്കിവച്ചിട്ടുള്ളതു് 6000 ഡോളർ ആണെന്നു കാണുന്നു. അദ്ദേഹം വൈദികവിദ്യാഭ്യാസത്തിനായി ഒട്ടനവധി പേർക്ക് ധനസഹായം ചെയ്തുപോരുന്നു. അലബാമാമത്രപതയിൽ പലയിടങ്ങളിലായി ഒട്ടനേകം കപ്പേളകളും കുരിശടികളും അദ്ദേഹംതന്നെ സ്വന്തം ചെലവിൽ പണികഴിപ്പിച്ചിട്ടുണ്ടു്. വടക്കേ കറോളിനാ, ടെക്സ്സാസ് എന്നിവിടങ്ങളിലാണു് അവയിൽ അധികവും. എങ്കിലും അവയെക്കാളൊക്കെ അദ്ദേഹത്തിനു് ഏററവും ഹൃദ്യമായിട്ടുള്ളതു് നീഗ്രോസ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കുംവേണ്ടി "മോബൈൽ" എന്ന സ്ഥലത്തു് പണിതീർത്തിട്ടുള്ള വാഴ്ത്തപ്പെട്ട മാർട്ടിൻ ഡി പോറസിൻെറ നാമധേയത്തിലുള്ള മെറേറർനിററി ആസ്പത്രിയത്രെ. രണ്ടു വത്സരങ്ങളോളമായി അദ്ദേഹം 440000 ഡോളർ ചെലവു ചെയ്തു് നീഗ്രോനേഴ്സുകൾക്കായുള്ള ഒരു ആസ്പത്രിയും ട്രെയിനിംഗ് സ്കൂളും പണികഴിപ്പിക്കുന്നതിനായി ശ്രമിച്ചുവരികയായിരുന്നു. ആയതും ഇതിനകം അദ്ദേഹത്തിനു നിഷ്പ്രയാസം സാധിച്ചിരിക്കുമെന്നുതന്നെ നമുക്കു പ്രതീക്ഷിക്കാം.

പ്രസംഗങ്ങൾക്കു കിട്ടുന്ന ഫീസിനും സർവ്വകലാശാലകളിൽ നിന്നുള്ള വാർഷികവേതനങ്ങൾക്കും പുറമെ അദ്ദേഹത്തിൻെറ സ്നേഹിതരും റേഡിയോ ശ്രോതാക്കളുമായ പല ഉദാരമതികളിൽനിന്നും ഉപവിപ്രവർത്തനങ്ങൾക്കായി അദ്ദേഹത്തിനു് ആകർഷകമായ സംഭാവനകൾ ലഭിച്ചുകൊണ്ടിരിക്കുന്നുമുണ്ടു്. 1938-ൽ "മിസ്സിസ് വില്യം ജെ. ബബിങ്ടൺ മെക്കാളേ" എന്ന മഹതി അവരുടെ സ്വന്തം പേരിലുള്ള സ്വത്തിൻെറ രണ്ടു ശതമാനം മോൺ. ഷീൻെറ പരസ്നേഹപ്രവർത്തനങ്ങൾക്കായി നല്കുകയുണ്ടായി. കൂടാതെ, അവർതന്നെ അന്നു് "കാർഡിനൽപച്ചെല്ലി"യായിരുന്ന ഇന്നത്തെ പോപ്പുതിരുമേനിക്കു് അയച്ചുകൊടുക്കുന്നതിലേക്കുവേണ്ടി മോൺ. ഷീനെ ഒരു ഭീമമായ സംഖ്യ ഏല്പിക്കുകയും ചെയ്തു. മോൺ. ഷീൻ അദ്ദേഹത്തിൻെറ വിത്തം നീഗ്രോകളുടെയിടയിൽ പള്ളിപണിയുന്നതിനായി വിനിയോഗിച്ചുപോന്നു.

മോൺ ഫൾട്ടൻ ജെ. ഷീൻ വൈദികനായിത്തീർന്നതുനിമിത്തം അമേരിക്കൻ നാടകനഭോമണ്ഡലത്തിൽനിന്നും ഒരു ഉജ്ജ്വലതാരം പോലെവിളങ്ങുന്ന നടനാണു് തിരോഭവിച്ചതു് എന്നു പലരും പരിതപിക്കുന്നതായി അറിയാം. ഒരാൾ പറയുകയാണു് ന്യൂയോർക്കു നഗരത്തിലെ സെൻറ് പാട്രിക്കിൻെറ പ്രസംഗപീഠത്തിൽ മോറീസ് ഇവാൻസിനുപോലും മോൺ. ഷീനിനോളം ബഹുമാന്യവും അഭിലഷണീയവുമായ ഒരു പ്രവേശനം ലഭിക്കുകയുണ്ടായിട്ടില്ലെന്നു്. സദാ സഭാനിയമങ്ങൾക്കു് തികച്ചും അധീനനായിരുന്നിട്ടുപോലും അത്ര അസൂയാർഹമായ പദവിയാണു് അദ്ദേഹത്തിനു് അവിടെ ഉണ്ടായിരുന്നതു്.

വിശുദ്ധ കർമ്മങ്ങൾക്കുശേഷം എല്ലാവരും യഥാസ്ഥാനങ്ങളിൽ ഉപവിഷ്ടരായിക്കഴിയുമ്പോൾ മെത്രാപ്പോലീത്താ മെത്രാന്മാർ... <br>

മെത്രാപ്പോലീത്താമാരുടെ പിൻപിൽനിന്നു് ഒരു ശുശ്രൂഷകനാൽ അനുഗതനായി മോൺ. ഷീൻ വരുന്നതു കാണാം. "ഓർഗൺ" അതിൻെറ മധുരസ്വനത്തിൽ മന്ദ്രമായ ദിവ്യസംഗീതം പുറപ്പെടുവിച്ചുകൊണ്ടിരിക്കും. ഒന്നുരണ്ടു മിനിട്ടുനേരത്തേക്കു് അദ്ദേഹം ശുശ്രൂഷകനൊന്നിച്ചു് ആ പീഠത്തിൻ മുൻപാകെ മുട്ടുകുത്തിനിന്നു പ്രാർത്ഥിക്കും. പിന്നീടു് ആദ്യം കർദ്ദിനാൾ സിംഹാസനത്തിൻ മുമ്പാകെയും അനന്തരം എതിർവശത്തായി ദിവ്യബലിയിൽ പങ്കെടുത്തുകഴിഞ്ഞിരിക്കുന്ന ജനാവലിയേയും തലകുനിച്ചു വന്ദിക്കും.

പിന്നീടു് അദ്ദേഹം മന്ദം മന്ദം ആ പ്രസംഗവേദിയിലേക്കു നടന്നുകയറും. ഏററവും മുകളിലത്തെ കല്പട കയറിയാലുടൻ തലയ്ക്കുമീതെ തൂങ്ങുന്ന വൈദ്യുതവിളക്കു് തെളിക്കപ്പെടും. അപ്പോൾ അതു് ഒരു വെള്ളിവിളക്കുപോലെ ജാജ്വല്യമാനമായി പ്രകാശിക്കും. അതിൻെറ മയൂഖമാലകൾക്കിടയിൽ അദ്ദേഹം ഒരു കനകവിഗ്രഹമായി കാണികൾക്കു് അനുഭവപ്പെടുകയും ചെയ്യും.

പൊതുജനമദ്ധ്യത്തിൽവച്ചുള്ള ഏതു വിവാദങ്ങളിലും അശേഷം ചുളുങ്ങാത്ത ഒരുവനാകുന്നു മോൺ. ഷീൻ. തിയോളജി സംബന്ധിച്ചു് ഡോ: എയിൻസ്റ്റീനുമായുണ്ടായ സംഘട്ടനത്തിൽവച്ചായിരുന്നു "ഹെയ്‌വുഡ്ബ്രൗൺ"മായി അദ്ദേഹം പരിചയപ്പെടുവാനിടയായതു്. ഡോ: എയിൻസ്റ്റീൻ അതിൽവച്ചു് തൻെറ പ്രത്യേകവാദരംഗത്തുനിന്നു നിഷ്ക്രമിക്കാൻ ശ്രമിക്കുകയും ഭൗതികവാദം ഉപേക്ഷിക്കുന്നതായി പ്രഖ്യാപനംചെയ്യുകയും ചെയ്യേണ്ടിവന്നു. ബ്രൗൺ മോൺ. ഷീനിനെ വിമർശിച്ചതിനു് അദ്ദേഹം കണക്കിനു് തിരിച്ചടികൊടുക്കുകയുമുണ്ടായി.

സഭയുടെ സുസ്പഷ്ടവും സമുജ്ജ്വലവുമായ നിലയെ സധീരം പ്രഖ്യാപനം ചെയ്യുന്ന വീരസേനാനിയായ വ്യാഖ്യാതാവെന്നനിലയിൽ അവളുടെ സന്മാർഗ്ഗാധിഷ്ഠിതമായ തത്വബോധനങ്ങളെ റഷ്യ, പോളണ്ടു്, ജർമ്മനി, സ്പെയിൻ, മെക്സിക്കോ എന്നീ രാജ്യങ്ങൾക്കു് അദ്ദേഹം സസൂക്ഷ്മം വെളിപ്പെടുത്തിക്കൊടുക്കുകയും അവളുടെ പേപ്പൽ പദ്ധതികൾ അവിടങ്ങളിൽ പ്രാവർത്തികമാക്കുവാൻ ഉൽബോധിപ്പിക്കുകയും ചെയ്യുകയാണു് അദ്ദേഹത്തിൻെറ നിരന്തരപരിപാടി. നാസിസം, ഫാസിസം, കമ്മ്യൂണിസം എന്നീ ഇസങ്ങൾ ഒരുപോലെ നശീകരണങ്ങളാണെന്നു് മോൺ: ഷീൻ സുവ്യക്തം തുറന്നുകാണിക്കുകയും ചെയ്യുന്നു. ഈ മൂന്നു ഏകാധിപത്യഭാവങ്ങൾക്കും തമ്മിൽ ഭവനഭേദനം, ചെറിയകളവു്, തികഞ്ഞ മോഷണം എന്നിവയ്ക്കു തമ്മിലുള്ള വ്യത്യാസമേയുള്ളു എന്നു് അദ്ദേഹം യുക്തിയുക്തം സ്ഥാപിക്കുന്നതു കാണാൻ നിഷ്പക്ഷബുദ്ധികൾക്കു പ്രയാസമില്ല.

റഷ്യൻ ജനതയോടു് അത്യഗാധമായ സ്നേഹബുദ്ധിയാണു് മോൺ ഷീനിനുള്ളതു്. അവിടത്തെ ഓർത്തഡോക്സ് സഭാവൈദികരും, അൽമേനികളും മററുമായി അടുത്ത സമ്പർക്കത്തിലാണദ്ദേഹം കഴിയുന്നതു്. എങ്കിലും അവിടത്തെ കമ്മ്യൂണിസ്റ്റ്പാർട്ടിയുടേയും ഗവൺമെൻറിൻെറയും ദൃഷ്ടിയിൽ അദ്ദേഹം ഒരു നശീകരശാപമായിട്ടാണു് എണ്ണപ്പെടുക. റഷ്യയുടെ വിപ്ലവാത്മകമായ പ്രകടനങ്ങൾ ഇങ്ങിനിവരാതവണ്ണം അവസാനിച്ചു രണ്ടുകൊല്ലം കഴിയുംവരെ അദ്ദേഹത്തിനു് ന്യൂയോർക്കിൻെറ സ്വന്തം പുരോഗമനപ്രവർത്തനങ്ങളിൽ ശ്രദ്ധചെലുത്താൻ സന്ദർഭമില്ലത്രെ. സാമ്രാജ്യികമായി ലോകം ഒന്നടങ്കം ഒരു പുനർജന്മം ജനിക്കാത്തപക്ഷം പതിനഞ്ചു സംവത്സരങ്ങൾക്കകം റഷ്യയുമായി ഒരു യുദ്ധം നമുക്കു പ്രതീക്ഷിക്കാവുന്നതാണു് എന്നത്രെ അദ്ദേഹത്തിൻെറ സുചിന്തിതമായ അഭിപ്രായം. കമ്മ്യൂണിസത്തെ നിവാരണംചെയ്തുകൊണ്ടുള്ള നവീനവും സുഭഗവുമായ ഒരു ലോകവ്യവസ്ഥിതിക്കായി നമുക്കും അദ്ദേഹത്തിൻെറ കൊടിക്കീഴിൽ അണിനിരക്കാം. ക്രിസ്തുരാജൻ വാഴട്ടെ!


## നറുനീണ്ടിസത്തു്

ഉഷ്ണത്താൽ ഉണ്ടാകുന്ന രക്തദൂഷ്യത്തെ തടയുവാൻ

### ഏററം പററിയ ഔഷധം

രക്തം ഉഷ്ണിക്കാതെ സൂക്ഷിക്കുന്നതാണു ആരോഗ്യത്തിൻെറ ഒരു വലിയ രഹസ്യം എന്നു യാതൊരു വൈദ്യനും പറഞ്ഞുതരാതെ നിങ്ങൾക്കു അറിഞ്ഞുകൂടയോ? രക്തത്തെ ചൂടുപിടിപ്പിച്ചു് ദുഷിപ്പിക്കുന്ന അനേകം സാഹചര്യങ്ങൾ നമുക്കു ദിവസേന നേരിടുന്നുമുണ്ടു്. പരേതനായ ഡോക്ടർ ബ്രദർ നിക്കോസ് അവർകളുടെ നിർദ്ദേശം അനുസരിച്ചു മഞ്ഞുമ്മൽ ആശുപത്രിയിൽ പാകപ്പെടുത്തുന്ന നറുനീണ്ടിസത്തിൻെറ പ്രസിദ്ധി എന്തിലാണെന്നു അറിയാമോ? രക്തദൂഷ്യം നീക്കുവാനും ശരീരത്തിൻെറ ശീതോഷ്ണനിലയെ ശരിയായി സംരക്ഷിക്കുവാനും ഈ നറുനീണ്ടിസത്തിനുള്ള ശക്തി അത്ഭുതകരമാണെന്നു അതു് ഒരിക്കൽ ഉപയോഗിച്ചിട്ടുള്ളവരൊക്കെ സമ്മതിക്കുന്നു. മൂലക്കുരുസ്സിനും, രക്തപിത്തത്തിനും, മൂത്രത്തിലുള്ള ഊറലിനും, ഉഷ്ണത്താൽ രക്തം ദുഷിച്ചുണ്ടാകുന്ന ചൊറി മുതലായതിന്നും പ്രത്യേകം ഉഷ്ണദീനത്തിന്നും ഇതു ഉത്തമൗഷധമാണെന്നു കഴിഞ്ഞ അറുപതിൽപരം വർഷത്തെ അനുഭവം തെളിയിച്ചു കഴിഞ്ഞിരിക്കുന്നു. ഈ അത്ഭുതശക്തിയുടെ രഹസ്യമോ? നറുനീണ്ടിക്കിഴങ്ങിൻെറ ഔഷധാംശം അശേഷം നഷ്ടപ്പെടുത്താതെ അതു് പാകപ്പെടുത്തുന്നു എന്നതുതന്നെ. ഇതാണു മഞ്ഞുമ്മൽ ആശുപത്രിയിലെ നറുനീണ്ടിസത്തിൻെറ വിശേഷത.

| | | |
|---|---|---|
| 24 ഔൺസ് | കുപ്പിക്കു് | 3—8 —0 |
| 18 | „ „ | 2—10—0 |

താഴെപറയുന്ന മേൽവിലാസത്തിൽ ആവശ്യപ്പെടുക:—

മാനേജർ, സെയിൻറ് ജോസഫ്സ് ആശുപത്രി,
മഞ്ഞുമ്മൽ, തിരുവിതാംകൂർ.
or ഡയറക്ടർ, ആസ്പിരൻസ് ഹൗസ്,
ചിററൂർ റോഡ്—എറണാകുളം.


# തട്ടിൻപുറത്തെ ചെകുത്താൻ

(ഫാദർ തോമസ് മണക്കാട്ട്)

അന്നു ഡോൺബോസ്കോ സ്വമാതാവായ മമ്മാമാർഗററുമൊരുമിച്ചു് തങ്ങളുടെ ഒരു ഉററ ബന്ധുവിൻെറ ഭവനത്തിൽ പോയി. ഡോൺബോസ്കോയ്ക്കു് അന്നു 12 വയസ്സിൽ കൂടുതൽ പ്രായമുണ്ടായിരുന്നില്ല. ചുണയും ചൊടിയും നിറഞ്ഞ പ്രകൃതം, ചൈതന്യം തുളുമ്പുന്ന കണ്ണുകൾ, പ്രസാദം പ്രസരിക്കുന്ന കവിൾത്തടങ്ങൾ എന്നിവ ആ ബാലൻെറ വിശേഷഗുണങ്ങളായിരുന്നു. അവർ ബന്ധുഭവനത്തിൽ ചെന്നതു് വിളവെടുപ്പിൻെറ കാലത്തായിരുന്നു. അതിനാൽ ഭാരമേറിയ ആ ജോലികളിൽ അവരെ സഹായിക്കുവാൻ കുറെ ദിവസങ്ങൾ അവിടെ കഴിച്ചുകൂട്ടേണ്ടിവന്നു. അന്നൊരു ദിവസം അത്താഴത്തിനുശേഷം പതിവുപോലെ കുടുംബാംഗങ്ങളെല്ലാവരും ഒരുമിച്ചുചേർന്നു നർമ്മസംഭാഷണങ്ങളിൽ ഏർപ്പെട്ടു. അന്നത്തെ അവരുടെ സംസാരവിഷയം ചെകുത്താനെപ്പററിയും അവൻെറ ഭീകരപ്രവർത്തനങ്ങളെപ്പററിയും ആയിരുന്നു. ബാലനായ ഡോൺബോസ്കോ കഥാശ്രവണത്തിൽ അത്യന്തം ഔത്സുക്യം പ്രദർശിപ്പിച്ചു. ആ ദിവസങ്ങളിൽ ആ ഭവനത്തിൽത്തന്നെ നടന്നുകൊണ്ടിരുന്ന ചില സംഭവങ്ങളെപ്പററി അവരിൽ ഒരാൾ സംഭാഷണം തുടങ്ങി. അവൻ ഇങ്ങനെ ആരംഭിച്ചു. "ഈ ദിവസങ്ങളിൽ നമ്മുടെ ഭവനത്തിൻെറ തട്ടിൻപുറത്തു് ചില ഭീകരശബ്ദങ്ങൾ തുടരെ ഉണ്ടായിക്കൊണ്ടിരിക്കുന്നു. മുമ്പെങ്ങും ഈമാതിരി ശബ്ദങ്ങൾ കേട്ടിരുന്നില്ല. അതു മിക്കവാറും ചെകുത്താൻെറ വേലയാണെന്നാണു് എനിക്കു തോന്നുന്നതു്. അവൻ നമ്മെ ഭയപ്പെടുത്താൻവേണ്ടി തട്ടിൻപുറത്തുകൂടി നടക്കുകയും തട്ടിന്മേൽ വാലിട്ടടിക്കയും ചങ്ങല വലിക്കയും ചെയ്യുന്നതായിരിക്കണം." കഥാശ്രവണത്തിൽ ദത്തശ്രദ്ധനായിരുന്ന ഡോൺബോസ്കോ ഈ അഭിപ്രായം കേട്ട ഉടനെ ശക്തിയായി എതിർത്തു. അവൻ പറഞ്ഞു: "അതു ചെകുത്താനും രാക്ഷസനുമൊന്നുമല്ല. പ്രകൃതിന്യായപ്രകാരമുള്ള എന്തെങ്കിലും സ്വരമായിരിക്കണം. സംശയമുണ്ടെങ്കിൽ നമുക്കു പരീക്ഷിക്കാം..." <br>

ണം. സംശയമുണ്ടെങ്കിൽ നമുക്കു പന്തയം വയ്ക്കാം." അവൻ അവൻെറ വേദപാരജ്ഞാനം വ്യക്തമാക്കി. എന്നാൽ സംഘത്തിലെ മററംഗങ്ങൾ അവൻെറ വാക്കുകൾക്കും വലിയ വിലകല്പിച്ചില്ല. ഉത്തരക്ഷണത്തിൽ മച്ചിൻപുറത്തുനിന്നും ഭയജനകങ്ങളായ ചില ശബ്ദങ്ങൾ പുറപ്പെടുകയും അതു ശ്രവിച്ചതിൽ കുടുംബാംഗങ്ങളെല്ലാവരും പരിഭ്രാന്തചിത്തരായിത്തീരുകയും ചെയ്തു. അതുവരെ ധൈര്യവാക്കുകൾ ഉച്ചരിച്ച ഡോൺബോസ്കോപോലും പെട്ടെന്നു് ഞെട്ടി എന്നിററു. മമ്മാമാർഗററും ആശങ്കാകുലയായി. ആ മഹതി, വിനാവിളംബം സ്വപുത്രൻെറ സമീപെ ചെന്നു് "മകനേ, നമുക്കു സ്ഥലംവിടാം" എന്നു രഹസ്യമായി പറഞ്ഞു. എന്നാൽ നമ്മുടെ ബാലനാകട്ടെ സധീരം സ്വമാതാവിനോടു പറഞ്ഞു: "അമ്മേ! ഞാൻ പോരുന്നില്ല. ആ ശബ്ദം എങ്ങനെ ഉണ്ടാകുന്നു എന്നു് എനിക്കറിയണം." ആ ധീരബാലൻ ദൃഢനിശ്ചയം ചെയ്തു കഴിഞ്ഞു. ആദ്യം അവൻ ഏകാകിയായി ആ ഭയാനകരംഗം പരിശോധിക്കേണ്ടിവരുമെന്നു് വിചാരിച്ചു. എന്നാൽ ധൈര്യപൂർവ്വം അവൻ തട്ടിൻപുറത്തേക്കുള്ള കോണിപ്പടികൾ കയറുവാൻ ആരംഭിച്ചപ്പോൾ കത്തിച്ചതിരികളുമായി മററുള്ളവരും അവനെ അനുഗമിച്ചു. അവൻ തട്ടിൻെറ വാതിൽ മെല്ലെ പൊക്കി. പൊടിനിറഞ്ഞ മച്ചിൻെറ മദ്ധ്യഭാഗത്തായി ഒരു കൊട്ട കമന്നുകിടക്കുന്നതായി കണ്ടു. കൂട്ടത്തിലുണ്ടായിരുന്നവർ ആവേശത്തോടെ അവൻെറ തോളുകൾക്കിടയിൽക്കൂടി അകത്തേക്കു നോക്കി. അപ്പോൾ ആ കൊട്ട അല്പം ഉയർന്നു് അവർ നിൽക്കുന്ന ഭാഗത്തേക്കുതന്നെ നീങ്ങാൻതുടങ്ങി. കോണിപ്പടിയിൽ നിന്നവരെല്ലാം ഭയാകുലരായി പുരസ്കരത്തേക്കു ചാടി. ഡോൺബോസ്കോയും ഒരു കൂട്ടുകാരനും മാത്രം കോണിപ്പടിയിൽ ശേഷിച്ചു. അവൻെറ കൈയിൽ തിരികൊടുത്തിട്ടു് ഡോൺബോസ്കോ തട്ടിനകത്തു പ്രവേശിച്ചു. ആശ്ചര്യം!! അപ്പോൾ മുമ്പുപറഞ്ഞ കൊട്ട വലിയ ശബ്ദത്തോടുകൂടി അവൻെറ നേർക്കു് വീണ്ടും നീങ്ങിവരുന്നു. ഇതു കണ്ടുകൊണ്ടു നിന്നിരുന്ന കൂട്ടുകാരൻ ഉച്ചസ്വരത്തിൽ നിലവിളിച്ചുകൊണ്ടു് കോണിപ്പടിയിൽ നിന്നു താഴെക്കു മറിഞ്ഞു. താഴെ നിന്നവർ ഇതികർത്തവ്യതാമൂഢരായിത്തീർന്നു. ഡോൺബോസ്കോയാകട്ടെ, ധൈര്യസമേതം, "എനിക്കൊരു തിരിതരുവിൻ, എനിക്കൊരു തിരിതരുവിൻ" എന്നു വിളിച്ചുപറഞ്ഞു. വിറയ്ക്കുന്ന കരങ്ങളോടുകൂടി താഴെ നിന്നവരിൽ ഒരാൾ ഒരു തിരികത്തിച്ചു അവൻെറ കൈയിൽ കൊടുത്തു. തിരി തട്ടിൻപുറത്തു ഉറപ്പിച്ചു പതിച്ചശേഷം ശബ്ദഘോഷത്തോടെ നീങ്ങിക്കൊണ്ടിരുന്ന കൊട്ടയുടെ നേർക്കു അവൻ കൈനീട്ടി. അപ്പോൾ എല്ലാവരും പരിഭ്രാന്തിയോടെ വിളിച്ചുപറഞ്ഞു അതിനെ തൊട്ടുപോകരുതെന്നു്. എന്തും വരട്ടെ എന്ന ഭാവത്തിൽ, അവൻ മുമ്പോട്ടുചെന്നു് കൊട്ട പൊക്കി. പ്രായം ചെന്ന ഒരു കോഴിപ്പിട—തട്ടിൻപുറത്തെ ചെകുത്താൻ, വെമ്പലോടെ പുറത്തേക്കു ചാടി. തട്ടിൻപുറത്തെ ആ ചെകുത്താനെക്കണ്ടു് എല്ലാവരും കൈകൊട്ടിച്ചിരിച്ചു. ഒരിക്കൽ നെല്ലിരുന്ന ആ കൊട്ടയിലെ നെന്മണികൾ കൊത്തിപ്പെറുക്കുവാൻ അതിൻെറ വക്കിൽ കയറവേ, കൊട്ട

ചെറുകഥ

# മുതലാളി

(K. L.)

ആലപ്പുഴെ ജനസമ്മതരായമുതലാളിമാർ വളരെയുണ്ടെങ്കിലും വർഗ്ഗീസുമുതലാളിയാണ് അവരിൽ മികച്ചുനില്ക്കുന്നതു്. മുതലാളിയെ അറിയാത്തവർ അവിടെയെങ്ങും ഇല്ലെന്നുതന്നെ പറയാം. എന്തെങ്കിലും സഹായങ്ങൾ മുതലാളിയിൽനിന്നു് സ്വീകരിച്ചിട്ടില്ലാത്തവരും വിരളമാണ്.

ഒരൊന്നാന്തരം കയർഫാക്‌റററി മുതലാളിയുടെ സ്വന്തമായുണ്ടു്. പല വ്യവസായസ്ഥാപനങ്ങളിലും അയാൾക്കു് ഷയറുമുണ്ടു്. മുതലാളിയുടെ ഫാക്‌റററിയുടെ ഒരു പ്രത്യേകതയാണ് അവിടെ ഇന്നുവരെ ഒരൊററ പണിമുടക്കു പോലും നടന്നിട്ടില്ലെന്നുള്ളതു്. മററുള്ള ഫാക്‌റററികളിൽ പണിമുടക്കു് നടന്നു് ഫാക്‌റററി പൂട്ടിയിരുന്ന അവസരത്തിലും വർഗ്ഗീസുമുതലാളിയുടെ ഫാക്‌റററിയിൽ മുറയ്ക്കു പ്രവൎത്തനം നടന്നുകൊണ്ടുതന്നെയിരുന്നു. പള്ളിക്കൂടംകണ്ടിട്ടില്ലാത്ത ആ മുതലാളിയുടെ ഫാക്‌റററിയിൽനിന്നു് എത്രയെത്ര അഭ്യസ്തവിദ്യരാണ് ശമ്പളം പററിക്കൊണ്ടു് ഉപജീവനം കഴിക്കുന്നതു്. എത്രയോപേരാണ് അദ്ദേഹത്തിൻെറ ആജ്ഞ സ്വീകരിക്കുവാൻ വെമ്പൽപൂണ്ടു നില്ക്കുന്നതു്.

ഒരു വൈകുന്നേരം മുതലാളി ഏതാനും ക്ലാക്കന്മാരോടുകൂടി എന്തോ ഗൗരവതരമായകാര്യങ്ങളെപ്പററി ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ദൂരെ എന്തൊ ഒരു ശബ്ദം. മുതലാളി ചെവി വട്ടം പിടിച്ചു. ശബ്ദം തുടർന്നുകൊണ്ടിരിക്കുകയാണ്.

"എന്താണൊരു ശബ്ദം?" മുതലാളി ചോദിച്ചു.

"ആരൊ ഇങ്ക്വിലാബ്ബും വിളിച്ചുകൊണ്ടു പോകയാണെന്നു തോന്നുന്നു."ഒരു ക്ലാക്കാണു പറഞ്ഞതു്.

ഒരു വലിയ ജനക്കൂട്ടം. ഒരു ജാഥാതന്നെ. എല്ലാവരുടെ കൈയിലും ചുവന്ന കൊടിയുണ്ടു്. ചെവി തകരുമാറുള്ള ആരവം. ഒരു മദ്ധ്യവയസ്കൻ ജാഥാ നയിക്കുന്നു ചെങ്കൊടിയും പേറിക്കൊണ്ടു്.

ഒരു ക്ലാക്കു പറഞ്ഞു, "അവരെവിടെയെങ്കിലും വല്ല യോഗം കൂടാനോ പണിമുടക്കു നടത്താനോമററോ പോവുകയാണ്."

അവരുടെയെല്ലാം പ്രതീക്ഷയ്ക്കു വിരുദ്ധമായി ആ ജാഥാ വർഗ്ഗീസുമുതലാളിയുടെ "ഐക്യകേരള കയർഫാക്‌റററി" യിലേക്കാണു പ്രവേശിച്ചതു്.

നേതാവു് ആക്രോശിച്ചു:

"ഇങ്ക്വിലാബ്ബ്"

"സിന്ദാബാദു്"

"ആയിരം രൂപാ"

"ഞങ്ങളെ ഏല്പിക്കണം"

"തന്നില്ലെങ്കിൽ"

"വാങ്ങിക്കും"

"ഓഹോ ആ റപ്പായേലുചേട്ടനാണല്ലോ നേതാവു്." ഒരാൾ മുതലാളിയോടു പറഞ്ഞു.

"റപ്പായേലോ?"

നേതാവു് ആഗമനോദ്ദേശ്യം അറിയിച്ചു. "ഹേ! ഞങ്ങൾക്കു് ഒരായിരം രൂപാ തരണം. തന്നില്ലെങ്കിൽ .........പിന്നത്തെ കാര്യം പറയാതെതന്നെ അറിയാമല്ലോ."

"തന്നില്ലെങ്കിൽ ഞങ്ങൾ വാങ്ങിക്കും." ഒരുത്തൻ ശക്തികൂട്ടി.

"എന്തു്! ആയിരം രൂപാ!" രണ്ടാം നിലയിൽ നിന്ന മുതലാളിയുടെ കണ്ണുകൾ വട്ടച്ചുപോയി.

"അതെ ആയിരം രൂപാ. ഞങ്ങൾ കൂടുതലൊന്നും ചോദിക്കുന്നില്ല." എന്തൊ വലിയ ഔദാര്യംപോലെ.

എന്താണു സംഭവിക്കുവാൻ പോകുന്നതെന്നു് അറിയാതെ മുതലാളി കുഴങ്ങി. പോലീസിനു ഫോൺ ചെയ്യുകയോ? "വരട്ടെ" എന്നയാൾ നിശ്ചയിച്ചു. ഉപായങ്ങൾ പലതുണ്ടല്ലോ. വരുന്നവർക്കൊക്കെ രൂപാ കൊടുക്കുക എന്നുള്ളതു് നടപ്പില്ലാത്ത കാര്യം. അയാൾ ധൈര്യമവലംബിച്ചു. താഴത്തേക്കിറങ്ങി നേതാവിനെ സമീപിച്ചു.

"നിങ്ങൾ എന്താണ് ആവശ്യപ്പെടുന്നതു്?"

"കേട്ടില്ലേ—ഞങ്ങൾക്കു് ആയിരം രൂപാ വേണം. ഞങ്ങൾക്കാർക്കും ജോലി ഇല്ലാതായിട്ടു് കുറച്ചു നാളായി. അതുകൊണ്ടു് ഞങ്ങളെ പട്ടിണിയിൽനിന്നു രക്ഷിക്കേണ്ടതു് നിങ്ങളെപ്പോലുള്ളവരുടെ ചുമതലയാണ്."

"ഞാൻ പറഞ്ഞിട്ടാണെന്നു തോന്നുന്നു നിങ്ങൾ പണിമുടക്കി ജോലിയില്ലാതാക്കിയതു്."

"ഈ തത്വമൊന്നും കേൾക്കാൻവന്നവരല്ല ഞങ്ങളെന്നു് നിങ്ങൾക്കു് അറിയാൻമേലേ?"

"ഞങ്ങൾക്കു സമയം പോകുന്നു. വേഗം തന്നേക്കണം." ഒരു ശുണ്ഠി വിളിച്ചു പറഞ്ഞു ലജ്ജയില്ലാതെ.

"നിങ്ങളുടെ നേതാവല്ലേ റപ്പായേൽ?" വർഗ്ഗീസുമുതലാളി ചോദിച്ചു.

"അതെ. ഞങ്ങളുടെ നേതാവാണ്." ജനക്കൂട്ടത്തിൽനിന്നും ശബ്ദമുയന്നു.

"എന്നാൽ റപ്പായേലിനെ ഏല്പിച്ചാൽ മതിയല്ലോ."

അതിനു സമ്മതം മൂളൽ പെട്ടെന്നുണ്ടായില്ല; അല്പം കഴിഞ്ഞപ്പോൾ ആരോ ചിലർ "അതുമതിയേ" എന്നു വിളിച്ചു പറഞ്ഞതല്ലാതെ.


For favours received.



C. J. K.
Kanjirapally


"എന്നാൽ നിങ്ങൾക്കു പോകാം." മുതലാളി പറഞ്ഞു.

"സഖാവേ! വേഗം വാങ്ങിച്ചുകൊണ്ടുവരണം." ഒരാൾ വിളിച്ചുപറഞ്ഞു. കുറച്ചുപേരവിടെ ചുററിപ്പററിനിന്നു.

മുതലാളി ചോദിച്ചു. "നിങ്ങൾക്കു് നിങ്ങളുടെ നേതാവിനെ വിശ്വാസമില്ലേ?"

അവക്കു് ഉത്തരമൊന്നുമില്ലായിരുന്നു. അല്പം കഴിഞ്ഞപ്പോൾ അവരുടെയിടയിൽനിന്നും ഒരു ചോദ്യമുയന്നു, "ഞങ്ങൾക്കിവിടെ നില്ക്കാൻ മേലേ" എന്നു്.

"അതെന്തിനു്? വിശ്വസ്തനായ നിങ്ങളുടെ നേതാവല്ലേ ഇവിടെയുള്ളതു്?" അവരുടെ ഉത്തരം നേരത്തെതന്നെ തീന്നുപോയതാണ്. അവക്കു പോകാതെ ഗത്യന്തരമില്ലെന്നായി. അവർ കണ്ണുകാണിച്ചു നേതാവിനോടു്, "ഞങ്ങൾ അടുത്തുതന്നെ ഉണ്ടു്" എന്നു്.

മുതലാളി റപ്പായേലിനെ വരാന്തയിൽ കിടന്ന ബെഞ്ചിൽ നിർബന്ധിച്ചിരുത്തി. അയാളും കൂടെയിരുന്നു. റപ്പായേലിനു തോന്നി തൻെറ നില അപകടമുള്ളതാണെന്നു്. അയാൾ ചോദിച്ചു:

"എന്താ എന്നെ പോലീസിൽ ഏല്പിക്കാൻ വല്ല ഉദ്ദേശ്യവും ഉണ്ടോ?"

"അങ്ങനെയാണെങ്കിൽ ഇത്ര രഹസ്യമായി വേണമെന്നുണ്ടോ? ഫോൺ ചെയ്തിരുന്നെങ്കിൽ അവർ വന്നു നിങ്ങളെ പിരിച്ചുവിടുമായിരുന്നു. എന്നാൽ എൻെറ ഉദ്ദേശം അതല്ല. എനിക്കു ചിലതൊക്കെ പറയുവാനുണ്ടു് റപ്പായേലിനോടു്. റപ്പായേലേ, ഓക്കുന്നുണ്ടോ പണ്ടത്തെ ചരിത്രമൊക്കെ?"

"എന്തു ചരിത്രമാണ് ഓക്കാനുള്ളതു്?" അയാൾക്കു മനസ്സിലായില്ല മുതലാളി പറഞ്ഞതു്.

"നമ്മൾ എന്നാണ് ആദ്യം പരിചയപ്പെട്ടതെന്നു് അറിയാമോ?"

"ഞാനതൊക്കെ മറന്നുപോയെന്നു തോന്നുന്നു. എന്തിനാണതൊക്കെ ഓത്തുകൊണ്ടിരിക്കുന്നതു്?"

"ഞാനതൊന്നും മറന്നിട്ടില്ല." മുതലാളി പറഞ്ഞു. "മറക്കുകയുമില്ലെന്നു തോന്നുന്നു. റപ്പായേൽ ഒരു മുപ്പതുകൊല്ലംമുമ്പു് ആ രാവുത്തരുടെ കയർഫാക്ടറിയിൽ ജോലിചെയ്തിരുന്നതായിട്ടു് ഓക്കുന്നില്ലേ?"

"ഉണ്ടു്."

"അന്നു നിങ്ങൾക്കു് ഒരു പതിനെട്ടു വയസ്സു കാണണം. അപ്പോഴാണ് ഞാനാ ഫാക്ടറിയിൽ ജോലിക്കു ചെന്നതു്. ഓക്കുന്നുണ്ടായിരിക്കുമല്ലോ?"

"ഉം. ഒരുമാതിരി."

"തനിക്കു് അന്നു ജോലിചെയ്യുവാൻ നന്നായറിയാമായിരുന്നു. എനിക്കാകട്ടെ ജോലിചെയ്യുവാൻ വല്യ സാമത്ഥ്യമൊന്നുമില്ലായിരുന്നു. റപ്പായേലുതന്നെ പലപ്രാവശ്യം ഓരോന്നു പറഞ്ഞുതന്നിട്ടുണ്ടല്ലോ."

"ശരിയാണ്."

"ഞാൻ ജോലിചെയ്യുവാൻ പഠിച്ചിട്ടും വൃത്തിയായും ബലമായും ഉണ്ടാക്കാൻ എനിക്കു വാസനയില്ലായിരുന്നു. "നിററാ"യിട്ടു് കൂടുതൽ ജോലിചെയ്തതിനു് മുതലാളി പലപ്പോഴും റപ്പായേലിനു പണം തന്നിട്ടില്ലേ?"

"ഉണ്ടെന്നു തോന്നുന്നു."

"തോന്നലല്ല. കൂലിതന്നെ എന്നെക്കാൾ വളരെ കൂടുതൽ തനിക്കു് അന്നു കിട്ടിയിരുന്നു. അന്നവിടെ ചെറുപ്പക്കാരിൽവച്ചു് മികച്ച ജോലിക്കാരനായിരുന്നു നിങ്ങൾ. ഞാനന്നു പറഞ്ഞിട്ടില്ലേ കൂടുതൽ കിട്ടുന്നതും വെറുതെ കിട്ടുന്നതുമൊക്കെ ഒന്നു സൂക്ഷിച്ചുവയ്ക്കണമെന്നു്. ഓക്കുന്നില്ലേ? ഞാൻ ആ രാവുത്തരുടെ ഫാക്ടറിയിൽ ആറുകൊല്ലത്തോളം ജോലിചെയ്തു. എനിക്കു് ഒരിക്കൽപ്പോലും റപ്പായേൽ വാങ്ങിച്ചപോലെ കൂലി വാങ്ങിക്കാൻ സാധിച്ചിട്ടില്ല. എന്നെക്കാൾ ഒരുകൊല്ലമെങ്കിലും കൂടുതൽ നിങ്ങൾ അവിടെ ജോലിചെയ്തുകാണണം. ശരിയല്ലേ?"

റപ്പായേലിൻെറ മുഖം ആകപ്പാടെ മ്ളാനമാകുവാൻ തുടങ്ങി.

"ഞാൻ അവിടെ ചേന്നു് ആറുകൊല്ലം കഴിഞ്ഞപ്പോഴാണ് അതു നിന്നുപോയതു്. അന്നു് എൻെറ കൈവശം ഒരു ചെറിയ തുക സമ്പാദ്യമുണ്ടായിരുന്നു. ഞാൻ റപ്പായേലിനോടു് പറഞ്ഞിട്ടുണ്ടല്ലോ കൂടുതൽ കിട്ടുന്ന തുകയെങ്കിലും സമ്പാദിക്കണമെന്നു്. പക്ഷെ "അടുത്തമാസം മുതല്ക്കാകട്ടെ, അടുത്ത ആഴ്ച മുതല്ക്കാകട്ടെ" എന്നാണ് എന്നോടു പറഞ്ഞിട്ടുള്ളതു്. ആ ചക്രമെല്ലാം ചായക്കടയിലും മററും ചെലവാക്കുകയല്ലേ ചെയ്തതു്? ആ എൻെറ സമ്പാദ്യം ഞാൻ ബാങ്കിലിട്ടകാര്യവും മററും ഞാൻ നിങ്ങളോടു് പറഞ്ഞിട്ടുണ്ടു്. ആ ഫാക്ടറി അവസാനിച്ചുകഴിഞ്ഞു് നമ്മൾ പല സ്ഥലത്തും ജോലിനോക്കി. അങ്ങനെ നാലുകൊല്ലത്തോളം നമ്മൾ പല ഫാക്ടറികളിലും ജോലിചെയ്തു. അതുകഴിഞ്ഞാണ് എൻെറ കൈയിലുണ്ടായിരുന്ന പണമെല്ലാംകൊണ്ടു് ഞാനൊരു ഫാക്ടറിയിൽ ഏതാനും ഷെയറെടുത്തതു്. എന്നിട്ടും റപ്പായേലിനു് വല്ലതും സമ്പാദ്യമുണ്ടായിരുന്നോ?"

റപ്പായേൽ എന്തുപറയുവാനാണ്. അയാൾക്കു മനസ്സിലായി തന്നെ ആകപ്പാടെ വട്ടത്തിലാക്കിയെന്നു്.

"അതുകഴിഞ്ഞു് ഞാൻ ആ സായിപ്പിൻെറ ഫാക്ടറിയിൽ ചേന്നു. നമ്മൾ മിക്കവാറും ഒരു വർഷത്തിൽതന്നെയായിരിക്കണം അവിടെ ചേന്നതു്. അവിടെ അഞ്ചുവർഷം ഞാൻ ജോലിചെയ്തു. അതിനിടയ്ക്കു് താൻ ഒന്നുരണ്ടു പ്രാവശ്യം അവിടെനിന്നും മാറി വേറെ സ്ഥലത്തു ജോലിചെയ്തെന്നു തോന്നുന്നു. എൻെറ ഓമ്മ ശരിയല്ലേ?"

നേതാവു് പരിപൂണ്ണമൗനം അവലംബിച്ചിരിക്കുകയാണ്.

"ഒടുവിൽ സായ്പു് ഫാക്ടറി നിറുത്തി നാട്ടിലേക്കു പോയപ്പോൾ നിങ്ങൾ ഭാഗ്യത്തിനു് അവിടെത്തന്നെ ഉണ്ടായിരുന്നു. ഓരോ ജോലിക്കാരനും സാമത്ഥ്യമനുസരിച്ചു് ഓരോ സംഭാവന ചെയ്ത കൂട്ടത്തിൽ തനിക്കു കിട്ടിയതു് എന്നെക്കാൾ കൂടുതലായിരുന്നു.

"അക്കൊല്ലമായിരുന്നു ഞാൻ തനിയെ ഒരു ചെറിയ ഫാക്ടറി ആരംഭിച്ചതു്. അപ്പോൾ നിങ്ങളുടെ സമ്പാദ്യമെല്ലാം ചായക്കടകളിലും കള്ളുഷാപ്പുകളിലുമായിരുന്നു അല്ലേ? ഞാൻ പറയുന്നതിൽ നീരസം വല്ലതും ഉണ്ടോ?"

"നീരസമൊന്നുമില്ല. പിന്നെന്തിനാ അതൊക്കെപ്പറഞ്ഞു് നേരം കളയുന്നതു്?"

"അങ്ങനെ ഞാൻ ഈ പ്രസ്ഥാനം തുടങ്ങിയിട്ടു് പതിനഞ്ചുവത്സരമായി. എനിക്കു് ന്യായമായ ലാഭം കിട്ടിയിട്ടുണ്ടു്; ഇപ്പോൾ കിട്ടുന്നുമുണ്ടു്. ഇതാണു നമ്മുടെ ചരിത്രം. എനിക്കു് കുറച്ചു പണമുണ്ടായെങ്കിൽ അതു ഞാൻ നേരത്തെ ശ്രമിച്ചതിൻെറ ഫലമാണ്. തനിക്കറിയാമല്ലോ. 'ഞാൻ വല്ലവരെയും അന്യായമായി ഉപദ്രവിച്ചു് പണം സമ്പാദിച്ചിട്ടുള്ളതായി ഒരൊററ ഉദാഹരണം പറയാമോ?

"ആക്കും സാധിക്കുകയില്ലെന്നു് എനിക്കറിയാം. നിങ്ങൾ ചെറുപ്പത്തിൽ പണം ചെലവാക്കി സുഖിച്ചപ്പോൾ ഞാൻ ഒരുതരത്തിൽ ജീവിച്ചു് കുറച്ചെല്ലാം മിച്ചം വരുത്തുവാൻ ശ്രമിക്കുകയായിരുന്നു. നമ്മൾ ജോലിചെയ്ത അവസരങ്ങളിലെല്ലാം കൂലി കൂടുതൽ കിട്ടിയിരുന്നതു് നിങ്ങൾക്കാണ്. സ്നേഹിതൻ അല്പം ഒന്നാലോചിച്ചുനോക്കിക്കെ; ഞാൻ പറഞ്ഞതു വാസ്തവമാണോയെന്നു്.

"ഇപ്പോഴും സ്നേഹിതൻ പണ്ടത്തെപ്പോലെതന്നെ ഒരു തൊഴിലാളിയാണ്. നിങ്ങളുടെ നില അഭിവൃദ്ധിപ്പെടാത്തതിൻെറ കുററം മററുള്ളവക്കല്ലല്ലോ. അങ്ങനെയുള്ള റപ്പായേലും കൂട്ടരുമാണ് എന്നെ ഭീഷണിപ്പെടുത്തുവാൻ വന്നതു്. ഇപ്പോൾ മനസ്സിലായല്ലോ നിങ്ങളുടെ പക്ഷത്തിലെ വീഴ്ചകൾ.

"അതുകൊണ്ടു് ഇനിയുമെങ്കിലും ഒന്നു നന്നായി ജീവിച്ചാൽ കൊള്ളാം. എനിക്കു കൊള്ളാമെന്നല്ല പറഞ്ഞതു്. നിങ്ങൾക്കുതന്നെ കൊള്ളാം. ഈ നിലയിലായതിൽപ്പിന്നെ പലപ്പോഴും ഞാൻ നിങ്ങളെ ഓരോ കാര്യത്തിൽ സഹായിച്ചിട്ടുണ്ടല്ലോ. വാസ്തവം പറഞ്ഞാൽ അങ്ങനെ സഹായിക്കേണ്ടയാതൊരാവശ്യവും സ്നേഹിതനില്ലായിരുന്നു. ഇപ്പോഴും ഇല്ല.

"അതുകൊണ്ടു് നിങ്ങൾ കൂട്ടംകൂടിവന്നു ചോദിച്ചതു് വെറും മൗഢ്യമായിപ്പോയി. സ്നേഹിതൻ ദയവായി അങ്ങനെയുള്ള കൂട്ടുകാരെ ഉപേക്ഷിക്കണം. അവനവൻെറ കാര്യം നോക്കി ജീവിക്കണം. താൻ വേലചെയ്താൽ തനിക്കു സുഖമായി ജീവിക്കാം. മററുള്ളവർ നമുക്കു് ഒന്നും തരുകയില്ല. അതുകൊണ്ടു് സ്നേഹിതൻ ഈ പണിമുടക്കെല്ലാം ഉപേക്ഷിക്കണം. മനസ്സുണ്ടെങ്കിൽ ഇവിടെത്തന്നെ എന്തെങ്കിലും ജോലിചെയ്തു ജീവിക്കാം. ബാക്കി കാര്യങ്ങൾ മനസ്സുപോലെ."

അവരുടെ നിഴലുകൾ വളരെയധികം നീണ്ടു് അവ്യക്തമായതു് അവർ അറിഞ്ഞതേയില്ലായിരിക്കാം.

റപ്പായേൽ പറഞ്ഞു:

"സ്നേഹിതൻ പറഞ്ഞതൊക്കെ ശരിയാണ്. ഞാൻ ഇനി ഒരു പണിമുടക്കിനും പോണില്ല. പണിമുടക്കിയാൽ പട്ടിണികിടക്കുന്നതു് വീട്ടുകാരും ഞാനും. മററുള്ളവർ പ്രസംഗിക്കുകയേയുള്ളു."

അതുകൊണ്ടു് നാളെമുതൽ ഇവിടെത്തന്നെ വന്നേക്കാം ജോലിക്കു്. എന്നാൽ ഞാൻ പോകട്ടെ."

"എന്നാൽ അങ്ങനെയാകട്ടെ."

"വളരെ ഉപകാരം."

മറിഞ്ഞടിയിലായ കോഴിപ്പിട അനേകദിവസത്തെ തടവിനുശേഷം മോചിതയും ലജ്ജിതയുമായി തട്ടിൻപുറത്തെ ഇരുളിൽ വീണ്ടും മറഞ്ഞു. അസാധാരണമായി എന്തെങ്കിലും ഒരു ശബ്ദം കേട്ടാൽ, യാദൃച്ഛികമായി ഒരു സുഖക്കേടുണ്ടായാൽ പിശാചിനെ പഴിപറയുന്ന കൂട്ടക്കു് ഇതൊന്നാംതരം ഒരു പാഠമായിരിക്കും!

ബോസ്കോബാലരംഗം

# പള്ളിയിൽ പെരുമാറേണ്ടതെങ്ങനെ?

പ്രിയകുഞ്ഞുങ്ങളേ,

നോമ്പുകാലം അങ്ങനെ മുന്നോട്ടു നീങ്ങുകയാണ്. പള്ളിയിൽപോയി കുർബാന കാണുന്നതിലും മററും കുഞ്ഞുമക്കൾ മുമ്പിലത്തെക്കാൾ ഉത്സാഹം പ്രദർശിപ്പിക്കുന്നുണ്ടെന്നാണു വല്യച്ചന്റെ വിശ്വാസം. കുട്ടികൾ പള്ളിയിൽ പെരുമാറുന്ന വിധത്തെപ്പററി പലപ്പോഴും വലിയ ആളുകൾ പരാതിപ്പെടാറുണ്ടു്. ആയതുകൊണ്ടു് പള്ളിയിൽ വർത്തിക്കേണ്ടതു് എങ്ങനെയെന്നതിനെപ്പററി ഈ പ്രാവശ്യം രണ്ടുവാക്കു പറയാമെന്നു വിചാരിക്കുന്നു.

"രണ്ടുപേർ പ്രാർത്ഥിക്കുന്നതിനായി ദേവാലയത്തിൽപോയി" എന്നു പറഞ്ഞുകൊണ്ടാണു ദിവ്യരക്ഷകൻ "പ്രീശന്റെയും ചുങ്കക്കാരന്റെയും ഉപമ" ആരംഭിക്കുന്നതു്. എന്തിനായിട്ടാണു ദേവാലയത്തിൽ പോകുന്നതു്? പ്രാർത്ഥിക്കാൻ. യരുശലേം ദേവാലയത്തിൽ ക്രയവിക്രയം ചെയ്തിരുന്നവരെ അടിച്ചോടിച്ചപ്പോഴും ഈശോ ഇപ്രകാരം അരുളിച്ചെയ്തു: "എന്റെ ഭവനം പ്രാർത്ഥനാലയമാകുന്നുവെന്നു എഴുതപ്പെട്ടിരിക്കുന്നു." ഏശയ്യാ ദീർഘദർശിയുടെയും ജറമിയാസ് ദീർഘദർശിയുടേയും പ്രവചനങ്ങളിലുള്ള ഒരു വാക്യമാണതു്. മേൽപ്പറഞ്ഞതിൽനിന്നു്, ദേവാലയത്തിൽ ചെന്നാൽ നാം നിർവ്വഹിക്കേണ്ട ഏററവും പ്രധാനപ്പെട്ടകാര്യം പ്രാർത്ഥനയാണെന്നു മനസ്സിലാക്കാമല്ലോ. കൂട്ടുകാരെ കണ്ടു സംസാരിക്കുന്നതിനോ ഞോണ്ടിക്കളിക്കുന്നതിനോ അല്ല പള്ളിയിൽ പോകുന്നതെന്നു സദാ ഓർത്തിരിക്കേണ്ടതാണു്.

നല്ലപോലെ പ്രാർത്ഥിക്കുന്നതിനു് ആന്തരികവും ബാഹ്യവുമായ ശ്രദ്ധ ആവശ്യമായിരിക്കുന്നു. ബോധയടക്കം പാലിച്ചുകൊണ്ടു മനസ്സിനെ ദൈവത്തിന്റെ പക്കലേക്കു ഉയർത്തുന്നതിലാണു് ആന്തരികമായ ശ്രദ്ധ അടങ്ങിയിരിക്കുന്നതു്. പള്ളിയിൽ പ്രവേശിക്കുമ്പോൾ മററു ചിന്തകളെല്ലാം പുറമെ നിർത്തണം. അവയോടു് പറയണം: "നിങ്ങളിവിടെ നില്ക്കുക. ഞാൻ എന്റെ ദൈവത്തോടു് സംസാരിക്കാൻ പോകയാണു്. നിങ്ങളെന്നെ അലട്ടരുതു്." അങ്ങനെയൊക്കെ പറഞ്ഞുകൊണ്ടു് തുടങ്ങിയാലും ഇടയ്ക്കിടയ്ക്കു മറേറാരോരോ കാര്യങ്ങൾ ഓർമ്മയിൽവന്നുകൊണ്ടിരിക്കും. ഇന്നലെ കളിയിൽ തോററതു്, ഈ ദിവസം എവിടെപ്പോയാണു കളിക്കേണ്ടതു്, നാളത്തെ പരീക്ഷ, ഇന്നു ലഭിക്കുവാൻപോകുന്ന ഭക്ഷണം ഇങ്ങനെ എത്രയോ കാര്യങ്ങളാണു മനസ്സിന്റെ ഏകാഗ്രതയെ ഭഞ്ജിക്കാൻ ശ്രമിക്കുന്നതു്! പക്ഷെ അവ തലപൊക്കിത്തുടങ്ങുമ്പോൾ അവയെ മനസ്സിൽനിന്നു തള്ളിക്കളഞ്ഞുകൊണ്ടു് പ്രാർത്ഥനയുടെ വിഷയത്തിൽത്തന്നെ ശ്രദ്ധ കേന്ദ്രീകരിക്കണം. നമ്മെ അലട്ടിക്കൊണ്ടിരിക്കുന്ന കാര്യങ്ങളിൽ വിജയം ലഭിക്കുന്നതിനുവേണ്ട ദൈവസഹായം ലഭിക്കുന്നതിനായി പ്രാർത്ഥനയെ നിയോഗിക്കുന്നതും പല വിചാരങ്ങളെ നേരിടുന്നതിനുള്ള ഒരുള്ളുപായമാണു്. ഉദാഹരണമായി, നാളത്തെ പരീക്ഷയുടെ വിചാരമാണു് തോമസിനെ അലട്ടുന്നതെന്നു വിചാരിക്കുക. "എന്റെ പരീക്ഷയിൽ വിജയം കിട്ടുന്നതിനായി എന്റെ ദൈവമേ! എന്നെ സഹായിക്കണമെ" എന്നു പറഞ്ഞുകൊണ്ടു് അവനു അവന്റെ ജപങ്ങൾ കാഴ്ചവയ്ക്കാവുന്നതാണു്.

പ്രാർത്ഥിക്കുമ്പോൾ മനസ്സിനെ ദൈവത്തിന്റെ പക്കലേക്കു ഉയർത്തണമെന്നു പറഞ്ഞല്ലോ. അതെങ്ങനെയാണു ചെയ്യേണ്ടതെന്നു വിശദമാക്കാം. ആദ്യമേതന്നെ, ദൈവസാന്നിദ്ധ്യസ്മരണ നവീകരിക്കുക. അതായതു്, ദൈവത്തിന്റെ മുമ്പിലാണു മുട്ടുകുത്തി നില്ക്കുന്നതു് എന്നോർക്കുക. ദൈവം എല്ലായിടത്തും സന്നിഹിതനാണു്. വിശിഷ്യ, നമ്മുടെ കർത്താവീശോമിശിഹാ തന്റെ ദൈവസ്വഭാവത്തോടും മനുഷ്യസ്വഭാവത്തോടുംകൂടി സക്രാരിയിൽ എഴുന്നള്ളിയിരിപ്പുണ്ടു്. ആകയാൽ അവിടുത്തെമുമ്പിൽ എത്ര ഭയഭക്തിവണക്കത്തോടുകൂടിയാണ നാം വർത്തിക്കേണ്ടതു്! അവിടുത്തെ സർവ്വാധിപത്യത്തേയും നമ്മുടെ ഇല്ലായ്മയേയും ഏററുപറഞ്ഞുകൊണ്ടു് വിനീതമനസ്കരായിവേണം നമ്മുടെ പ്രാർത്ഥന ആരംഭിക്കുവാൻ. അനന്തരം ഒരു ഭിക്ഷു രാജാവിന്റെപക്കൽ തന്റെ ആവശ്യങ്ങൾ ഉണർത്തിക്കുന്നതുപോലെ, എളിമയോടുകൂടി ദൈവസമക്ഷം നമ്മുടെ യാചനകൾ സമർപ്പിക്കണം. മനസ്സിന്റെ ഈ വിധേയത്വത്തിലും സ്വയസമർപ്പണത്തിലുമാണു യഥാർത്ഥമായ പ്രാർത്ഥനാരൂപി അടങ്ങിയിരിക്കുന്നതു്.

ആർസിലെ വികാരിയായിരുന്ന വി. ജോൺ മേരി വിയാന്നിയുടെ ചരിത്രത്തിൽ ഒരു സാധുതൊഴിലാളിയുടെ കാര്യം പറയുന്നുണ്ടു്. അയാൾ ജോലിസ്ഥലത്തുനിന്നു മടങ്ങുംവഴി, ദേവാലയസന്ദർശനം നടത്തുന്നതിനായി വരുമായിരുന്നു. ഉപകരണങ്ങളെല്ലാം വാതില്ക്കൽ വച്ചശേഷം അയാൾ ദേവാലയത്തിൽ പ്രവേശിക്കയും ദീർഘനേരം സക്രാരിയിലേക്കു നോക്കിക്കൊണ്ടു് മുട്ടുകുത്തി നില്ക്കുകയും ചെയ്യുമായിരുന്നു. അയാളുടെ ചുണ്ടനങ്ങുന്നതായി വിശുദ്ധനൊരിക്കലും കാണാൻ കഴിഞ്ഞിട്ടില്ലായിരുന്നു. ആകയാൽ അദ്ദേഹമൊരിക്കൽ ആ മനുഷ്യനെ വിളിച്ചു ചോദിച്ചു: "സഹോദരൻ ദേവാലയത്തിൽ ചെന്നിട്ടു എന്തു ചെയ്യുകയാണു്? നിങ്ങളുടെ ചുണ്ടനങ്ങുന്നില്ലല്ലോ?" അതിനയാൾ മറുപടി പറഞ്ഞു: "എന്റെ പിതാവേ! ഞാൻ എഴുത്തും വായനയുമൊന്നും പഠിച്ചിട്ടില്ല. എനിക്കു പ്രാർത്ഥിക്കാനൊന്നും അറിഞ്ഞുകൂടാ. ആകയാൽ ഞാൻ സക്രാരിയുടെ അടുത്തു മുട്ടുകുത്തി കർത്താവിനെ നോക്കും. കർത്താവെന്നെയും നോക്കും. എനിക്കതുമതി" അയാൾ അധരങ്ങൾകൊണ്ടു പ്രാർത്ഥന ഉരുവിട്ടിരുന്നില്ലെങ്കിലും, അയാൾക്കു് അഗാധമായ പ്രാർത്ഥനാരൂപി ഉണ്ടായിരുന്നു. അതേ പ്രാർത്ഥനാരൂപി സമ്പാദിക്കാനാണു് നാം ശ്രമിക്കേണ്ടതു.

ആ അന്തരീക്ഷം ശരീരത്തിന്റെ ചേഷ്ടകളിലും പ്രതിഫലിക്കണം. അതിലാണു പ്രാർത്ഥനയ്ക്കാവശ്യമായ ബാഹ്യശ്രദ്ധ അടങ്ങിയിരിക്കുന്നതു്. ഒരാൾ ദേവാലയത്തിൽ നടക്കുകയും ഇരിക്കുകയും മററും ചെയ്യുന്ന വിധം കണ്ടാൽ അയാൾക്കു യഥാർത്ഥമായ പ്രാർത്ഥനാരൂപി ഉണ്ടോ എന്നു മനസ്സിലാക്കാൻ സാധിക്കും. പ്രിയ കുഞ്ഞുങ്ങളേ, നിങ്ങൾ എല്ലാവർക്കും മാതൃകയായിരിക്കേണ്ടവരാണു്. ആകയാൽ നിങ്ങൾക്കു് ചില പ്രായോഗിക നിർദ്ദേശങ്ങൾ നൽകാം. ദേവാലയത്തിൽ പ്രവേശിച്ചാലുടൻ, ഭക്തിപൂർവ്വം ഹന്നാൻവെള്ളംതൊട്ടു് നെററിയിൽ കുരിശു വരയ്ക്കുക. അനന്തരം ഒരു മുട്ടുകുത്തി പരിശുദ്ധകുർബാനയ്ക്കു ആചാരം ചെയ്യുക. പരിശുദ്ധകുർബാന പരസ്യമായി എഴുന്നള്ളിച്ചു വച്ചിട്ടുണ്ടെങ്കിൽ രണ്ടുമുട്ടുംകുത്തി ആചാരം ചെയ്യണം. സൗകര്യമുള്ള ഒരു സ്ഥലത്തു മുട്ടുകുത്തിയശേഷം, കുരിശുവരയ്ക്കുകയും "ആകാശങ്ങളിലിരിക്കുന്ന", "നന്മനിറഞ്ഞ മറിയം" മുതലായ ജപങ്ങൾ ചൊല്ലുകയും ചെയ്യുക. തളർന്നു ക്ഷീണം തോന്നുകയാണെങ്കിൽ മുട്ടിന്മേൽ ഇരിക്കുന്നതിനു വിരോധമില്ല. പക്ഷെ ഇരിപ്പും വിനയസമേതമായിരിക്കണം. കുർബാനയുടെ സമയത്തുംമററും ചമ്രം പടിഞ്ഞിരിക്കുക, പുറകിലോട്ടു ചാരിക്കിടക്കുക മുതലായവ പാടില്ലാത്തതാകുന്നു. കുർബാനയുടെ അധികഭാഗവും മുട്ടിന്മേൽ നില്ക്കാൻതന്നെ ശ്രമിക്കണം. എന്നാൽ സുവിശേഷം വായിച്ചുകഴിഞ്ഞിട്ടു് ഇടമണി കിലുക്കുന്നതുവരെയും, പട്ടക്കാരൻ തിരുരക്തം ഉൾക്കൊണ്ടുകഴിഞ്ഞിട്ടു കുർബാന കഴിയുന്നതുവരെയും മുട്ടിന്മേൽ ഇരിക്കുന്നതിനു വിരോധമില്ലാത്തതാകുന്നു. ഈ നോമ്പുകാലത്തു നിങ്ങൾ കൂടുതൽസമയം മുട്ടിന്മേൽ നില്ക്കാൻ ശ്രമിക്കണം. അതൊരു നല്ല പ്രായശ്ചിത്ത പ്രവൃത്തിയായിരിക്കും. ഫാത്തിമായിലെ കുട്ടികളുടെ പ്രായശ്ചിത്തകൃത്യങ്ങളെപ്പററി നിങ്ങൾ വായിച്ചറിഞ്ഞിരിക്കുമല്ലോ.

പള്ളിയിൽവച്ചു വർത്തമാനം പറയാതിരിപ്പാനും പ്രത്യേകം ശ്രദ്ധയുണ്ടായിരിക്കണം. മററുള്ളവരെ ചിരിപ്പിച്ചു് അവരുടെ പ്രാർത്ഥനയ്ക്കു് ഒരിക്കലും ഭംഗം വരുത്തുകയുമരുതു്. ദേവാലയപരിസരങ്ങളിൽ ഓടിനടന്നു ബഹളമുണ്ടാക്കാതിരിപ്പാനും സൂക്ഷിക്കണം. ദേവാലയം ദൈവത്തിന്റെ വീടാണെന്നു സദാ ഓർക്കുക. എന്നാൽ അതിനകത്തും പുറത്തും ക്രമമായി പെരുമാറുന്നതിനു നിങ്ങൾക്കു പ്രയാസമുണ്ടായിരിക്കയില്ല. പ്രാർത്ഥനയെക്കുറിച്ചു പറഞ്ഞ കാര്യങ്ങൾ പള്ളിയിൽവച്ചു പ്രാർത്ഥിക്കുമ്പോൾ മാത്രമല്ല, വീട്ടിൽവച്ചു പ്രാർത്ഥിക്കുമ്പോഴും ശ്രദ്ധിക്കേണ്ടവതന്നെയാണു്. ഇങ്ങനെ നിങ്ങളെല്ലാവരും ഉത്തമ കത്തോലിക്കാപൈതങ്ങളായി വളർന്നുവരുന്നതിനായി സർവ്വശക്തനായ ദൈവം അനുഗ്രഹിക്കുമാറാകട്ടെ.

എന്നു സ്വന്തം വല്യച്ചൻ

## ജൂബിലിയാഘോഷവും മഠം ആശീർവ്വാദവും

ഈറവൂർ പള്ളി ഇടവക പുതുപ്പാറ ബ. പത്രോസച്ചന്റെ പൗരോഹിത്യ സുവർണ്ണജൂബിലി സംബന്ധിച്ച ആഘോഷങ്ങളും അദ്ദേഹം ചുണങ്ങംവേലിയിലെ "അഗതികളുടെ സഹോദരികൾ" എന്ന സന്യാസസഭയ്ക്കു ദാനം ചെയ്ത ബംഗ്ലാവിൽ നവമായി ആരംഭിച്ചിരിക്കുന്ന മഠത്തിന്റെ ഉൽഘാടനവും ഫെബ്രുവരി 26,27 തീയതികളിൽ നടന്നിരിക്കുന്നു. പ്രസ്തുത ചടങ്ങുകളിൽ സംബന്ധിക്കുന്നതിനായി, എഴുന്നള്ളിയ എറണാകുളം മെത്രാപ്പോലീത്താ തിരുമേനിയെ ഇടവകയുടെ കിഴക്കേ അതിർത്തി മുതൽ ഒരു സൈക്കിൾ റാലി അകമ്പടിസേവിച്ചു. ഈറവൂർ നാലുംകൂടിയ വഴിയിലെത്തിയപ്പോൾ വികാരി റവ. ഫാദർ സെബാസ്റ്റ്യൻ മലമേൽ തിരുമേനിയെ ഹാരമണിയിച്ചു സ്വീകരിച്ചു. അവിടെനിന്നു എതിരേൽപ്പു ആരംഭിക്കയും നിരവധി വൈദികരാലും അനേകായിരങ്ങൾ വരുന്ന ഒരു വമ്പിച്ച ജനാവലിയാലും അനുഗതനായി തിരുമേനി പള്ളിയിലേക്കു എഴുന്നള്ളുകയും ചെയ്തു. തദനന്തരം തിരുമനസ്സുകൊണ്ടു് പുതിയ മഠത്തിലേക്കു എഴുന്നള്ളി അതിന്റെ ആശീർവ്വാദകർമ്മം നിർവ്വഹിച്ചു. തുടർന്നു, സാധുജനസേവനത്തിനു സ്വയം പ്രതിഷ്ഠിച്ചിരിക്കുന്ന കന്യാസ്ത്രീകളുടെ ഒരു മഠം സ്ഥാപിച്ചതിൽ ഇടവകയ്ക്കു കൈവന്നിരിക്കുന്ന ഭാഗ്യത്തേയും, പ്രസ്തുതസ്ഥാപനത്തിനു് ആവശ്യമായ കെട്ടിടവും ഭൂസ്വത്തും പ്രദാനംചെയ്തതിൽ ജൂബിലേറിയൻ പ്രദർശിപ്പിച്ച ഉദാരശീലത്തേയും ഹൃദയവിശാലതയേയും പുരസ്കരിച്ചു് റവ. ഫാ. ആൻഡ്രൂസ് ടി. ഒ. സി. ഡി. ഒരു പ്രസംഗം ചെയ്തു. ഫെബ്രുവരി 27-ാംനു കാലത്തു മെത്രാപ്പോലീത്താ തിരുമേനിയുടെ കുർബാനയും ജൂബിലേറിയന്റെ പ്രധാന കാർമ്മികത്വത്തിൽ സുപ്പസ്സ കുർബാനയും നടന്നു. തുടർന്നു റവ. ഫാ. ജോസഫ് പാറേക്കാട്ടിൽ, പൗരോഹിത്യത്തിന്റെ മാഹാത്മ്യത്തെയും ജൂബിലേറിയനായ വൈദികന്റെ വ്യക്തിവിലാസത്തെയും അധികരിച്ചു പ്രഭാഷണം നടത്തി. പരിശുദ്ധ കുർബാനയുടെ വാഴ്വ്, ലാക് ആലാഹ എന്നിവ ജൂബിലേറിയൻ മഠത്തിനു ദാനംചെയ്ത ബംഗ്ലാവിൽവച്ചു നടത്തപ്പെട്ടു. സ്ഥലം മിഡിൽ സ്കൂൾ ഹാളിൽ സമ്മേളിച്ച പൊതുയോഗത്തിൽ മെത്രാപ്പോലീത്താ തിരുമേനി ആദ്ധ്യക്ഷം വഹിച്ചു. വന്ദ്യ തിരുമേനിക്കു ഇടവകക്കാരുടെ വകയായി ഒരു മംഗളപത്രവും ജ്ഞാനപുഷ്പമഞ്ജരിയും ജൂബിലേറിയനു് ഒരു മംഗളപത്രവും ഛായാപടവും സമർപ്പിക്കപ്പെട്ടു. വന്ദ്യ തിരുമേനി ചെയ്ത മറുപടിപ്രസംഗത്തിൽ, സാധുജനസേവനമാണു ഇന്നത്തെ ഏററവും വലിയ ആവശ്യമെന്നു് ചൂണ്ടിക്കാണിക്കുകയും ആ ലക്ഷ്യത്തെ മുൻനിർത്തി "അഗതികളുടെ സഹോദരികളു"ടെ ഒരു മഠം സ്ഥാപിക്കുന്നതിനുവേണ്ട വസ്തുവകകൾ ദാനംചെയ്ത ബ. ജൂബിലേറിയനേയും അദ്ദേഹത്തോടു സഹകരിച്ചു പ്രവർത്തിച്ച ബ. വികാരിയേയും ഇടവകജനങ്ങളേയും അഭിനന്ദിക്കുകയും ചെയ്തു. ജൂബിലേറിയൻ തനിക്കു സമർപ്പിക്കപ്പെട്ട മംഗളപത്രത്തിനും തന്റെനേർക്കു കാണിച്ച സ്നേഹാദരവുകൾക്കും സമുചിതമായ മറുപടി പറഞ്ഞു. ഉച്ചകഴിഞ്ഞു മെത്രാപ്പോലീത്താ തിരുമേനി ആനപ്പാറ എന്ന സ്ഥലത്തു ഫാത്തിമാനാഥയുടെ നാമത്തിൽ പുതുതായി പണിചെയ്തിരിക്കുന്ന പള്ളി സന്ദർശിച്ച വിവരവും പ്രസ്താവ്യമാണു്.

പുതുപ്പാറ
ബ. പത്രോസ് ക.



| | | | |
|---|---|---|---|
| ജനനം ... | 28 | 5 | 1872 |
| ഗുരുപ്പട്ടസ്വീകരണം | 23 | 12 | 1899 |
| നവപൂജാർപ്പണം | 2 | 1 | 1900 |
| സുവർണ്ണജൂബിലി യാഘോഷം | 27 | 2 | 1950 |

## നിങ്ങൾക്കറിയാമോ?

1 ആസ്ത്രേലിയായിലെ ഒന്നാമത്തെ കർദ്ദിനാൾ ആരായിരുന്നു?

2 കുരിശുയുദ്ധം (Crusade) എന്നാലെന്തു്?

3 ആകെ എത്ര കുരിശുയുദ്ധങ്ങളുണ്ടായിട്ടുണ്ടു്?

ഉത്തരം

1 പാട്രിക് ഫ്രാൻസീസ് മോറൻ (1830—1911). ഇദ്ദേഹം സിഡ്നിയിലെ മൂന്നാമത്തെ മെത്രാപ്പോലീത്തായായിരുന്നു. 1885-ൽ ലെയോൻ മാർപ്പാപ്പായാൽ കർദ്ദിനാൾസ്ഥാനത്തേക്കുയർത്തപ്പെട്ടു.

2 അക്രൈസ്തവരുടെ കൈയിൽനിന്നും നമ്മുടെ കർത്താവിന്റെ ജന്മനാടായ പലസ്തീനയെ വീണ്ടെടുക്കുന്നതിനുവേണ്ടി മദ്ധ്യശതകങ്ങളിൽ ക്രിസ്ത്യാനികൾ നടത്തിയ യുദ്ധങ്ങൾക്കാണു് കുരിശുയുദ്ധങ്ങൾ എന്നു പറയുന്നതു്. അതിൽ പങ്കെടുത്തവർ തുണികൊണ്ടുള്ള ഓരോ കുരിശു ധരിച്ചിരുന്നതിനാലാണു് ഈ പേരുണ്ടായതു്.

3 പത്തു്.

## "ജയ്! കർമ്മലാംബേ!"

(ദി യുണൈറഡ് മ്യൂസിക് ആൻറ് ആർട്ട്സ്, ക്ലബ് എറണാകുളം)

ജയ്! ജയ്! ശ്രീ ഗാന്ധി രാഷ്ട്രപിതാ

എ. മ.

പല്ലവി

ജയ്! ജയ്! ശ്രീ മേരി കർമ്മലാംബേ!
പാപികൾക്കാശ്രയമേ
അകമലിയും-നിൻ പാവന ഹൃദയം!
പാപികൾക്കാശ്രയമേകും സൽസൂനമേ
നാഥേ! നാഥേ! നാഥേ! കർമ്മലാംബേ
പാപികൾക്കാശ്രയമേ!

അനുപല്ലവി

ജനനശുദ്ധികലരും-ക്രിസ്തുവിൻ ജനനി
അമലോത്ഭവയാം-കന്യാസൂനം
അനുദിനം പാപികൾ തവ പാദാന്തി
കൊന്തയുമായണയുന്നേരം [കേ
തവചെറുസുതരോടലിവിയലേണേ!
മാനവകുല ജനനീ......
നാഥേ! നാഥേ! നാഥേ! കർമ്മലാംബേ
പാപികൾക്കാശ്രയമേ!

ചരണം

പാപാലുചകം പാരിനിതേലാളം
പാപാലുചകം പാരിനിതേലാളം
പാപക്കരികൊടി പാറിടുവേ
അമ്മേ! നിൻ മധുരാമൃതനാമം
കൊന്തയുമേന്തി ജപിക്കുവതിന്നായി
കൃപചൊരിയേണേ! വരമരുളേണേ!
പദമലരിണനേടാൻ
നരകുലമാകെ മംഗളത്തൂമയോ് പൂജാ-
രാമമതാകാൻ, നാഥേ! ... ........

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ഡി. ഡി., ബി. ഏ

Vol. 23 || ERNAKULAM, MARCH 1, 1950 || No. 27


# ഹോളൻഡിലെ മെത്രാന്മാർ സാമുദായികനീതിയെപ്പററി

കഴിഞ്ഞവർഷം വലിയനോമ്പുകാലത്തു ഹോളൻഡിലെ മെത്രാന്മാർ "സാമുദായിക നീതിയെ" പുരസ്കരിച്ചു് ഒരു സംയുക്ത ഇടയലേഖനം പ്രസിദ്ധപ്പെടുത്തി. "നിങ്ങളുടെ ആത്മാക്കളുടെ ഇടയന്മാരെന്ന നിലയിൽ ഞങ്ങൾ യാതൊരു സംശയവുംകൂടാതെ പ്രസ്താവിക്കുന്നതെന്തെന്നാൽ, സമുദായം വളർന്നു വരുന്നതോടുകൂടി സാമുദായികനീതിയുടേയും സാമുദായികസ്നേഹത്തിന്റേയും ചുമതലകൾ മുമ്പുള്ള ഏതുകാലത്തേയുംകാൾ ഇക്കാലത്തും ഇന്നത്തെ ജനങ്ങളുടെയിടയിലും ക്രിസ്തീയകർത്തവ്യങ്ങളായിത്തീർന്നിരിക്കുകയാണു്" എന്നത്രെ ഇടയലേഖനം ആദ്യമായി ഉദ്ബോധിപ്പിക്കുന്നതു്. ഈ കർത്തവ്യങ്ങൾ ഏററവും അടിയന്തിരങ്ങളാണെന്നും അതിൽ പറഞ്ഞിട്ടുണ്ടു്. എന്തുകൊണ്ടെന്നാൽ അവയെ നാം അവഗണിച്ചാൽ "നാം ക്രിസ്തുവിന്റെ കല്പനകൾ അനുസരിക്കുന്നവരാകയില്ല." സാമുദായികനീതിയെ മെത്രാന്മാർ നിർവചിക്കുന്നതിങ്ങനെയാണു്: "ഒരു മനുഷ്യവ്യക്തിയും അവൻ അംഗമായിരിക്കുന്ന സമുദായവും തമ്മിലുള്ള ബന്ധങ്ങളെ ക്രമപ്പെടുത്തുന്ന പുണ്യമാണതു്." ഈ പുണ്യം സമുദായത്തിന്റെമേൽ ഒരു കർത്തവ്യം ചുമത്തുന്നുണ്ടു്. "അതിലെ അംഗങ്ങളുടെ ക്ഷേമത്തെ ലക്ഷ്യംവച്ചു പ്രവർത്തിക്കുക" എന്നതാണാ കർത്തവ്യം. വ്യക്തികളുടെമേലും ഒരു കർത്തവ്യം അതു ചുമത്തുന്നുണ്ടു്. "പൊതുഗുണത്തിനുവേണ്ടി സഹകരിക്കുകയെന്നതാണതു്."

"സാമുദായികനീതി അനുഷ്ഠിക്കുന്നവർ ക്രിസ്തുസദൃശമായ സ്വഭാവം തങ്ങളിൽ രൂപീകരിക്കുകയാണു ചെയ്യുന്നതു്." അതിനു മെത്രാന്മാർ താഴെ കാണുന്ന കാരണങ്ങൾ ചൂണ്ടിക്കാണിക്കുന്നു. "ഭൗതികവസ്തുക്കൾക്കായുള്ള നമ്മുടെ മോഹത്തെ അതു മിതപ്പെടുത്തുകയും മററുള്ളവർക്കുവേണ്ടി ചിലതെല്ലാം ത്യജിക്കുവാൻ നമ്മെ പഠിപ്പിക്കുകയും ചെയ്യുന്നു. നമ്മുടെ സ്വകാര്യതാല്പര്യങ്ങളുടേയും നാം ഉൾപ്പെട്ടിരിക്കുന്ന ഗണത്തിന്റേയും ഇടുങ്ങിയ പരിധികൾക്കു മീതെ ഉയരുവാൻ അതു നമ്മെ പ്രേരിപ്പിക്കുകയും സകല വർഗ്ഗക്കാരുമായി ഏകയോഗക്ഷേമത്തോടുകൂടി കഴിഞ്ഞുകൂടുവാൻ നമുക്കിടവരുത്തുകയും ചെയ്യുന്നു. പരിശ്രമശീലരും ത്യാഗസന്നദ്ധരുമായിരിക്കുവാൻ അതു നമുക്കു് ഉത്തേജനം നൽകുകയും സമുദായത്തിന്റെ സേവനത്തിനുവേണ്ടി വീരപരമായ പ്രവൃത്തികൾ ചെയ്യുവാൻ അനേകം പേരെ പ്രേരിപ്പിക്കുകയും ചെയ്യുന്നു." സമുദായം എന്നാലെന്താണെന്നും ഇടയലേഖനം വിശദീകരിക്കുന്നുണ്ടു്. "മനുഷ്യസമുദായം മനുഷ്യശരീരത്തിനു തുല്യമാണു്. അതിന്റെ വിഭാഗങ്ങൾ പരസ്പരം പൂർത്തീകരിക്കുകയും മെച്ചമാക്കുകയും ചെയ്യുന്നു. അനേകനൂററാണ്ടുകളിൽക്കൂടിയുള്ള സുദീർഘവും സുസംഘടിതവുമായ സഹകരണത്താൽമാത്രമേ സമുദായത്തിനു പൂർവാധികമായ ക്ഷേമം പ്രാപിക്കുവാൻ സാധിക്കുകയുള്ളു. ഈ ക്ഷേമമാകട്ടെ കൂടുതൽ ഉൽകൃഷ്ടമായ പുണ്യത്തെ ലക്ഷ്യമാക്കിട്ടുള്ളതായിരിക്കണം. കൂടുതൽ ഉയർന്ന ജീവിതത്തോതു കൈവരുത്തുവാൻ സകലരുടേയും ഗാഢമായ സഹകരണവും മഹത്തായ ശ്രമവും ആവശ്യകമായിരിക്കുന്നതിനാൽ, കൂടുതൽ കട്ടിയായ സാമുദായികചുമതലകളെ ദുർവഹമായ ഭാരമായും ഒഴിച്ചുകൂടാത്ത തിന്മയായും ഗണിക്കുന്നതു ശരിയാണോ?" എന്നു മെത്രാന്മാർ ചോദിക്കുന്നു. "സാമുദായികനീതിയും അതിലടങ്ങിയിരിക്കുന്ന പുണ്യങ്ങളും അനേകമാളുകളിൽ പുഷ്പിക്കുന്നതായാൽ, അവ സാമുദായികഗണങ്ങളാൽ അനുഷ്ഠിക്കപ്പെടുകയും സാമുദായികസ്ഥാപനങ്ങളിൽ ഉൾക്കൊള്ളിക്കപ്പെടുകയും ചെയ്യുന്നതായാൽ, അവയുടെ അനുഷ്ഠാനത്തിനു സിവിൽ നിയമങ്ങൾ ഉറപ്പു നൽകുന്നതായാൽ, നമ്മുടെ ആദ്ധ്യാത്മികവും സാമുദായികവുമായ പുനരുജ്ജീവനം പൊതുജനജീവിതത്തിലൊട്ടാകെ അഭിവൃദ്ധിപ്പെടും" എന്നാണു് ഇടയലേഖനത്തിൽ പ്രസ്താവിച്ചിട്ടുള്ളതു്. ഇങ്ങനെ സാമാന്യതത്വങ്ങൾ വിശദീകരിച്ചശേഷം അവയുടെ പ്രയോഗങ്ങളിലേക്കു ഇടയലേഖനം കടക്കുന്നു.

### സ്വകാര്യസ്വത്തുടമ

ആദ്യമായി സ്വകാര്യസ്വത്തുടമയെപ്പററി പ്രസ്താവിക്കുന്നു. "പുരുഷാത്മകമായ മനുഷ്യവ്യക്തിയുടെ സ്വാഭാവികമായ അവകാശമായിട്ടാണു്" തിരുസ്സഭ സകല മനുഷ്യർക്കും സ്വകാര്യസ്വത്തു സമ്പാദിക്കുവാനും കൈവശം വച്ചിരിക്കുവാനും ഉള്ള അവകാശത്തെ പരിരക്ഷിക്കുന്നതു്. എന്നാൽ ഈ അവകാശത്തിന്റെ സ്വഭാവം ശരിയായി മനസ്സിലാക്കേണ്ടതാണു്. സ്വകാര്യസ്വത്തവകാശം കേവലം വ്യക്തിപരമോ മററുള്ളവരെ സകലരേയും ഒഴിച്ചുനിർത്തുന്നതോ ആയ ഒന്നല്ല. എന്തുകൊണ്ടെന്നാൽ "സ്വകാര്യസ്വത്തിന്റെ ലക്ഷ്യത്തിൽ സാമുദായികമായ ഒരുവശംകൂടിയുണ്ടു്."

ദരിദ്രരും പാവപ്പെട്ടവരുമായ ആളുകളെ സഹായിക്കുന്നതിനുവേണ്ടി പുറപ്പെടുവിക്കുന്ന അഭ്യർത്ഥനകളെ സ്വകാര്യസ്വത്തുടമക്കാർ "ശല്യഹേതുക്കളായ ഭിക്ഷാടനങ്ങളായി പരിഗണിക്കരുതു്." മനുഷ്യരുടെ ആദ്ധ്യാത്മികവും ഭൗതികവുമായ ദുരിതങ്ങളുടെ നിവാരണത്തിനായി തങ്ങളുടെ ആവശ്യം കഴിഞ്ഞു് മിച്ചംവരുന്ന ധനത്തെ വിനിയോഗിക്കുവാൻ അവർക്കു കടമയുണ്ടു്. സമുദായത്തിന്റെ ഒട്ടാകെയുള്ള പ്രവർത്തനങ്ങൾ ആവശ്യകമായിത്തീരത്തക്കവണ്ണം സാമാന്യജനങ്ങളുടെ നിർധനത്വവും കഷ്ടപ്പാടും വർദ്ധമാനമായിത്തീരുമ്പോൾ അതിലേക്കുവേണ്ടി നിയമപ്രകാരമുള്ള നികുതികൾ ശരിയായി കൊടുത്തുകൊണ്ടിരിക്കുന്നതു ഈ കടമ നിർവ്വഹിക്കുന്നതിനുള്ള ഒരു മാർഗ്ഗമാകുന്നു. ഗവമ്മെൻറിൽനിന്നു ചുമത്തുന്ന നികുതിഭാരത്തെ വ്യവസായികളും മററും അപലപിക്കുന്നതിനെപ്പററി ഇടയലേഖനത്തിൽ പറഞ്ഞിട്ടുള്ളതിങ്ങനെയാണു്: "മൂലധനത്തിന്റെ അവകാശങ്ങൾ കർക്കശമായി ഗവമ്മെൻറിൽനിന്നു നിയന്ത്രിക്കപ്പെടുകയാണെന്നും, സമുദായം ചുമത്തുന്ന ഭാരം വളരെ ദുർവഹമാണെന്നും, തങ്ങളുടെ കൈവശമുള്ളതു മുഴുവനും നികുതികളായി കൊടുക്കേണ്ടിവരുന്നെന്നും മുതലുടമസ്ഥന്മാർ ആവലാതിപ്പെടുമ്പോൾ അവർ ഒരു കാര്യം അനുസ്മരിക്കേണ്ടതുണ്ടു്. അതെന്തെന്നാൽ ക്രിസ്തീയനീതിക്കും സ്നേഹത്തിനുംവേണ്ടിത്തന്നെ സിവിൽ നിയമത്തിന്റെ യാതൊരു നിർബന്ധവും കൂടാതെ പ്രസ്തുത ത്യാഗങ്ങൾ അനുഷ്ഠിക്കുവാൻ ഇക്കാലങ്ങളിൽ അവർ സന്നദ്ധരായിരിക്കേണ്ടതാണു്; നമ്മുടെ ക്രിസ്തീയകർത്തവ്യങ്ങളെ വിശദമായി ചൂണ്ടിക്കാണിച്ചുതരികയും അവയെ പ്രയോഗത്തിൽ വരുത്തുവാൻ നമ്മെ പ്രേരിപ്പിക്കുകയും മാത്രമാണു് സിവിൽനിയമങ്ങൾ ഈ വിഷയത്തിൽ ചെയ്യുന്നതു്." സ്വകാര്യസ്വത്തുടമയുടെ നീതിയുക്തമായ വിതരണത്തെപ്പററിയും ഇടയലേഖനത്തിൽ പ്രതിപാദിക്കുന്നുണ്ടു്. ഈ വിതരണത്തെ മെത്രാന്മാർ "സാമുദായികമായ ഒരാവശ്യം" എന്നാണു് നാമകരണം ചെയ്യുന്നതു്. ചെറുതരം തൊഴിലുടമസ്ഥന്മാരുടേയും സ്വകാര്യസ്വത്തില്ലാത്ത കൂലിവേലക്കാരുടേയും കാര്യത്തിൽ മെത്രാന്മാർ പ്രത്യേകം താല്പര്യം പ്രദർശിപ്പിക്കുന്നു. ചെറുതൊഴിലുടമസ്ഥന്മാർ സഹകരണസംഘങ്ങളും സംഘടനകളും വഴിയായി വലിയ തൊഴിലുടമസ്ഥന്മാർക്കു ലഭിച്ചുകൊണ്ടിരിക്കുന്ന ആദായങ്ങളും ആനുകൂല്യങ്ങളും കൈവരുത്തുവാൻ ശ്രമിക്കേണ്ടതാണെന്നു ഉൽബോധിപ്പിച്ചിരിക്കുന്നു. ഇക്കൂട്ടരുടെ ഇത്തരം സ്വയംസഹായത്തിനും പുറമേ, അവർ "പ്രതികൂലസാഹചര്യങ്ങളെ അതിജീവിച്ചു കഴിഞ്ഞുകൂടുവാൻ തക്കവണ്ണം" ഗവമ്മെൻറു് അവരുടെ കാര്യത്തിൽ പ്രത്യേകമായ ശ്രദ്ധയും താല്പര്യവും പ്രദർശിപ്പിക്കേണ്ടതാണെന്നും മെത്രാന്മാർ ഉപദേശിക്കുന്നു. കൂലിവേലക്കാരുടെ കാര്യത്തെപ്പററി ഇടയലേഖനത്തിൽ പറഞ്ഞിരിക്കുന്നതിങ്ങനെയാണു്: "വിഭവങ്ങളുടെ ഉല്പാദനത്തിൽ പങ്കെടുക്കുന്നവർക്കു് അവയുടെ ഉടമയിലും പങ്കു കൊടുക്കുവാൻ വേണ്ട ശ്രമങ്ങൾ ചെയ്യേണ്ടതു് അവശ്യാവശ്യകമാണു്." ഈ ലക്ഷ്യം പ്രാപിക്കുന്നതിനുവേണ്ടി, "സ്വകാര്യസ്വത്തുടമയുടെ സംരക്ഷണം മുൻനിർത്തിത്തന്നെ" ഇതിനാവശ്യകമായ പദ്ധതികൾ രൂപീകരിക്കുവാൻ വലിയ തൊഴിലുടമസ്ഥന്മാരെ മെത്രാന്മാർ ശക്തിയായി ഉദ്ബോധിപ്പിക്കുന്നു.

### തൊഴിലാളികളുടെ അവകാശങ്ങളും കർത്തവ്യങ്ങളും

ഇടയലേഖനത്തിൽ തുടർന്നു പ്രതിപാദിക്കുന്നതു് തൊഴിലാളികളുടെ അവകാശങ്ങളേയും കർത്തവ്യങ്ങളേയും കുറിച്ചാണു്. വേലയുടെ പരിതഃസ്ഥിതികൾ നല്ലതായിരിക്കാനും കുടുംബത്തിനു കഴിഞ്ഞുകൂടുവാൻ മതിയാവുന്ന കൂലി കിട്ടുവാനും തൊഴിലാളികൾക്കു അവകാശമുണ്ടു്. അനേകം അംഗങ്ങളുള്ള കുടുംബങ്ങൾക്കു കഴിഞ്ഞുകൂടുവാൻ തക്കവണ്ണമുള്ള കൂലിനിരക്കു നിലവിലില്ലാത്ത സ്ഥലങ്ങളിൽ കുടുംബക്കൂലി നല്കുന്നതിൽ തൊഴിലുടമസ്ഥന്മാരുടെ ഭാഗത്തുനിന്നുള്ള പോരായ്മകൾ സർക്കാരിൽനിന്നു പരിഹരിക്കേണ്ടതാണു്. ട്രേഡ് യൂണിയനുകളിൽ ചേരുവാനും അവ സംബന്ധിച്ചുള്ള പ്രവർത്തനങ്ങൾ നടത്തുവാനും തൊഴിലാളികൾക്കു അവകാശമുണ്ടു്. ഹോളൻഡിൽ ക്രിസ്തീയ ട്രേഡ് യൂണിയനുകൾ ഏററവും അഭിവൃദ്ധിയോടുകൂടിയാണു് നടന്നുകൊണ്ടിരിക്കുന്നതു്. അവയിൽ അംഗങ്ങളായിരിക്കുകയും അവ സംബന്ധിച്ചുള്ള പ്രവർത്തനം നടത്തുകയും ചെയ്യേണ്ടതു് കത്തോലിക്കരുടെ "കർത്തവ്യവുംകൂടിയാണു്." തൊഴിലാളികളുടെ അവകാശങ്ങളേയും കർത്തവ്യങ്ങളേയും സംബന്ധിച്ചുള്ള ഒരു പുതിയ വ്യവസായവ്യവസ്ഥിതിയെ വിഭാവനം ചെയ്തുകൊണ്ടു് ഇടയലേഖനം ഇങ്ങനെ തുടരുന്നു. "ഒരടികൂടി മുന്നോട്ടു വയ്ക്കേണ്ടതു് ആവശ്യകമായിരിക്കുന്നു. തൊഴിലാളികൾക്കു താണപടിയിലുള്ള നിലയാണല്ലോ ഇപ്പോൾ ഉള്ളതു്. ആ നിലയുള്ളവരുടെ സംഖ്യ വർദ്ധമാനമായിക്കൊണ്ടുമിരിക്കുന്നു. ഈ നില മാറി വ്യവസായനടത്തിപ്പിൽ പങ്കും ഉത്തരവാദിത്വവും അവർക്കു കൈവരേണ്ടിയിരിക്കുന്നു. തൊഴിലാളികൾക്കു കൂലിക്കുമാത്രമല്ലേ ഇതുവരെ അവകാശം ഉണ്ടായിരുന്നിട്ടുള്ളു. അതുമാറി ആദായത്തിൽ പങ്കു പററുവാനുംകൂടി അവർക്കു അവകാശം ഉണ്ടായിരിക്കണം. അങ്ങനെയായാൽ ഉൽപാദനത്തിന്റെ ഫലങ്ങൾ ഏതാനും വ്യക്തികൾക്കുമാത്രം പ്രയോജനപ്പെടുന്നതായിരിക്കയില്ല. സകലമനപേക്ഷമല്ലെങ്കിലും വളരെയധികം പേർക്കു് സ്വകാര്യസ്വത്തു സമ്പാദിക്കുവാൻ സന്ദർഭമുണ്ടാവുകയും ചെയ്യും."

ഹോളൻഡിലെ മെത്രാന്മാരുടെ ഇടയലേഖനത്തിലെ നിർദ്ദേശങ്ങൾ മാർപ്പാപ്പാമാരുടെ സാമുദായികവിശ്വലേഖനങ്ങളിലെ നിർദ്ദേശങ്ങളുടെ സ്ഥലകാലമനുസരിച്ചുള്ള പ്രായോഗികമായ വിശദീകരണങ്ങളാണെന്നു സ്പഷ്ടമാണല്ലോ. പ്രസ്തുത നിർദ്ദേശങ്ങളെ ഇന്നാട്ടിലെ സാഹചര്യങ്ങളനുസരിച്ചു പ്രയോഗത്തിൽ വരുത്തുന്നതിനു കത്തോലിക്കരായ നമുക്കു ശ്രമിക്കാം. കോൺഗ്രസ്സ് ഗവർമ്മെൻറുകളുടെ സാമുദായിക സാമ്പത്തികപരിപാടികൾ ഈ നിർദ്ദേശങ്ങളോടു വളരെ സാധർമ്മ്യമുള്ളവയാകയാൽ അവയോടു സഹകരിക്കുകയും നാം ചെയ്യേണ്ടതാണു്.

## അടുത്തയാഴ്ചയിൽ

മാർച്ച്

5 ഞാ: നോമ്പ് 2-ാം ഞായർ
6 തി: കൂറില്ലോസ്
7 ചൊ: തോമസ് അക്വിനാസ്
8 ബു: ദൈവത്തിന്റെ യോഹന്നാൻ
9 വ്യാ: നാല്പതു വേദസാക്ഷികൾ
10 വെ: കർത്താവിന്റെ തിരുവസ്ത്രം
11 ശ: കോൺസ്റ്റാൻറിനൂസ്

## സത്യദീപം വരിസംഖ്യ

| | | |
|---|---|---|
| പ്രതിവർഷം അഞ്ചൽ | ക. | 6—0—0 |
| പ്രതിവർഷം തപാൽ | " | 6—8—0 |
| ഇൻഡ്യക്കു പുറമെ | " | 8—0—0 |
| ഒററപ്രതി | | 0—2—0 |

## ജപാപ്പസ്തോലസഖ്യം

പൊതുനിയോഗം: പരിശുദ്ധ പിതാവിന്റെ പൊതുവും പ്രത്യേകവുമായ ഉദ്ദേശ്യങ്ങൾക്കായി.

മിഷൻ നിയോഗം: അമേരിക്കയിലെ നീഗ്രോജാതികളുടെ ഇടയിൽ തിരുസ്സഭ അഭിവൃദ്ധി പ്രാപിക്കുന്നതിനു്.

—

## പ്രാദേശികവാർത്തകൾ

തൃപ്പൂണിത്തുറ മരിയാസഖ്യത്തിന്റെ 19-ാം വാർഷികം ഫെബ്രുവരി 19-ാംനു റവ. ഫാ. ഐസക് പോട്ടയിൽ അവർകളുടെ അദ്ധ്യക്ഷതയിൽ നടന്നിരിക്കുന്നു. ശ്രീ സെബാസ്റ്റ്യൻ കുററിക്കാട്ട് വിദ്വാൻ, മി. കെ. ടി. സെബാസ്റ്റ്യൻ ബി. എ. എന്നിവർ പ്രസംഗിച്ചു.

—പാല സെൻറ് വിൻസെൻറ് ഡി പോൾ സഖ്യത്തിന്റെ 8-ാം വാർഷികം ഫെബ്രുവരി 19-ാംനു റവ. ഡോ. എൽ. ജെ. ചിററൂർ പി എച്ച്. ഡി., ഡി. ഡി. അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. ശ്രീ മുട്ടത്തുവർക്കി ബി. എ., ശ്രീമതി അച്ചാമ്മ കുര്യാക്കോസ് എന്നിവർ പ്രസംഗിച്ചു.

—തേവര സേക്രഡ്ഹാർട്ട് കോളെജ് ദിനവും കോളെജ് യൂണിയൻ ദിനവും ഫെബ്രുവരി 25-ാംനു മദ്രാസ് ക്രിസ്ത്യൻ കോളെജ് പ്രിൻസിപ്പാൾ റവ. എ. ജെ. ബോയിഡ് എം. എ. ഡി. ഡി. അവർകളുടെ അദ്ധ്യക്ഷതയിൽ നടന്നിരിക്കുന്നു.

—ഒല്ലൂർ ചെറുപുഷ്പ വായനശാലയുടെ ഒരു കാര്യാലോചനയോഗം ഫെബ്രുവരി 21-ാംനു സമ്മേളിച്ചു് സത്യദീപം, ദീപിക മുതലായ പത്രങ്ങൾക്കു് കൂടുതൽ പ്രചാരം നൽകുവാൻ തീരുമാനിച്ചിരിക്കുന്നതായറിയുന്നു.

—അരുവിത്തുറ സെൻറ് തോമസ് മിഷൻ എയിഡ് ലീഗിന്റെയും സൺഡേസ്കൂളിന്റെയും സംയുക്തവാർഷികം മാർച്ച് 5-ാംനു റവ. ഫാ. ലാസർ സി. ഡി., ബി. എ. എൽ. ടി അവർകളുടെ അദ്ധ്യക്ഷതയിൽ കൂടുന്നതിനു നിശ്ചയിച്ചിരിക്കുന്നതായറിയുന്നു. തദവസരത്തിൽ ശ്രീ എ. ഒ. ജോസഫ് എം. എ. എൽ. ടി., ശ്രീ പി. ടി. ചാക്കൊ എം. എ. എൽ എൽ. ബി. എന്നിവർ പ്രസംഗിക്കുന്നതായിരിക്കും.

—അമ്പലപ്പുഴ സെൻറ് മേരീസ് കാത്തലിക് യൂണിയൻ കെട്ടിടത്തിന്റെ ഉൽഘാടനം കുംഭം 8-ാംനു റവ. ഫാ. കോലത്തു് അവർകൾ നിർവ്വഹിച്ചിരിക്കുന്നു.

## ചരമം

മഹാകവി കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള അവർകളുടെ സഹോദരൻ കട്ടക്കയത്തിൽ തൊമ്മൻ മാപ്പിള 81-ാമത്തെ വയസ്സിൽ ഫെബ്രുവരി 13-ാംനു നിര്യാതനായിരിക്കുന്നു.

R. I. P.

# മുടക്കും "പട്ടത്ത"വും

(ഫാദർ പ്ലാസിഡ്, ററി. ഒ. സി. ഡി.)

മുടക്ക്: അതു് "പട്ടത്ത"ത്തെ ഇല്ലാതാക്കും; അല്ലെങ്കിൽ "പട്ടത്ത" ത്തിൻെറ പ്രവൎത്തനശക്തി ക്ഷയിപ്പിക്കും; മുടക്കേൽക്കുന്ന മെത്രാൻ "കൈവച്ചാൽ" അഥവാ പട്ടം കൊടുത്താൽ അതു നിഷ്ഫലമാണു്; മുടക്കേൽക്കുന്ന മെത്രാനിൽനിന്നു പട്ടം സ്വീകരിക്കുന്നവൎക്കു സാധുവായ "പട്ടത്ത"മില്ല ഇങ്ങനെയെല്ലാമാണു് മുടക്കിനെപ്പററി ചില അകത്തോലിക്കാ സഹോദരങ്ങളുടെ ധാരണ. യാക്കോബായ സഭയിലെ ഒരു വിഭാഗത്തിൽ ഈ ധാരണ ശക്തമായി പ്രവൎത്തിക്കുന്നുമുണ്ടു്. ഇതിലേക്കു അവർ പറയാറുള്ള ന്യായം ഏതാണ്ടു താഴെകാണുന്നപ്രകാരം സംഗ്രഹിക്കാവുന്നതാണു്.

"അന്ധസരണം ഒരാളെ സഭയോടു ബന്ധിക്കുന്നു. സഭയുടെ അധികാരസ്ഥാനത്തുനിന്നാണു് ഒരാൾ മുടക്കപ്പെടുന്നതു്. തന്നിമിത്തം മുടക്കേൽക്കുന്ന ആൾ സഭയിൽനിന്നു പൂൎണ്ണമായി വേർപെടുത്തപ്പെടുന്നു. സഭയിൽ നിക്ഷിപ്തമായ ഒരു "നൽവര"മാണല്ലോ "പട്ടത്തം." സഭയിൽനിന്നു വേർപെട്ടുനില്ക്കുന്ന ഒരാളിൽക്കൂടി അഥവാ മുടക്കേൽക്കുന്ന ഒരു മെത്രാനിൽക്കൂടി "പട്ടത്ത"മെന്ന "നൽവരം" അന്യരിലേക്കു പ്രവഹിക്കയില്ല; ബന്ധംവിട്ടുനില്ക്കുന്ന കമ്പിയിൽക്കൂടി വിദ്യുച്ഛക്തി പ്രവഹിക്കാത്തതുപോലെതന്നെ."


എന്നാൽ കത്തോലിക്കരുടെ വിശ്വാസം ഇതിൽനിന്നു വിഭിന്നമാണു്. മുടക്കേൽക്കുന്ന മെത്രാൻ കൊടുക്കുന്ന പട്ടം സാധുവാണെന്നു കത്തോലിക്കർ വിശ്വസിക്കുന്നു. മുടക്കേൽക്കുന്ന മെത്രാൻ സഭയിൽനിന്നു പരിപൂൎണ്ണമായി വേർപെടുത്തപ്പെടുന്നില്ല എന്നതാണു് കത്തോലിക്കരുടെ ന്യായം. മുടക്കു് സഭയുമായുള്ള ബാഹ്യബന്ധത്തെമാത്രമേ ഇല്ലാതാക്കുന്നുള്ളു. അധികാരത്തോടുള്ള വിധേയത്വത്തെ ആശ്രയിച്ചു നില്ക്കുന്നതാണു് ബാഹ്യമായ ഈ ബന്ധം. ഈ ബന്ധത്തിനുംപുറമെ മററാൎക്കുമില്ലാത്ത വേറൊരു ബന്ധം —ആന്തരികമായ ഒരു ബന്ധം—മെത്രാനു സഭയുമായുണ്ടു്. മെത്രാൻപട്ടം അദ്ദേഹത്തിൽ പതിച്ചിട്ടുള്ള മുദ്രയാണു് ആന്തരികമായ ഈ ബന്ധത്തിനു നിദാനം. മാമ്മോദീസാ, മൂന്നിലത്തെ ഒപ്രുശ്മാ (മൂറോൻ) എന്നീ കൂദാശകൾ ചെയ്യുന്നതുപോലെ പട്ടവും മാഞ്ഞുപോകാത്ത ഒരു മുദ്ര അതു സ്വീകരിക്കുന്നവരിൽ പതിക്കുന്നുണ്ടു്. മുടക്കു് ഈ മുദ്രയെ റദ്ദാക്കുന്നില്ല. തന്നിമിത്തം മുടക്കേല്ക്കുന്ന മെത്രാൻ പൂൎണ്ണമായിട്ടല്ലെങ്കിലും ഒരുവിധത്തിൽ സഭയോടു ബന്ധപ്പെട്ടു നില്ക്കുന്നു. ആകയാൽ സഭയിൽ നിക്ഷിപ്തമായിരിക്കുന്ന "പട്ടത്ത"മെന്ന "നൽവരം" അദ്ദേഹത്തിൽക്കൂടി അന്യരിലേക്കു പ്രവഹിക്കുന്നുണ്ടു്. കമ്പിയുടെ ബന്ധം മുഴുവനായി വിട്ടിട്ടില്ലെന്നു സാരം.

"ബന്ധം വിട്ടാൽ "പട്ടത്ത"മെന്ന "നൽവരം" അന്യരിലേക്കു പ്രവഹിക്കയില്ല" എന്ന തത്വമാണു് കത്തോലിക്കരും സ്വീകരിക്കുന്നതു്. പക്ഷെ, കത്തോലിക്കർ ആന്തരികബന്ധത്തെപ്പററി പ്രതിപാദിക്കുമ്പോൾ അകത്തോലിക്കർ ബാഹ്യബന്ധത്തെപ്പററിമാത്രം ചിന്തിക്കുന്നു. ഇതാണു് ഇരുകൂട്ടരും തമ്മിലുള്ള വ്യത്യാസം.

ബാഹ്യബന്ധത്തിനും കത്തോലിക്കർ പ്രാധാന്യം കല്പിക്കാതിരിക്കുന്നില്ല. ബാഹ്യബന്ധം നഷ്ടപ്പെട്ടിരിക്കുന്ന ഒരു മെത്രാൻ പട്ടം കൊടുക്കുന്നതു ന്യായരഹിതവും തന്നിമിത്തം പാപകരവും ആകുന്നു. ബാഹ്യബന്ധം വെടിഞ്ഞുകൊണ്ടുള്ള ഈ പ്രവൃത്തി ന്യായരഹിതമെങ്കിലും ഫലപ്രദമാണു്. ശമ്മാശന്മാർ, കശീശന്മാർ ആദിയായവരെ "ഉല്പാദിപ്പിക്കുന്നവർ" എന്ന നാമം വേദശാസ്ത്രത്തിൽ മെത്രാന്മാൎക്കു നൽകപ്പെട്ടിട്ടുണ്ടു്. മെത്രാൻപട്ടം സ്വീകരിക്കുന്നതോടുകൂടി ഉല്പാദകശക്തി അവൎക്കു ലഭിക്കുന്നു. സഭയോടുള്ള ബാഹ്യബന്ധം കൈവെടിഞ്ഞശേഷം ഈ ശക്തി അവർ പ്രയോഗിക്കുന്നതു ന്യായരഹിതമാണു്; എങ്കിലും ഫലപ്രദമാകാതിരിക്കയില്ല. വിവാഹബന്ധമില്ലാതെ സന്താനോല്പാദനത്തിനു പരിശ്രമിക്കുന്നവർ ന്യായരഹിതമായിട്ടാണു് പ്രവൎത്തിക്കുന്നതെങ്കിലും അവരുടെ പരിശ്രമം ഫലപ്രദമാകുന്നുണ്ടല്ലൊ. സന്താനോല്പാദനത്തിനുള്ള ശക്തി അവൎക്കുള്ളതിനാൽ ഇങ്ങനെ സംഭവിക്കുന്നു. അവരുടെ പ്രവൃത്തിയാകട്ടെ ന്യായരഹിതവും തന്നിമിത്തം പാപകരവും ആകുന്നു.

ഏതാനും ചില യാക്കോബായ രേഖകൾ കത്തോലിക്കരുടെ വിശ്വാസത്തെ അനുകൂലിക്കുന്നുണ്ടു്.

ഹൂദായക്കാനോനിൽ ബർ എബ്രായ പറയുന്നു, "ദുഷ്ടന്മാരും വഞ്ചകന്മാരും ആയ പട്ടക്കാർ സഭയിലുണ്ടായാലും, അവരുടെ തലയിൽ വച്ച വലതുകൈ (അതായതു, അവരുടെ "പട്ടത്തം") ഉറച്ചതുതന്നെയാണു്; അവരുടെ കുർബാന നിൎമ്മലമാണു്. പട്ടക്കാരൻെറ പാപം നിമിത്തം കൎത്താവിൻെറ അനുഗ്രഹങ്ങൾ കൎത്താവിൻെറ ദാസന്മാരിൽനിന്നു മാററിനിറുത്തപ്പെടുന്നില്ല." (IV-3.) ഒരു പട്ടക്കാരൻ എത്രതന്നെ ദുഷ്ടനായിത്തീൎന്നാലും അയാളുടെ "പട്ടത്തം" ഉറച്ചിരിക്കുന്നു അഥവാ പ്രവൎത്തനശക്തി ക്ഷയിക്കാതിരിക്കുന്നു എന്നാണല്ലൊ ഈ വാക്യങ്ങളുടെ അൎത്ഥം. ഒരു സാധാരണ പട്ടക്കാരൻെറ "പട്ടത്തം" വികസിച്ചു പൂൎണ്ണത പ്രാപിക്കുന്നതാണു് മെത്രാൻപട്ടം. ആകയാൽ മെത്രാന്മാരുടെ ദുഷ്ടത അവരുടെ "പട്ടത്ത"ത്തിൻെറ പ്രവൎത്തനശക്തി ക്ഷയിപ്പിക്കുന്നെന്നു പറയാവുന്നതല്ല.



ജാനുവരി 22-ാംനു സിദ്ധപദം പ്രാപിച്ച ഫാദർ വിൻസെൻസൊ പല്ലോത്തി. (10-ാം പേജിൽ റോമാവാൎത്തകൾ നോക്കുക)

സഭയോടുള്ള (ബാഹ്യ)ബന്ധം കൈവെടിയുന്നതുവരെ മാത്രമേ "പട്ടത്ത"ത്തിനു പ്രസ്തുതശക്തിയുള്ളുവെന്നു് ഒരു പക്ഷേ യാക്കോബായക്കാർ വാദിച്ചേക്കും. യാക്കോബായസഭയിലെ പ്രമാണവേദശാസ്ത്രജ്ഞന്മാരായ അന്ത്യോക്യാപാത്രിയൎക്കീസു മാർ സെവേറിയൂസ്, മാബോഗിലെ മാർ ഫിലെക്സീനോസു്, ബർ എബ്രായ എന്നിവർ ഇതിനു സമാധാനം പറയുന്നുണ്ടു്. ഒരു യഥാൎത്ഥ യാക്കോബായക്കാരൻെറ ദൃഷ്ടിയിൽ യാക്കോബായക്കാരല്ലാത്തവരും അവരുടെ മെത്രാന്മാരും യാക്കോബായ സഭയോടു ബന്ധമില്ലാത്തവരാണു്. ഈ കാരണത്താൽ യാക്കോബായക്കാരല്ലാത്ത മെത്രാന്മാർ കൊടുക്കുന്ന പട്ടം യാക്കോബായ സിദ്ധാന്തപ്രകാരം അസാധുവായിരിക്കേണ്ടതത്രേ. എന്നാൽ മുൻപറഞ്ഞ വേദശാസ്ത്രജ്ഞന്മാരുടെ നിശ്ചയപ്രകാരം ഈ അനുമാനം സ്വീകാൎയ്യമല്ല. "ഇരുസ്വഭാവവാദികളിൽ" നിന്നു് (അതായതു കത്തോലിക്കർ, നെസ്തോറിയർ ആദിയായവരിൽനിന്നു്) യാക്കോബായസഭയിലേക്കു ആരെങ്കിലും ചേരുന്നപക്ഷം അവരുടെ മാമ്മോദീസായോ പട്ടമോ ആവൎത്തിക്കേണ്ടതില്ലെന്നാണു് പ്രസ്തുത വേദശാസ്ത്രജ്ഞന്മാരുടെ നിശ്ചയം. മാർ ഫിലക്സീനോസു മാർ സെവേറിയൂസിൻെറ നിശ്ചയത്തെ ഉറപ്പിച്ചു പറയുന്ന ഭാഗം ബർ എബ്രായ ഇപ്രകാരം രേഖപ്പെടുത്തുന്നു: "സഭയിൽ സമാധാനമുണ്ടാകേണ്ടതിലേക്കായി വിശുദ്ധനായ സെവേറിയൂസു തീർച്ചചെയ്യുകയുണ്ടായി, "ഇരുസ്വഭാവവാദികളുടെ" ഇടത്തൂടിൽനിന്നു തിരിഞ്ഞുവരുന്ന മെത്രാന്മാൎക്കും, പട്ടക്കാൎക്കും, ശമ്മാശന്മാൎക്കും "അഴിച്ചു പട്ടം കൊടുക്കേണ്ട"തില്ലെന്നു്. ഇവർ ഏതു് ഇടത്തൂടിൽനിന്നു തിരിഞ്ഞുവരുന്നുവോ ആ ഇടത്തൂടു പരിത്യജിക്കയും, പരിഹാരത്തിനുള്ള കാലാവധി അവസാനിക്കയും ചെയ്യുന്നതോടെ ഇവരുടെ "പട്ടത്ത"ത്തിലും അതിൻെറ പദവികളിലും ഇവർ നിന്നുകൊണ്ടു് ശുശ്രൂഷകൾ നടത്തേണ്ടതാകുന്നു." നെസ്തോറിയരുടെ പട്ടംപോലും ആവൎത്തിക്കേണ്ടതില്ലെന്നാണല്ലൊ ഇതിൽനിന്നു വിശദമാകുന്നതു്. ചില നെസ്തോറിയൻ മെത്രാന്മാരും പട്ടക്കാരും ഈ വിധത്തിൽ യാക്കോബായസഭയിലേക്കു സ്വീകരിക്കപ്പെട്ടതായും രേഖകളുണ്ടു്. നെസ്തോറിയരെ എന്നപോലെ വേറെ ആരേയും യാക്കോബായസഭ മുടക്കുകയോ ശപിക്കുകയോ ചെയ്യുന്നില്ല എന്നും പ്രസ്താവിക്കേണ്ടതായിട്ടുണ്ടു്. ഈ സ്ഥിതിക്കു് മുടക്കും ശാപവും "പട്ടത്ത"ത്തിൻെറ പ്രവൎത്തനശക്തി ക്ഷയിപ്പിക്കുന്നു എന്നു് ധൈൎയ്യപൂൎവ്വം പറയുവാൻ ഒരു യാക്കോബായക്കാരനു സാധിക്കുന്നതാണോ? എങ്കിലും മെത്രാൻകക്ഷിയിൽ പട്ടമേററ ചിലൎക്കു ബാവാകക്ഷികൾ "അഴിച്ചു പട്ടം കൊടുക്കുക"യുണ്ടായിട്ടുണ്ടു്! മുടക്കേററവരിൽനിന്നു പട്ടമേററവർ കേവലം അൽമേനികളാണെന്നു പ്രഖ്യാപനങ്ങളും ഉണ്ടായിട്ടില്ലയോ?

കൂനൻകുരിശുസത്യം കഴിഞ്ഞശേഷം കേരളീയരിൽ ഒരു ഭാഗം അന്ത്യോക്യരെ സമീപിച്ചു. സാധുവായ "പട്ടത്തം" ലഭിക്കുവാൻ വേണ്ടി മാത്രമാണു് കേരളീയർ അപ്രകാരം പ്രവൎത്തിച്ചതു്. യാക്കോബായ വിശ്വാസമോ, ആചാരങ്ങളോ, റീത്തോ സ്വീകരിക്കണമെന്നുള്ള ഉദ്ദേശ്യം കേരളീയൎക്കില്ലായിരുന്നു. ഈ മനഃസ്ഥിതിയുള്ള ഒരു ഗണം ക്രിസ്ത്യാനികളെ സ്വാധികാരത്തിനു കീഴ്പെടുത്തിനിറുത്തണമെങ്കിൽ മുടക്കു "പട്ടത്ത"ത്തിൻെറ ശക്തി ക്ഷയിപ്പിക്കുന്നു എന്നുള്ള ധാരണ അവരിൽ ദൃഢമൂലമാക്കേണ്ട ആവശ്യമുണ്ടെന്നു അന്ത്യോക്യർ നല്ലവണ്ണം മനസ്സിലാക്കി. തന്നിമിത്തം സ്പഷ്ടങ്ങളായ യാക്കോബായരേഖകളെപ്പോലും അവഗണിച്ചു പ്രവൎത്തിക്കുവാൻ അവർ സന്നദ്ധരായിത്തീൎന്നു.

യാക്കോബായ സഭയിലെ "പട്ടത്തം" സാധുവാണെന്നു കത്തോലിക്കർ സമ്മതിക്കുന്നതുകൊണ്ടു് യാക്കോബായസഭ രക്ഷാമാൎഗ്ഗമാണെന്നു സിദ്ധിക്കുന്നില്ല. യാക്കോബായസഭ ഒരു ശീശ്മസഭയാണു്. നിത്യരക്ഷയെ തടയുന്ന ഒരു മഹാപാപമാണല്ലോ ശീശ്മ.

—

പുസ്തകാഭിപ്രായം

## ഫ്രാൻസിസ് സേവ്യർ

(ഗ്രന്ഥകൎത്താ: ഇ. എ. കാർളോസ്. പക്ഷം 106. വില രൂപാ 1. കാത്തലിക്ക പ്രസ്സ്, കൊല്ലം)

സുമാർ ഒരുമാസംമുമ്പു കാലയവനികയ്ക്കുള്ളിൽ അന്തർധാനംചെയ്ത അനുഗൃഹീതതൂലികാകാരനായ ഇ. എ. കാർളോസ് അവർകളുടെ അന്തിമസാഹിത്യോപഹാരമാണു് ഐക്യസംസ്ഥാനരൂപവൽകരണത്തോടുകൂടെ ഭൂപടത്തിൽനിന്നു മറഞ്ഞുപോയ വേണാടിൻെറ "വലിയ പാതിരി", "ഇന്ത്യയുടെ ദ്വിതീയ സ്ലീഹാ", "ധീരപുണ്യങ്ങളുടെ വിളനിലം" എന്നീനാമങ്ങളിൽ അറിയപ്പെടുന്ന ഫ്രാൻസീസു സേവിയർ പുണ്യവാൻെറ പുതിയ ജീവചരിത്രം. അഞ്ഞൂറുപക്ഷമുള്ള തൻെറ കൃതിയെ നാലായി ഭാഗിച്ചു് ഒന്നാമത്തേഭാഗം അച്ചടിച്ചു ജീവചരിത്ര സാഹിത്യകുതുകികളുടെ മുമ്പിൽ വച്ചിരിക്കുകയാണു ഗ്രന്ഥകാരൻ. ഇതിനു ലഭിക്കുന്ന പ്രോത്സാഹനംകൊണ്ടു ശേഷം മൂന്നുഭാഗങ്ങൾക്കൂടെ ക്രമേണ പ്രസിദ്ധം ചെയ്യണമെന്നായിരുന്നു ഗ്രന്ഥകാരൻ ആകാശക്കോട്ടകൾ കെട്ടിയിരുന്നതു്. പ്രസിദ്ധീകരിക്കാത്ത ഭാഗങ്ങൾക്കൂടി വായിച്ചിട്ടുള്ള അവതാരകൻ ഡോക്ടർ പി. ജെ. തോമസ് കാർളോസിൻെറ കൃതിയെ വളരെ പ്രശംസിച്ചിട്ടുണ്ടു്. ക്രിസ്ത്യാനികളിൽ എല്ലാ വകുപ്പുകാരും ഇതു വായിക്കണം. ക്രിസ്ത്യാനികളുടെ സ്കൂളുകളിൽ പാഠപുസ്തകമായി സ്വീകരിക്കണമെന്നെല്ലാം അവതാരകനു് അഭിപ്രായമുണ്ടു്.

ഒ. എം. ചെറിയാൻ കൈയെഴുത്തുപ്രതി വായിച്ചു് ഒമ്പതു കൊല്ലങ്ങൾക്കുമുമ്പു് ഇപ്രകാരം പ്രസ്താവിച്ചിട്ടുണ്ടു്: "ക്രൈസ്തവധൎമ്മത്തിൻെറ ഉൽകൃഷ്ടപാരമ്യത്തിനു ജീവിതസാക്ഷ്യം വഹിച്ചു കാലം പോകവേ പോകവേ, പെരുമയെ വളൎത്തി വളൎത്തി—ലോകാഭരണനായ—ശൌര്യർ പുണ്യവാനെ, ആരും രോമോത്സവം പൂഴമാറും ആരിലും ധൎമ്മബോധം പ്രബുദ്ധമാകുമാറും ഈ പുസ്തകത്തിൽ കാണാം. പഠിതാവിൻെറ മനസ്സിൽ വൃത്തിപരമായ അപകൎഷം അല്പമെങ്കിലും ഭവിക്കാത്ത രീതിയിലും ലോകാന്തരവിചിന്തനം പ്രബുദ്ധമാകുംവണ്ണവും മി. കാർളോസു ചെയ്തിരിക്കുന്ന വിധാനം വിശിഷ്ടമായിരിക്കുന്നു."

പ്രസിദ്ധീകൃതമായിരിക്കുന്ന ഒന്നാംഭാഗത്തിൽ പത്തു് അദ്ധ്യായങ്ങളാണുള്ളതു്. മുപ്പത്തഞ്ചുകൊല്ലത്തേ ജീവചരിത്രം ഈ അദ്ധ്യായങ്ങളിൽ സമാഹരിച്ചിട്ടുണ്ടു്. ഇന്ത്യയിലേക്കു കപ്പൽകയറുന്ന രംഗമാണു പുസ്തകത്തിൻെറ അന്ത്യപക്ഷത്തിൽ കാണുന്നതു്. പുസ്തകം ഒരു പരിഭാഷയല്ല. ആംഗ്ലേയഭാഷയിൽ രചിതമായിട്ടുള്ള പതിനെട്ടു കൃതികൾ വായിച്ചു എഴുതിയിട്ടുള്ളതാണു തൻെറ ഗ്രന്ഥമെന്നു മി. കാർളോസ് തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടു്.


സത്യദീപം

വായിച്ചശേഷം

സത്യദീപം വായിച്ചശേഷം, മററുള്ളവരുടെ ഇടയിൽ വിതരണംചെയ്യുന്നതിനായി താഴെപറയുന്ന മേൽവിലാസത്തിൽ അയച്ചുതരുവാനപേക്ഷ.
റവ. ഫാദർ മാത്യു പെരുമ്പള്ളി,
സെൻറ് മേരീസ് ചൎച്ച്, കുന്നംകുളം.


ഗ്രന്ഥകാരനു ഗദ്യവും പദ്യവും നന്നായി എഴുതുവാൻ കഴിയുമെന്നു് ഇതിനകം പ്രസിദ്ധംചെയ്തിട്ടുള്ള പല കൃതികളിൽനിന്നും വ്യക്തമാണു്. നല്ല ഗദ്യമെഴുതുന്നതിനു നല്ല പദ്യമെഴുതാനുള്ള വാസന എത്രയും സഹായകമായിരിക്കുമല്ലോ. വാക്യങ്ങളുടെ സരളത പദ്യകൃത്തുകൾക്കു ശ്രമരഹിതമായിത്തന്നെയുണ്ടായിരിക്കും. ഈ ജീവചരിത്രത്തിൽ തന്നെ അവിടവിടെയായി ഗ്രന്ഥകാരൻെറ സ്വന്തം പദ്യങ്ങൾ കാണാം. ഒരുദാഹരണം കീഴെ ചേൎക്കുന്നു:

ഉന്നതഭാഗ്യങ്ങളൊന്നും സ്ഥിരമല്ല
ഇന്നതിന്നാൎക്കേവരുമെന്നില്ല
വേണ്ട പറയേണ്ട എൻെറയാഭാഗ്യങ്ങൾ
വീണ്ടും വരാതെ പറന്നുപോയി.


ഹൃദയഗീതത്തിൽനിന്നു ഒരുദാഹരണംകൂടെ ഉദ്ധരിക്കാം.

കാലമങ്ങനെ പോയി ശിശിരവും
ശ്രീലമാകുംവസന്തവുംമാഞ്ഞുപോയ്
ആൎത്തുപാടിയ പക്ഷികളൊക്കെയു-
മോൎത്തിരിക്കുന്നു മാനസമാററങ്ങൾ
താടിനീട്ടിവളൎത്തിയ യോഗിതൻ
കൂടെ മറെറാരു യോഗിയും നില്ക്കുന്നു.

നാശം കാണാത്ത ശരീരത്തെ ഭൂമിയിൽവച്ചുകൊണ്ടു 45-ാമത്തേ വയസ്സിൽ ആകാശത്തിലേക്കു പറന്നുപോയ പ്രേഷിതവീരനെ അധികരിച്ചു ഗദ്യപദ്യവിദഗ്ദ്ധനായ തൂലികാകാരൻ നല്കിയിട്ടുള്ള ഈ ജീവചരിത്രഗ്രന്ഥം ആകർഷകംതന്നെ. മി. കാർളോസ്! താങ്കളുടെ കഥാപാത്രംതന്നെ താങ്കൾക്കു് മാദ്ധ്യസ്ഥം വഹിച്ചു ദിവ്യഗുരുവിൽനിന്നു നിത്യസമ്മാനം നല്കുമാറാകട്ടെ. മററുഭാഗങ്ങളും അതിശീഘ്രം പ്രസിദ്ധം ചെയ്തു താങ്കളുടെ മഹനീയോദ്ദേശം സാധിതമാകുന്നതിനു സ്വൎഗ്ഗത്തിൽനിന്നു താങ്കൾതന്നെ പ്രാൎത്ഥിച്ചാൽ മതിയല്ലോ. മി. കാർളോസിൻെറ മിത്രങ്ങൾക്കു തങ്ങളുടെ സ്നേഹപ്രകടനത്തിനുള്ള സുവൎണ്ണസന്ദർഭം.

T. M.

## ഷെവലിയർ സി. വി. ആൻറണി നിര്യാതനായി



കൊച്ചി ചീഫ് കോടതിയിലെ ചീഫ് ജസ്റ്റീസായിരുന്ന പെൻഷൻപററിയ ഷെവലിയർ റാവുസാഹിബ് സി. വി. ആൻറണി അവർകൾ ഫെബ്രുവരി 26-ാംനു 73-ാമത്തെ വയസ്സിൽ നിര്യാതനായിരിക്കുന്നു. ശവസംസ്കാരകർമ്മം സ്വദേശമായ ഒല്ലൂർവച്ച് തൃശ്ശൂർ രൂപതാ വികാരി ജനറാൾ മൊറോൺ. ആൻറണി പുത്തൂർ അവർകളുടെ പ്രധാന കാർമ്മികത്വത്തിലും 50 ൽപ്പരം വൈദികരുടെ സാന്നിദ്ധ്യത്തിലും നിർവ്വഹിക്കപ്പെട്ടു.

## തി-കൊ-വാർത്തകൾ

സെക്കണ്ടറി വിദ്യാഭ്യാസപരിഷ്കരണാർത്ഥം അന്വേഷണങ്ങൾ നടത്തി റിപ്പോർട്ടു സമർപ്പിക്കുന്നതിലേക്ക് കേന്ദ്രഗവൺമെൻറ് ഒരു കമ്മിററിയെ നിയോഗിക്കുന്നതാണെന്നും പ്രസ്തുതകമ്മിററി റിപ്പോർട്ടു സമർപ്പിക്കുന്നതുവരെ ഐക്യസംസ്ഥാനഗവൺമെൻറ് സെക്കണ്ടറി വിദ്യാഭ്യാസകാര്യത്തിൽ യാതൊരു വ്യത്യാസവും നടപ്പിലാക്കുവാൻ പാടില്ലെന്നും റിപ്പോർട്ട് സമർപ്പണകാര്യത്തിൽ കമ്മിററിക്കു വേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കേണ്ടതാണെന്നും നിർദ്ദേശിച്ചുകൊണ്ട് കേന്ദ്രഗവൺമെൻറ് ഒരു കമ്പിസന്ദേശം അയച്ചിരിക്കുന്നു.

—ആലുവാക്കടുത്തുള്ള കീഴ്മേട് എന്ന സ്ഥലത്ത്, വയോജനവിദ്യാഭ്യാസം, പാരമ്പര്യബോധനം, അടിസ്ഥാനവിദ്യാഭ്യാസം, റിഫ്രഷർ കോഴ്സുകൾ മുതലായ വിവിധ ശാഖകളടങ്ങിയ ഒരു സാമൂഹ്യവിദ്യാഭ്യാസകേന്ദ്രം സർവ്വോദയവിദ്യാഭ്യാസസമിതിയുടെ ആഭിമുഖ്യത്തിൽ രൂപവൽക്കരിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. ഈ വിദ്യാലയത്തിനു ഗവൺമെൻറിൽനിന്നും സഹായധനം ലഭിക്കുന്നതാണ്.

—നിർബന്ധിതപ്രാഥമിക വിദ്യാഭ്യാസം പുതുതായി ഒരു സ്ഥലത്തും അടുത്ത വർഷത്തിൽ വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നില്ലെന്നറിയുന്നു.

—തിരുവിതാംകൂർ സർവ്വകലാശാലയിലെ ഉദ്യോഗനിയമനങ്ങളെ സംബന്ധിച്ച് ഗവൺമെൻറിനു ലഭിച്ചിട്ടുള്ള പരാതികളെ ആസ്പദമാക്കി ഏപ്രിൽ 1-ാംനു മുതൽ സർവ്വകലാശാലാനിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്നതാണ്.

—വണ്ടൻമേട്ടിലുള്ള 50000 ഏക്കർ സ്ഥലം കൃഷിക്കു വേണ്ടി പതിച്ചുകൊടുക്കാൻ തീരുമാനിച്ചിരിക്കുന്നതായി ഗവൺമെൻറിൽനിന്നും ഒരു പ്രസ്സ്നോട്ടു പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. സ്വന്തം വീടും സ്ഥലവുമില്ലാത്തവർക്കേ ഇതിനർഹതയുള്ളു. അപേക്ഷകർക്കു കുത്തകപ്പാട്ടംവ്യവസ്ഥയിൽ, പത്തേക്കർ സ്ഥലംവരെ നല്കാനാണുദ്ദേശം. ഇതിലേക്കുള്ള അപേക്ഷകൾ മാർച്ച് 11-ാംനുക്കകം ഫുഡ് പ്രൊഡക്ഷൻ സെക്രട്ടറിക്കു ലഭിച്ചിരിക്കേണ്ടതാണ്. അർഹതയുള്ളവർക്കു ഗവൺമെൻറിൽനിന്നും ആവശ്യാനുസരിച്ച് ധനസഹായവും നല്കുന്നതായിരിക്കും.

—കൊച്ചി, വില്ലിംഗ്ടൺ ദ്വീപിൽ സ്ഥാപിക്കുവാനുദ്ദേശിക്കുന്ന ഇൻഡ്യൻ നാവികപരിശീലന വിദ്യാലയത്തിൻറെ ശിലാസ്ഥാപനകർമ്മം ഇൻഡ്യൻ ഡിഫൻസുവകുപ്പുമന്ത്രി സർദാർ ബലദേവ് സിംഗ് ഫെബ്രുവരി 25-ാംനു നിർവ്വഹിച്ചിരിക്കുന്നു. തദവസരത്തിൽ കൊച്ചി മഹാരാജാവു തിരുമേനി, എറണാകുളം വരാപ്പുഴ മെത്രാപ്പോലീത്താ തിരുമേനിമാർ, ചീഫ് ജസ്റ്റീസ്, ചീഫ് മിനിസ്റ്റർ തുടങ്ങി അനവധി പ്രശസ്താതിഥികൾ സന്നിഹിതരായിരുന്നു.

# കൊററമത്തു പള്ളിയിൽ

## നാല്പതുമണി ആരാധനയും— ദിവ്യകാരുണ്യമഹായോഗങ്ങളും

### 1950 മാർച്ച് 6, 7, 8, 9 (കുംഭം 23—26) എന്നീ തീയതികളിൽ

എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടും വരാപ്പുഴ മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടും തിരുക്കർമ്മങ്ങളിൽ പ്രധാനകാർമ്മികത്വം വഹിക്കുകയും പൊതുയോഗങ്ങളിൽ അദ്ധ്യക്ഷപദം അലങ്കരിക്കുകയും ചെയ്യുന്നതാണ്.

വികാരി

## ഇൻഡ്യാവാർത്തകൾ

വൈദ്യസംബന്ധവും ശാസ്ത്രീയവുമായ ഉദ്ദേശങ്ങൾക്കൊഴികെ കറുപ്പിൻെറ ഉപയോഗം അടുത്ത പത്തുവർഷത്തിനുള്ളിൽ പൂർണ്ണമായി നിരോധിക്കണമെന്നും അതിലേക്ക് കറുപ്പിൻെറ ഉൽപാദനം ക്രമേണ ചുരുക്കേണ്ടതാണെന്നും ഇൻഡ്യൻ നാട്ടുരാജ്യധനകാര്യമന്ത്രിമാരുടെ കോൺഫറൻസ് പ്രഖ്യാപിച്ചിരിക്കുന്നു.

—ഇൻഡ്യയിലെ പൊതുതിരഞ്ഞെടുപ്പ് 1951 ജനുവരിയിൽ നടത്തണമെന്ന് പ്രധാനമന്ത്രി പണ്ഡിററ് നെഹ്റു നിർദ്ദേശിച്ചിട്ടുള്ളതായറിയുന്നു.

—ഷൊർണ്ണൂർ-കൊച്ചി റെയിൽവേയും എസ്. ഐ. ആർ.-തിരുവനന്തപുരം റെയിൽവേയും തമ്മിൽ ഘടിപ്പിക്കുവാനുള്ള സർവ്വേ ഉടനെതന്നെ ആരംഭിക്കുന്നതാണെന്ന് ഇൻഡ്യൻ റെയിൽവേമന്ത്രി പ്രസ്താവിച്ചിരിക്കുന്നു.

—ഉൽപാദനമാർഗ്ഗങ്ങൾ പരിഷ്കരിച്ച് കുടിൽവ്യവസായങ്ങളെ പുനസംഘടിപ്പിക്കുവാൻ കേന്ദ്രവ്യവസായമന്ത്രി ഡോക്ടർ മുക്കർജി അഭ്യർത്ഥിച്ചിരിക്കുന്നു. ഇതിലേക്കായി അടുത്തുതന്നെ അലിഗറിൽ ഒരു കുടിൽവ്യവസായകേന്ദ്ര ഇൻസ്റ്റിററ്യൂട്ട് സ്ഥാപിക്കുന്നതാണ്.

—

## പ. പിതാവിൻെറ അനാരോഗ്യാവസ്ഥ

മാർപ്പാപ്പാ തിരുമനസ്സിലെ ശിലായ്മ തുടർന്നുകൊണ്ടിരിക്കുന്നതായി പത്രറിപ്പോർട്ടുകളിൽ കാണുന്നു. കാലിലെ രക്തധമനികളെ സംബന്ധിച്ച രോഗമാണത്രെ തിരുമേനിയെ ബാധിച്ചിരിക്കുന്നതു്.

## റവ. ഫാ ജോസഫ് തോട്ടകത്തു്

ഇൻഡ്യൻ പാർലിമെൻറിലേക്ക് ആംഗ്ലോഇൻഡ്യൻ (?) അഖിലഭാരത കത്തോലിക്കാ യൂണിയൻ, എറണാകുളം സെൻറ് ആൽബർട്ട്സ് കോളെജിലെ വൈസ് പ്രിൻസിപ്പാളായിരുന്ന റവ. ഫാ. ജോസഫ് തോട്ടകത്തു് ബി. എ. ബി. ടി. അവർകളെ രൂപംചെയ്തിട്ടുള്ളതായറിയുന്നു. ഫാ. തോട്ടകത്തു് അഖിലഭാരത വിദ്യാഭ്യാസസമിതിയിലെ ഒരംഗമാണ്.

### ചോദ്യോത്തരപംക്തി

ചോ: 1950 ഫെബ്രുവരി 15-ാംനുയിലെ സത്യദീപത്തിൽ വി. യൂദാശ്ലീഹായുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതായി "ഉപകാരസ്മരണ" എന്ന തലക്കെട്ടിൽ എഴുതിയിരിക്കുന്നു. യൂദാസ് കർത്താവിനെ ഒററിക്കൊടുത്തെന്നും നിരാശയിൽപ്പെട്ട് മരിച്ചെന്നും മററും പറഞ്ഞിരിക്കെ യൂദാസിനെ വിശുദ്ധനെന്നു നാമകരണം ചെയ്തിട്ടുണ്ടോ എന്നു ബലമായ ഒരു സംശയം.

ഉ. കർത്താവിനെ ഒററിക്കൊടുത്ത യൂദാസ്കറിയോത്തായെ ആരും വിശുദ്ധനായി പരിഗണിക്കുന്നില്ല. "ഉപകാരസ്മരണ"യിൽ പറയുന്നതു കർത്താവിൻെറ ശിഷ്യനും ചെറിയ യാക്കോബിൻെറ സഹോദരനുമായിരുന്ന യൂദാ തദേവൂസ്ശ്ലീഹായെ ഉദ്ദേശിച്ചാണ്.

## ബ്രിട്ടനിലെ തിരഞ്ഞെടുപ്പ്

ബ്രിട്ടനിലെ പൊതുതിരഞ്ഞെടുപ്പിൻെറ ഫലം ഫെബ്രുവരി 7-ാംനുയോടുകൂടി പൂർണ്ണമായും പ്രഖ്യാപിതമായിരിക്കുന്നു. വിവിധകക്ഷികൾക്കു ലഭിച്ചിരിക്കുന്ന സീററുകളുടെ എണ്ണം താഴെ ചേർക്കുന്നു.

| | |
|---|---|
| തൊഴിലാളി | 315 |
| യാഥാസ്ഥിതികർ | 296 |
| ലിബറൽ | 9 |
| ഐറിഷ് നാഷനലിസ്റ്റ് | 2 |
| സ്വതന്ത്രലിബറൽ | 1 |

ആരോഗ്യപംക്തി

## ദന്തസംരക്ഷണം

(എ. വി. തോമസ്)

ആരോഗ്യം എല്ലാവരും ആഗ്രഹിക്കുന്ന ഒന്നാണെങ്കിലും തൽസമ്പാദനത്തിനാവശ്യമായ നിയമങ്ങൾ പാലിക്കുന്നതിൽ നിഷ്കർഷയുള്ളവർ വളരെ കുറവത്രെ. ആരോഗ്യം കാംക്ഷിക്കുന്ന ഏവനും അവശ്യം ചെയ്യേണ്ടകാര്യമാണ് തൻെറ പല്ലുകൾ കേടുകൂടാതെ സൂക്ഷിക്കുകയെന്നുള്ളതു്. മനുഷ്യനെ ബാധിക്കുന്ന പല രോഗങ്ങളുടെയും നിദാനം ദുഷിച്ച പല്ലുകളാണ്. തന്മൂലം പല്ലുകൾ കേടുകൂടാതെ ആരോഗ്യമായി സംരക്ഷിക്കുകയെന്നതു് ആരോഗ്യപാലനത്തിനു് അത്യന്താപേക്ഷിതമാണ്.

മനുഷ്യൻെറ ശരീരത്തിൻെറ ഭാഗമായിത്തീരേണ്ട ഭക്ഷണസാധനങ്ങളെ ശരിയായി പൊടിച്ചരയ്ക്കുക എന്നതാണ് പല്ലുകളുടെ ജോലി. ധാന്യങ്ങൾ പൊടിക്കുന്ന ഒരു മില്ലിനോടു പല്ലുകളെ ഉപമിക്കാം. സാധനങ്ങൾ മില്ലിൻെറ അടിയിൽ എത്തിച്ചുകൊടുക്കുന്ന ഒരു കൈയായിട്ട് നാവിനെയും ഉപമിക്കാം. പല്ലുകൾക്കു കേടുവന്നാൽ ഭക്ഷ്യപദാർത്ഥങ്ങൾ ശരിയായി ചവച്ച് ദഹനക്ഷമമായ പാകത്തിൽ എത്തിക്കുക എളുപ്പമല്ല. ആരോഗ്യസമ്പാദനത്തിനുവേണ്ട വ്യായാമങ്ങൾ നിഷ്കർഷയായി ചെയ്യുകയും ദഹനേന്ദ്രിയങ്ങൾ ശരിയായി പ്രവർത്തിക്കുകയും ചെയ്താലും വായും പല്ലുകളും രോഗവിമുക്തമല്ലെങ്കിൽ ശരിയായ ആരോഗ്യം ഉണ്ടാവുക സാദ്ധ്യമല്ല.

ഒരു ശിശു ജനിച്ച് ആറുമാസമാകുമ്പോഴേക്കു് പല്ലുകൾ വന്നു തുടങ്ങും. രണ്ടുവർഷംകൊണ്ടു് ആദ്യത്തെ പല്ലുകൾ എല്ലാം വന്നുകഴിയും. ഇവയ്ക്കു "ക്ഷീരദന്തങ്ങൾ" എന്നു പറയുന്നു. പതിനാറു വയസ്സാകുമ്പോഴേക്കു് ഇവ പോയിത്തുടങ്ങുകയും മാറു പല്ലുകൾ വരുകയും ചെയ്യുന്നു. ഇരുപത്തഞ്ചു വയസ്സാകുമ്പോഴേക്കു എല്ലാ പല്ലുകളും വന്നുകഴിയും. ആകെ 32 പല്ലുകൾ ഉണ്ടായിരിക്കും.

ഡെൻറീൻ (dentin) എന്നു പറയുന്ന ഒരു സാധനംകൊണ്ടാണ് പല്ലുകൾ നിർമ്മിക്കപ്പെട്ടിട്ടുള്ളതു്. ഒരു പല്ലിനെ മൂന്നു ഭാഗമായി തിരിക്കാം—അടി, മദ്ധ്യം, അഗ്രം. പല്ലിൻെറ അടിഭാഗം മോണയ്ക്കുള്ളിലാണ്; അഗ്രഭാഗമാണു നാം പുറത്തുകാണുന്നതു്. ഈ അഗ്രഭാഗം വെളുത്തു തിളങ്ങുന്ന കട്ടിയുള്ള ഒരു സാധനംകൊണ്ടു മൂടിയിരിക്കുന്നു. ഇനാമൽ എന്നാണ് ഇതിൻെറ പേർ. ഇതു് പെട്ടെന്നു തേഞ്ഞുപോയാൽ പിന്നീടു് ഉണ്ടാകുന്നതല്ല.

നാം തിന്നുകയും കുടിക്കുകയും ചെയ്യുന്ന സാധനങ്ങൾ എല്ലാംവായിൽക്കൂടെ ആമാശയത്തിലേക്കു പോകുന്നു വായിലോ പല്ലുകൾക്കോ എന്തെങ്കിലും രോഗമുണ്ടെങ്കിൽ പ്രസ്തുത രോഗബീജങ്ങൾ ഭക്ഷണപദാർത്ഥങ്ങളിൽക്കൂടി ആമാശയത്തിലേക്കു കടക്കുന്നു. തന്മൂലം അജീർണ്ണം, മലബന്ധം, ആമാശയക്കുരുക്കൾ മുതലായ രോഗങ്ങൾ ദുഷിച്ച പല്ലുകൾ മൂലം ഉണ്ടാകുന്നതിനിടയാകുന്നു ഇക്കാരണത്താൽ പല്ലുകൾ ശുചിയായും ആരോഗ്യമായും സൂക്ഷിക്കേണ്ടതിൻെറ ആവശ്യകത പ്രസ്പഷ്ടമാണല്ലോ.

പല്ലിൻെറ അടിഭാഗത്തു് ദന്തശർക്കര (tartar) വന്നുകൂടുന്നു. മാംസഗ്രന്ഥികളിൽനിന്നും പല്ലിനിടയിൽ തങ്ങിയിരിക്കുന്ന ഭക്ഷ്യപദാർത്ഥങ്ങളിൽനിന്നും ഊറിയാണ ഇതുണ്ടാകുന്നതു്. ഇതു രോഗബീജങ്ങളുടെ വളർച്ചയെ സഹായിക്കുന്നു. ഭക്ഷണത്തോടൊന്നിച്ച് ഈ രോഗബീജങ്ങൾ നാം വിഴുങ്ങുകയും ഇവ പല രോഗങ്ങൾക്കും കാരണമായിത്തീരുകയും ചെയ്യുന്നു.

വായ് എപ്പോഴും വൃത്തിയായി സൂക്ഷിക്കണം. കാലത്തും വൈകിട്ടും ഉപ്പുവെള്ളംകൊണ്ടു് വായും പല്ലും ശുചിയാക്കണം. ആഹാരം കഴിഞ്ഞു് പൊട്ടാസിയം പെർമാംഗനേററ് വെള്ളം കവിൾക്കൊള്ളുന്നതു വായും പല്ലും ശുദ്ധമാകുവാൻ വളരെ ഉപകരിക്കും.

അതിയായ തണുപ്പും വളരെ ചൂടോ ഉള്ള സാധനങ്ങൾ കുടിക്കുന്നതു് പല്ലിനു ദോഷകരമാണ്. തന്മൂലം പല്ലു ദ്രവിച്ചു പോകുന്നതിനും പയോറിയാ ഉണ്ടാകുന്നതിനും ഇടയാകുന്നു. ഭക്ഷണാംശങ്ങൾ പല്ലിനിടയിൽ ഇരിക്കുവാൻ അനുവദിക്കുന്നതും പല്ലിനു രോഗമുണ്ടാക്കുന്നു. അവ അവിടെ ഇരുന്നു ദ്രവിച്ചു പുളിക്കുകയും തന്മൂലം മോണയ്ക്കു പഴുപ്പുണ്ടാകുകയും പഴുപ്പിൽനിന്നും ചലം ഉത്ഭവിക്കുകയും ചെയ്യുന്നു. ഇങ്ങനെ ചലം ഉണ്ടാകുമ്പോഴാണ് പയോറിയാ എന്നു പറയുന്നതു്. ഈ ചലത്തിൽ അധികപങ്കും വയററിലേക്കു വിഴുങ്ങിപ്പോകുന്നു തൊണ്ട, കണ്ഠനാളം, കുറനാക്കു ഇവയ്ക്കെല്ലാം ഈ ചലംമൂലം ദോഷം തട്ടുന്നു, വയറിനും കുടലുകൾക്കും രോഗമുണ്ടാകുന്നു. ഇതു മററനവധി രോഗങ്ങൾക്കു നിദാനമായിത്തീരുന്നു. ഇങ്ങനെ ആകപ്പാടെ ആരോഗ്യം നശിച്ചുപോകുന്നു.

അതുകൊണ്ടു് വായും പല്ലുകളും ശുചിയായി സൂക്ഷിക്കുക. ആഹാരം കഴിഞ്ഞു് മുകളിൽ പറഞ്ഞവിധം പല്ലുകൾ കഴുകുകയും ബ്രഷോ വിരലോകൊണ്ടു് അവയുടെ ഇടയിലുള്ള ഭക്ഷണാംശങ്ങൾ തട്ടിക്കളയുകയും ചെയ്യുക. വർഷത്തിൽ ഒരിക്കലെങ്കിലും ദന്തവൈദ്യൻെറ പക്കൽപോയി പല്ലുകൾക്കു് എന്തെങ്കിലും സുഖക്കേടുണ്ടോ എന്നു പരിശോധിപ്പിക്കുന്നതും വളരെ നല്ലതാണ്.

# കത്തോലിക്കരുടെ അവകാശസംരക്ഷണം

(ജോൺ അക്കര ബി. എ ബി. എൽ., തൃശ്ശൂർ)

1950 ജാനുവരി 26-ാംനു രാവിലെ 10. 18നു് ഇന്ത്യ പരമാധികാരമുള്ള ജനാധിപത്യ സ്വാതന്ത്ര്യറിപ്പബ്ലിക്കായിത്തീൎന്നു. ഭരണഘടനയനുസരിച്ചു് ആ നിമിഷംമുതൽ ഇന്ത്യൻ പൗരാവലിയെ ഭരിക്കുന്നതു് ഒരു പ്രസിഡണ്ടായിരിക്കും. അദ്ദേഹം പാർലിമെൻററി സമ്പ്രദായമനുസരിച്ചു് മന്ത്രിമാരുടെ ഉപദേശത്തിനു വിധേയനായി അധികാരം പ്രയോഗിക്കും. പാർലിമെൻറിനോടു് തികച്ചും ഉത്തരവാദപ്പെട്ടവരായിരിക്കും മന്ത്രിമാർ. പാർലിമെൻറാകട്ടെ പ്രായപൂൎത്തിവോട്ടവകാശത്തിന്മേൽ നമ്മിൽനിന്നും നാം തിരഞ്ഞെടുത്തു് നമ്മെ ഭരിക്കുന്നതിനയക്കുന്ന ജനപ്രതിനിധികളുടെ സമുച്ചയമാണു്. ഇങ്ങനെ ഇന്ത്യൻ റിപ്പബ്ലിക്കിൻെറ ഏതൊരു ഭരണനടപടിക്കും അംഗീകാരം ലഭിക്കുന്നതു ജനങ്ങളിൽ നിന്നാകുന്നു.

സ്ത്രീപുരുഷഭേദമോ, ജാതിമതഭേദമോ കൂടാതെ 21 വയസ്സായ ഏതൊരു ഇൻഡ്യൻ പൗരനും അവളേയൊ അവനേയൊ ഭരിക്കേണ്ടവർ ആരെല്ലാമെന്നു് നിർദ്ദേശിക്കുവാനുള്ള അധികാരം പ്രായപൂൎത്തിവോട്ടവകാശംവഴി ഇന്ത്യൻഭരണഘടനയിൽ സംസിദ്ധമായിട്ടുണ്ടു്. ഈ അവകാശം ഏതൊരു വിധത്തിൽ വിനിയോഗിക്കുന്നു എന്നതിനെ ആസ്പദിച്ചിരിക്കും ഇന്ത്യൻ സ്വാതന്ത്ര്യത്തിൻെറ മഹനീയതയും ഉൽക്കർഷവും. നിയമസഭയും, അതിനു് വിധേയമായി നില്ക്കുന്ന ഭരണകൂടത്തിനും പുതിയ ഒരു സമുദായത്തെതന്നെ സൃഷ്ടിക്കുന്നതിനുള്ള കഴിവും സാദ്ധ്യതയും ഉണ്ടു്. ആ പുതിയ സമുദായസൃഷ്ടി നാം തിരഞ്ഞെടുത്തയക്കുന്ന നിയമസഭാമെമ്പർമാരെ ആശ്രയിച്ചിരിക്കുന്നു. ആകയാൽ കൎത്തവ്യബോധവും വിവേചനയും പ്രദൎശിപ്പിക്കയാണു് ഓരോ വോട്ടർമാരും അവരുടെ വോട്ടു നല്കുമ്പോൾ ചെയ്യേണ്ടതു്. രാജ്യത്തിൻെറ ആവശ്യം എന്തെന്നും ആ ആവശ്യം നിറവേററുവാൻ പററിയ ഗവമ്മെൻറ് ഏതെന്നും വോട്ടർമാർ മനസ്സിലാക്കി, അങ്ങനെയുള്ള ഒരു ഗവമ്മെൻറ് ഉണ്ടാക്കുവാൻ പററിയ പ്രതിനിധികളെ നിയമസഭയിലേക്കു് തിരഞ്ഞെടുത്തയക്കണം. എന്നാൽ ഒരു കാൎയ്യം നമുക്കു മറക്കുവാൻ വയ്യാ. നമ്മുടെ നാട്ടിലെ സാധാരണജനങ്ങളിൽ രാഷ്ട്രീയപ്രബുദ്ധത തുലോം കുറവാണു്. അവർ സമുദായാടിസ്ഥാനത്തിലാണു് പ്രതിനിധികളുടെ യോഗ്യത നിശ്ചയിക്കുന്നതും നിയമസഭയിലേക്കു തിരഞ്ഞെടുത്തയക്കുന്നതും എന്നു വരുന്നപക്ഷം ഭൂരിപക്ഷസമുദായക്കാൎക്കേ നിയമസഭയിൽ ഭൂരിപക്ഷം ലഭിക്കയുള്ളവെന്നു് സ്പഷ്ടമാണല്ലോ. ഇത്തരുണത്തിൽ, അടുത്ത പൊതുതിരഞ്ഞെടുപ്പിൽ ഹിന്ദുമഹാസഭ എല്ലാ സംസ്ഥാനങ്ങളിലും മത്സരിക്കുന്നതാണെന്നുള്ള ഹിന്ദുമഹാസഭാപ്രസിഡണ്ടു് ഡോ. ഖരെയുടെ പ്രസ്താവന നമ്മെ ഇരുത്തി ചിന്തിപ്പിക്കത്തക്കതാണു്. ആകയാൽ ഭൂരിപക്ഷസമുദായങ്ങൾ ഭരണഘടനയെ ആദരിക്കയും, അതിൻെറ പ്രവൎത്തനത്തിൽ സന്മനസ്സു് പ്രകടമാക്കുകയും ചെയ്യാത്തപക്ഷം ന്യൂനപക്ഷസമുദായക്കാരുടെ ഭാവി പരിതാപകരമായിതിരുമെന്നതിനു സന്ദേഹമില്ല.

ഭരണഘടനയിൽ ന്യൂനപക്ഷസമുദായങ്ങളുടെ പരിരക്ഷ മൗലികാവകാശസംരക്ഷണയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ജാതി മത ഭേദമെന്യേ സകലരുടേയും ജന്മാവകാശം അതിൽ സമാദരിക്കപ്പെട്ടിട്ടുണ്ടു്. അതിലപ്പുറം അവൎക്കു പ്രത്യേകമായി യാതൊരുവിധ പരിരക്ഷയും ഭരണഘടന പ്രദാനംചെയ്യുന്നില്ല. മതേതരരാഷ്ട്രം മതാടിസ്ഥാനത്തിൽ പ്രവൎത്തിക്കുകയല്ല ചിന്തിക്കപോലും ചെയ്യുന്നതു് അപരാധമാണല്ലോ. ഈ തത്വത്തിന്മേൽ ന്യൂനപക്ഷത്തിനു് പ്രത്യേകനിയോജകമണ്ഡലങ്ങൾ പുതിയ ഭരണഘടനയിൽ ഇല്ലാതായി. ന്യൂനപക്ഷസമുദായക്കാൎക്കുള്ള ഏകാശ്വാസം ഭൂരിപക്ഷസമുദായവും ഭരണകൎത്താക്കളും അവരുടെ ജന്മാവകാശങ്ങൾ ആദരിക്കും, അതനുസരിച്ചേ പ്രവൎത്തിക്കയുള്ളവെന്നുള്ള ദൃഢമായ ബോദ്ധ്യം ഒന്നു മാത്രമാണു്. അവരുടെ ഈ വിശ്വാസത്തിനു് അനുഗുണമായി പ്രവൎത്തിക്കാത്തപക്ഷം — താത്വികമായി ഭരണഘടനയിൽ അംഗീകരിച്ചിട്ടുള്ള മൗലികാവകാശങ്ങൾ ആദരിക്കപ്പെടാത്തപക്ഷം — അവൎക്കു് ഒരേ ഒരു പോംവഴിയേ അവശേഷിച്ചിട്ടുള്ളു; അവകാശസംരക്ഷണത്തോടു കുതിരകയറുന്ന ഏതൊരു ശ്രമവും സന്ദർഭവും ഭരണനടപടിയും അപ്പഴപ്പോൾ അധികാരികളുടെ ശ്രദ്ധയിൽ വരുത്തി, വ്യവസ്ഥാപിതമാൎഗ്ഗത്തിൽക്കൂടെ പരിഹാരം കാണുന്നതുവരെ അവകളെ ചെറുക്കുക. മൗലികാവകാശഭംഗം പരോക്ഷമായോ പ്രത്യക്ഷമായോ വരുത്താം. ആദ്യമാദ്യം നിസ്സാരവും, കാലത്തിൻെറ തികവിൽ വീണ്ടെടുപ്പാൻ സാദ്ധ്യമാകാത്ത വിധത്തിലും അതുണ്ടാകാം. ആകയാൽ ഏതൊരു ഭരണനടപടിയും വിദൂരദൃഷ്ടിയോടുകൂടിവേണം ന്യൂനപക്ഷസമുദായക്കാർ വീക്ഷിച്ചുകൊണ്ടിരിപ്പാൻ. അലസരായിരിപ്പാൻ അവൎക്കു നിവൃത്തിയില്ല. ഗവമ്മെൻറിനേയും ഭരണനടപടിയേയും സദാസമയവും പാൎത്തുകൊണ്ടിരുന്നേ മതിയാകൂ. ഭരണഘടനയിൽനിന്നും വ്യതിചലിച്ചു് പ്രവൎത്തിക്കുന്നതിനെ വ്യവസ്ഥാപിതമാൎഗ്ഗത്തിൽക്കൂടെ തിരുത്തുവാൻ പ്രയത്നിക്കുന്നതു സ്വരാജ്യസേവനമാണു്, സ്വരാജ്യസ്നേഹത്തിൻെറ കുറവല്ല. ഭരണഘടന, സാരാംശത്തിലും, പൂൎണ്ണപ്രയോഗത്തിൽ വരുത്തേണ്ടതു് ഓരോ ഇന്ത്യക്കാരൻെറ കടമയും കൎത്തവ്യവുമാണു്.

ഇന്ത്യൻസ്വാതന്ത്ര്യത്തിൻെറ ഭൂഷണമായി നിലകൊള്ളുന്നതു് എക്സിക്യൂട്ടീവിനു വിധേയമല്ലാത്ത ഇന്ത്യൻ സുപ്രീം കോടതിയാണു്. ന്യൂനപക്ഷസമുദായക്കാൎക്കു് പ്രത്യേകിച്ചും വലിയൊരു ആശ്വാസമാണതു്. എന്നാൽ ഒരു കാൎയ്യം നാം മറക്കരുതു്. യാതൊരു നിയമസംഹിതയും പരിപൂൎണ്ണമായിരിക്കുക സാദ്ധ്യമല്ല. ഭരണഘടനയും അപ്രകാരം എത്ര ശ്രദ്ധയോടും ആലോചനയോടുംകൂടി തയ്യാറാക്കിയതായാലും അതിനും അവ്യക്തതയും അതിരുമുണ്ടാകും. ആകയാൽ ഏതൊരു സന്ദർഭത്തിലും ഭരണഘടനയുടെ അടിസ്ഥാനതത്വങ്ങൾക്കു ന്യായവും പൂൎണ്ണവുമായ അംഗീകാരം നൽകുകയും, അതനുസരിച്ചു് മുൻനടപടികൾ സൃഷ്ടിക്കുകയും ചെയ്യുകയാണെങ്കിൽ മാത്രമേ ന്യൂനപക്ഷസമുദായക്കാരുടെ ഏതൊരവകാശവും സുരക്ഷിതമായിരിക്കയുള്ളു.

ഒരു ന്യൂനപക്ഷസമുദായമാണു് ഇന്ത്യയിൽ കത്തോലിക്കർ. ഒരു ശതമാനത്തോളംവരും അവരുടെ ജനസംഖ്യ. ഭരണഘടനയിലെ "മൗലികാവകാശസംരക്ഷണത്തിൻെറ തണലിൽ അവൎക്കുംവിശ്രമിക്കാം. അവരുടെ ജന്മാവകാശം അതിൽ സംരക്ഷിച്ചിട്ടുണ്ടു്. ജന്മാവകാശംകൊണ്ടു് കത്തോലിക്കരെ സംബന്ധിച്ചിടത്തോളം വിവക്ഷിക്കുന്നതു കാൎയ്യമായി അവരുടെ മതപരവും വിദ്യാഭ്യാസപരവുമായ അവകാശങ്ങളെയാണു്. കേന്ദ്രനിയമസഭയ്ക്കോ, പ്രവിശ്യാനിയമസഭയ്ക്കോ മതപരവും വിദ്യാഭ്യാസപരവുമായ അവകാശങ്ങൾക്കു ഭംഗംവരത്തക്കവിധത്തിൽ നിയമം ഉണ്ടാക്കുവാൻ ഭരണഘടനപ്രകാരം പാടില്ല. എന്നാൽ ഭരണഘടനയുടെ ചട്ടക്കൂട്ടിൽനിന്നുകൊണ്ടു് മതത്തിൻെറ പേരു് പറയാതെതന്നെ മതപരമായ താല്പൎയ്യങ്ങളെ നിലനിൎത്തത്തക്കവണ്ണം പല നിയമങ്ങളും ഉണ്ടാക്കുവാൻ നിയമസഭകൾക്കു കഴിയും. ഉദാഹരണം അധികം വേണ്ടതില്ല. നമുക്കറിയാം, ഹിന്ദുക്കളുടെ പൂജ്യജന്തുവാണു് പശുവെന്നു്. മൃഗവർദ്ധനയ്ക്കെന്ന പേരിൽ ഗോവധം നിൎത്തലാക്കുന്ന ഒരു നിയമം നിയമസഭകൾക്കു നിഷ്പ്രയാസം പാസ്സാക്കുവാൻ സാധിക്കും. ഇതിൻെറ വെളിച്ചത്തിൽ നാം ചിന്തിക്കുന്നപക്ഷം, രാഷ്ട്രത്തിൻെറ പൊതുനന്മയ്ക്കെന്ന പേരിൽ കത്തോലിക്കാ മതതത്വസംഹിതയോടു് അനുബന്ധിച്ച സംഗതികളിൽ കൈകടത്താതെതന്നെ മതവുമായി ബന്ധമുള്ള നമ്മുടെ ആചാരങ്ങളേയും നടപടിയേയും സ്പൎശിക്കുന്ന നിയമങ്ങൾ ഉണ്ടാക്കുവാൻ നിയമസഭകൾക്കു സാദ്ധ്യമാകുമെന്നു് നമുക്കു മനസ്സിലാക്കാം.

ഏതൊരു സമുദായത്തിനും അവർ വിശ്വസിക്കുന്ന മതവും എന്നാൽ അതിനോടു സാരാംശത്തിൽ അധികം ബന്ധമില്ലാത്തതും, അതേസമയം മതഭക്തിസംവർദ്ധകവുമായ പല ആചാരങ്ങളും നടപടികളുമുണ്ടു്. ഭാവിയിൽ ഇവയുടെ സംരക്ഷണം പ്രായോഗികമായി അവ അനുഷ്ഠിക്കുന്ന ജനങ്ങളെ ആശ്രയിച്ചാണു് നിലകൊള്ളുന്നതു്. അവർ ആ ആചാരങ്ങൾ അനുഷ്ഠിക്കുന്നതിൽ എത്രശുഷ്കാന്തിയുള്ളവരാണോ അത്രയ്ക്കുമാത്രം ഭരണഘടനയിൽ അതു സുരക്ഷിതമായിരിക്കും. അതായതു് ആചാരങ്ങളെ മതതത്വത്തോളം പ്രയോഗത്തിൽ ഉയൎത്തിയാൽ മാത്രമേ അവ നിയമദൃഷ്ട്യാ വിലയുള്ളവയായിത്തീരുകയുള്ളു. ആ വക ആചാരങ്ങളിൽ കൈകടത്തുന്നതു കത്തോലിക്കരുടെ പൊതുതാല്പൎയ്യത്തെ കാൎയ്യമായി ക്ഷതപ്പെടുത്തുന്നതാണെന്നു് നാം അവ ആദരിക്കയും ആചരിക്കയും ചെയ്യുന്നതിൽ നിന്നുതന്നെ അന്യമതസ്ഥൎക്കും, പ്രത്യേകിച്ചു് ഭരണകൂടത്തിനും തോന്നണം. അത്രത്തോളം പാവനമായി നാം ഏവരും അവ ആചരിക്കുന്നപക്ഷം ഏതൊരു ഭരണകൂടവും നിലവിൽ വന്നുകൊള്ളട്ടെ; യാതൊന്നിനും അവയെ തൊടുവാൻ ധൈൎയ്യമുണ്ടാകയില്ല. അതിനുള്ള സന്ദർഭവും ഉണ്ടാകുന്നതല്ല.

കത്തോലിക്കരുടെ തിരുനാൾ പ്രദക്ഷിണം ഇത്തരുണത്തിൽ ഒരുദാഹരണം നൽകുന്നുണ്ടു്. പാരമ്പര്യമായി കത്തോലിക്കർ അതു നടത്തിവരുന്നു. അതുകൊണ്ടു് ഉദ്ദേശിക്കുന്നതു പുണ്യവാനോടുള്ള ഭക്തി പ്രദൎശിപ്പിക്കയും, ആ പുണ്യചരിതൻെറ കാലടിപ്പാടിൽക്കൂടെ നടക്കുവാൻ നാം സന്നദ്ധരാണെന്നു് പ്രഖ്യാപിക്കയുമാണു്. അതുപേക്ഷിക്കുന്നതുമൂലം (ഉപേക്ഷിക്കണമെന്നു് വിവക്ഷയില്ല) കത്തോലിക്കാമതതത്വമനുസരിച്ചു് ജീവിക്കുന്നില്ലെന്നു് വരുന്നില്ല. കത്തോലിക്കർ എത്ര ജാഗ്രതയോടും, ഭക്തിയോടുംകൂടി അതു ചെയ്യുന്നുവോ അത്രയ്ക്കുമാത്രമേ അതിൽ മതാത്മകത്വം കുടികൊള്ളുന്നുള്ളു. അതിൻെറ അന്തസ്സിനും ആദൎശത്തിനും അനുയോജിച്ചവിധം പെരുമാറാത്തപക്ഷം തിരുനാൾപ്രദക്ഷിണം വെറും പ്രഹസനം മാത്രമായി പരിണമിക്കുന്നു. സമാധാന പരിപാലനത്തിൻേറയും മററും പേരിൽ നിയമസഭയ്ക്കു്—ഭൂരിപക്ഷസമുദായക്കാൎക്കു് ഭൂരിപക്ഷമുണ്ടാകാവുന്ന നിയമസഭയ്ക്കു്—നിയമംമൂലം മേൽപ്പറഞ്ഞ കത്തോലിക്കരുടെ ആചാരനടപടികളെ നിറുത്തലാക്കുവാൻ സാദ്ധ്യമല്ലായ്കയില്ല. ഇപ്പറഞ്ഞതിൽ, നിയമസഭകളുടെ കഴിവുകളുടെ പരിധിയെ പരാമൎശിച്ചുവെന്നേയുള്ളു. ആ വക നിയമങ്ങൾ ഉണ്ടാകുമെന്നു് നമുക്കു് പ്രതീക്ഷിക്കേണ്ടതില്ല. എന്നാൽ, അവ ഉണ്ടാകുവാൻ നമ്മുടെ ഉദാസീനത പ്രേരകമാകരുതെന്നുമാത്രം.

ആകയാൽ പുതിയ ഭരണഘടനയിൽ കത്തോലിക്കരുടെ കൎത്തവ്യം ബഹുവിധമാണു്. അവരുടെ വോട്ടു വിലയേറിയതാണെന്നു മനസ്സിലാക്കി അതൎഹിക്കുന്ന വ്യക്തികൾക്കു് അതു നൽകണം. അവർ തിരഞ്ഞെടുത്തയക്കുന്ന ജനപ്രതിനിധികൾ പൂൎണ്ണമായും ഭരണഘടനയെ ആദരിപ്പിക്കുന്നതിനു് ഉത്സാഹിക്കണം. മതപരവും വിദ്യാഭ്യാസപരവുമായ ജന്മാവകാശഭംഗത്തെ വ്യവസ്ഥാപിതമാൎഗ്ഗങ്ങളിൽക്കൂടി അപ്പഴപ്പോൾ ചെറുക്കണം. പാരമ്പര്യമായി നാം ആചരിച്ചുവരുന്നതും മതഭക്തിസംവർദ്ധകങ്ങളുമായ ആചാരനടപടിയെ പാവനമായി ആചരിച്ചു് മതതത്വസംഹിതയോളം വിലയേറിയതായി ഉയൎത്തണം. എന്നാൽമാത്രമേ പുതിയ ഭരണഘടന, പ്രയോഗത്തിൽ, കത്തോലിക്കരുടെ അവകാശസംരക്ഷണത്തിനു് ഉപയുക്തമാകയുള്ളു.




പട്ടാളത്തിൽ ചേരാൻ ചെന്നവൻെറ ആകൃതിയും പ്രകൃതിയും മററും കണ്ടിട്ടു് സൈനികോദ്യോഗസ്ഥനു ആകപ്പാടെ പിടിച്ചില്ല. "പതിവുപോലെ, വീട്ടിലുള്ളവർ വെച്ചു ഏററവും വലിയ മടയനെ ആയിരിക്കും പട്ടാളത്തിൽ ചേൎക്കുന്നതിനു നിങ്ങളുടെ അമ്മാവൻ തിരഞ്ഞെടുത്തയച്ചതു് അല്ലേ?" ഉദ്യോഗസ്ഥൻ അദ്ദേഹത്തിൻെറ അതൃപ്തിപ്രകാശിപ്പിച്ചു.

"സാറിൻെറ കാലത്തെപ്പോലെയല്ല ഇപ്പോൾ, സാർ. എൻെറ വീട്ടിൽവച്ചു് ഏററവും ബുദ്ധിമാൻ ഞാനാണെന്നാണു് അമ്മ പറഞ്ഞതു്."

* * *

ജോർജ്ജ്: "എൻെറ പേരിൽ തെക്കേലെ അന്തോണി ഒരു കേസു് കൊടുത്തിട്ടുള്ളതു അച്ചൻ അറിഞ്ഞിരിക്കുമല്ലോ. നാളെയാണു വിധി. എനിക്കു വലിയ ഭയം തോന്നുന്നച്ചോ."

വികാരിയച്ചൻ: "കുഞ്ഞേ, നീ ഭയപ്പെടണ്ട. കോടതി നിന്നോടു് നീതി ചെയ്യാതിരിക്കയില്ല."

ജോർജ്ജ് (ശാന്തസ്വരത്തിൽ): "അതാണു് എൻെറ പേടി അച്ചോ."

* * *

പൗലോമൂപ്പീന്നിനു പെട്ടെന്നു എന്തോ അസ്വാസ്ഥ്യമുണ്ടായി. അയൽവക്കത്തുനിന്നും മററും വളരെപ്പേർ ഓടിക്കൂടി. വൃദ്ധനു ബോധക്കേടാണെന്നു വിചാരിച്ചു് ഓരോരുത്തരും ഓരോരോ പ്രതിവിധികൾ നിർദ്ദേശിക്കാൻ തുടങ്ങി. ആക്കൂട്ടത്തിൽ തോമാച്ചേട്ടൻ പറഞ്ഞു: "കാൎന്നോൎക്കു കുറച്ചു പട്ടച്ചാരായം കൊടുത്തുനോക്കിയെങ്കിൽ അറിയാമായിരുന്നു. വല്ല നീരുവീഴ്ചയുമുണ്ടെങ്കിൽ പൊയ്ക്കോളും." അതിലാരും ശ്രദ്ധ വച്ചില്ല. മററുള്ളവരുടെ സംസാരത്തിനു കുറവും വന്നില്ല. അപ്പോൾ പൗലോമൂപ്പീന്നു തലയുയൎത്തിക്കൊണ്ടു് പറകയാണു്:

"എടാ മൂല്യകളേ! നിങ്ങളെല്ലാവരും കൂടി ഇങ്ങനെ കിടന്നു ചിലയ്ക്കാതെ, ആ തോമ പറയുന്നതു എന്താണെന്നു ഒന്നു കേട്ടേടാ."

* * *

"തെക്കേതിലെ വക്കീച്ചേട്ടനും നിങ്ങളും തമ്മിൽ ഇപ്പോൾ കണ്ടാൽ മിണ്ടുകയില്ല അല്ലേ?"

"ഇല്ല."

"എന്തുപററി?"

"അതു പറയാം. എൻെറ കാളവണ്ടിയുടെ സ്വരം കേട്ടിട്ടു് ചക്രത്തിനു കിലുകൊടുക്കാൻ പറഞ്ഞു അവൻ കുറച്ചു എണ്ണകൊടുത്തയച്ചു. അന്നു വൈകുന്നേരം അവൻെറ മകൾ പാട്ടുപാടുന്നതു കേട്ടപ്പോൾ അവളുടെ തൊണ്ടയ്ക്കു കിലുകൊടുക്കാൻ പറഞ്ഞു് ആ എണ്ണയിൽ തന്നെ കുറെ എടുത്തു ഞാൻ അങ്ങോട്ടും കൊടുത്തയച്ചു."

---

## വൈമാനികൻ സന്യാസവൈദികൻ

ഇക്കഴിഞ്ഞ മഹായുദ്ധകാലത്തു ബോംബെറിയുന്നതിനായി യൂറോപ്പിൽക്കൂടി 57 പ്രാവശ്യം പറന്നിട്ടുള്ള ഒരു അമേരിക്കൻ വൈമാനികൻ ഫ്രൻസിസ്കൻ സന്യാസസഭയിൽ ചേൎന്നു പുരോഹിതപട്ടം സ്വീകരിച്ചിരിക്കുന്നു. അദ്ദേഹത്തിൻെറ പേർ ഫാദർ മാർട്ടിൻ ബാൻഗെററ് ഒ. എഫ്. എം. എന്നാണു്. അദ്ദേഹം ജനിച്ചതു് ന്യൂയോക്കിലും വിദ്യാഭ്യാസം ചെയ്തതു് ഫോർഡാം സൎവ്വകലാശാലയിലുമാണു്. യുദ്ധകാലത്തു അദ്ദേഹം ഡി. എഫ്. സി. എന്ന ബഹുമതിമുദ്ര കരസ്ഥമാക്കി. 1945-ലാണു് അദ്ദേഹം വൈദികവിദ്യാഭ്യാസമാരംഭിച്ചതു്. ഇപ്പോഴദ്ദേഹത്തിനു 31 വയസ്സു് പ്രായമുണ്ടു്.

# റോമാവാർത്തകൾ

### ഫാദർ പല്ലോത്തിയുടെ നാമകരണം

വിശുദ്ധവാരതിൽ ആഘോഷമായി ഉദ്ഘാടനം ചെയ്യപ്പെട്ടശേഷം വി. പത്രോസിന്റെ ദേവാലയത്തിൽ നടന്ന പ്രധാന ചടങ്ങ് ഫാദർ വിൻസെന്റ് പല്ലോത്തിയുടെ നാമകരണമാണ്. ഇക്കഴിഞ്ഞ ജാനുവരി 22-ാംനു അദ്ദേഹം സിദ്ധൻ എന്നു പേർവിളിക്കപ്പെട്ടു. അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥംവഴി അത്ഭുതകരമായി രോഗശമനം പ്രാപിച്ച രണ്ടുപേർ അന്നത്തെ ചടങ്ങുകളിൽ സംബന്ധിച്ചിരുന്നു. ഒന്ന്, മിസ്സിസ് മാഗ്ഗരാറ് സാഡ്നെർ എന്നു പേരായ ഒരു ബവേറിയൻ വിധവയാണ്. 17 കൊല്ലക്കാലം തളർവാതം പിടിപെട്ടു കിടന്നതിനുശേഷം 1947-ൽ അവർ പെട്ടെന്നു സുഖംപ്രാപിച്ച സംഗതി സത്യദീപപംക്തികളിൽ പ്രസ്താവിച്ചിരുന്നല്ലോ. ഫാദർ പല്ലോത്തിയുടെ സഹായത്താൽ അത്ഭുതകരമായി സുഖം പ്രാപിച്ച മറെറാരാൾ അലക്സാണ്ടർ ല്യൂത്രി എന്നു പേരായി 9വയസ്സു പ്രായമുള്ള ഒരു ഇററാല്യൻബാലകനാണ്. ഒരു ദിവസം അവൻ ഒരു കെട്ടിടത്തിന്റെ 56 അടി ഉയരമുള്ള മൂന്നാംനിലയിൽ നിന്നു താഴെ വീണു. തൽക്ഷണം "സാന്തോ സ്പിരിത്തോ"എന്ന ആസ്പത്രിയിലേക്കു അവൻ മാററപ്പെട്ടു. തലയോടിനു കേടുപററിയിരുന്നതിനാൽ താമസിയാതെ ബാലൻ മരിച്ചുപോകുമെന്നായിരുന്നു ഡോക്ടർമാരുടെ വിധി. ഈതൽസന്ധിയിൽ, ഫാദർ പല്ലോത്തിയുടെ ഒരുകന്നബന്ധു ആ വന്ദ്യനോടു പ്രാർത്ഥിക്കാൻ പറകയും അദ്ദേഹത്തിന്റെ ഒരു ചിത്രം കൊടുക്കുകയും ചെയ്തു. അതു അവന്റെ തലയിണയുടെ കീഴിൽ സൂക്ഷിച്ചു. ആ രാത്രി അവൻ ഉറങ്ങിയതേയില്ല. പക്ഷെ പ്രഭാതത്തിൽ അവൻ ഉന്മേഷത്തോടെ സംസാരിക്കയും എഴുന്നേല്ക്കാൻ ശ്രമിക്കയും ചെയ്യുന്നതായി നഴ്സുമാർ കണ്ടു. അപ്രതീക്ഷിതമായുണ്ടായ ഈ സുഖപ്രാപ്തി അവരെ വിസ്മയഭരിതരാക്കി. അവന്റെ അമ്മ മുറിയിൽ പ്രവേശിച്ചപ്പോൾ, യാതൊരു ആപത്തും ഭവിക്കാത്തവനെപ്പോലെ അവൻ കിടക്കയിൽ എഴുന്നേററിരിക്കയായിരുന്നു. നരച്ച തലമുടിയോടുകൂടിയ ഒരു വൈദികൻ ആ രാത്രി അവനു പ്രത്യക്ഷപ്പെട്ടെന്നും അവനെ സ്നേഹപൂർവ്വം തലോടിയെന്നും മററും അവൻ പറഞ്ഞു. അവന്റെ തലയിണയുടെ അടിയിൽനിന്നും അവന്റെ മാതാവ് ഫാദർ പല്ലോത്തിയുടെ ചിത്രം വലിച്ചെടുത്തപ്പോൾ അവൻ വിളിച്ചുപറഞ്ഞു: "ആ അച്ചൻ തന്നെ. അദ്ദേഹത്തെയാണു ഇന്നലെ രാത്രി ഞാൻ കണ്ടതു്."

ജാനുവരി 22-ാംനു അമേരിക്ക, ആസ്ത്രേലിയ എന്നീ രാജ്യങ്ങളിൽനിന്നു വന്നിരുന്ന തീർത്ഥകരുൾപ്പെടെ ഒരു വലിയ ജനാവലി വി. പത്രോസിന്റെ ബെസ്ലിക്കായിൽ സന്നിഹിതരായിരുന്നു. കാലത്തു 10 മണിക്കു നാമകരണച്ചടങ്ങു സമാരംഭിച്ചു. ആദ്യമേതന്നെ, പോസ്ററുലേററർ ഫാദർ റാനൊച്ചിനി, "റീത്തുകളുടെ തിരുസംഘ"ത്തിന്റെ പ്രിഫെക്ടായ കാർഡിനൽ മിക്കാറയെ സമീപിച്ച് നാമകരണച്ചടങ്ങുകൾതുടങ്ങാൻ അനുവാദമാവശ്യപ്പെട്ടു. അതു ലഭിച്ചശേഷം അദ്ദേഹം സെന്റ് പീറേറഴ്സ് ബെസ്ലിക്കായിലെ പ്രധാന പുരോഹിതൻ (Archpriest) ആയ കാർഡിനൽ തെദെഷീനിയുടെ പക്കൽനിന്നും, ദേവാലയം നാമകരണച്ചടങ്ങുകൾക്കായി ഉപയോഗിക്കാൻ അനുവാദം വാങ്ങി. തുടന്ന്, ദേവാലയത്തിലെ "കാനൺ"മാരിൽപ്പെട്ട ഒരു വൈദികൻ പ്രസംഗപീഠത്തിൽ കയറിനിന്ന്, ഫാദർ പല്ലോത്തിയെ സിദ്ധരുടെ പട്ടികയിൽ ഉൾപ്പെടുത്താൻ ആജ്ഞാപിച്ചുകൊണ്ടുള്ള മാർപ്പാപ്പായുടെ ബൂള വായിച്ചു. തൽക്ഷണം പുതിയ സിദ്ധന്റെ ചിത്രത്തെ ആച്ഛാദനം ചെയ്തിരുന്ന വിരി മാററപ്പെടുകയും വൈദ്യുതദീപങ്ങളുടെ മദ്ധ്യേ ചിത്രം പ്രശോഭിക്കയും ചെയ്തു. ദേവാലയത്തിലെ മണികൾ ഈ സന്തോഷവാർത്ത ദിക്കെങ്ങും വിളംബരം ചെയ്തു. ജനാവലി ഹർഷാരവം മുഴക്കി. "തെദേവും", "പൊന്തിഫിക്കാൾ കർബ്ബാന" എന്നീ കർമ്മങ്ങളോടുകൂടി നാമകരണച്ചടങ്ങുകൾ അവസാനിച്ചു.

### പത്രപ്രവർത്തകരുടെ സന്ദർശനം

ജാനുവരി 23-ാംനു 15 അമേരിക്കൻ പത്രപ്രവർത്തകർ പരിശുദ്ധപിതാവിനെ സന്ദർശിക്കുകയുണ്ടായി. തദവസരത്തിൽ തിരുമനസ്സുകൊണ്ടു്, ലോകം സമാധാനത്തിലെത്തിച്ചേരണമെങ്കിൽ താഴെ പറയുന്ന സംഗതികൾ അവശ്യാവശ്യകമാണെന്നു പ്രസ്താവിച്ചു: 1) മനുഷ്യൻ ദൈവത്തിന്റെ പ്രതിഛായയാണെന്നും മാനുഷികശക്തികൾക്കു ഭഞ്ജിച്ചുകൂടാത്ത ചിലമൗലികാവകാശങ്ങൾ അവനുണ്ടെന്നും ഏവരും സമ്മതിക്കണം. 2) സ്രഷ്ടാവായ ദൈവത്തിന്റെ പരമാധികാരം ലോകം മുഴുവനും ഏററുപറയണം. 3) പരന്മാരെ അടിമകളാക്കിത്തീർക്കുന്നതിനല്ല, പ്രത്യുത അവരെ സംരക്ഷിക്കുന്നതിനുവേണ്ടിയാണു് രാഷ്ട്രം ദൈവത്താൽ നിയുക്തമായിരിക്കുന്നതെന്ന തത്വം സർവ്വത്ര അംഗീകരിക്കപ്പെടണം.

ഇക്കാര്യത്തിൽ പത്രപ്രവർത്തകർക്കു വല്ലതും ചെയ്യാൻ കഴിയുമോ എന്ന ചോദ്യത്തിനു് പരിശുദ്ധപിതാവു് ഇപ്രകാരം മറുപടി പറഞ്ഞു: "തീർച്ചയായും. കാരണം, സത്യത്തിനു് അതിന്റെ സ്വരം കേൾപ്പിക്കുന്നതിനുപകരിക്കുന്ന ഒരു പാധി ആവശ്യമായിരിക്കുന്നു. സാമാന്യജനങ്ങളുടെ പക്കലെത്തുന്ന ഏററവും ശക്തിമത്തായ സ്വരം ഇക്കാലത്തു മുദ്രണശാലയുടേതുതന്നെ."

### നിര്യാതരായി

വത്തിക്കാൻ നഗരത്തിൽ പരിശുദ്ധപിതാവിന്റെ വികാരിജനറാളായി ജോലി നോക്കിയിരുന്ന മോൺസിഞ്ഞോർ അൽഫോൻസൊ ദെ റൊമാനിസ് 64-ാമത്തെ വയസ്സിൽ ഫെബ്രുവരി ആദ്യവാരത്തിൽ നിര്യാതനായി. "പരസ്യസഭകളുടെ തിരുസംഘ"ത്തിലെ ഒരു പ്രമുഖാംഗമായിരുന്ന മോൺസിഞ്ഞോർ ജിയോവാനി ദോറസ്സായും ആ ആഴ്ചയിൽതന്നെ ചരമമടഞ്ഞു. അദ്ദേഹത്തിനു മരിക്കുമ്പോൾ 64 വയസ്സു പ്രായമായിരുന്നു.

### മി. ബെവിൻ വത്തിക്കാനിൽ

ബ്രിട്ടീഷ് വിദേശകാര്യമന്ത്രിയായ മി. ഏർണസ്റ്റ് ബെവിൻ ജാനുവരി അവസാനത്തിൽ, സിലോണിലെ കോമൺവെൽത്തു കോൺഫറൻസ് കഴിഞ്ഞു മടങ്ങുംവഴി, മാർപ്പാപ്പാ തിരുമേനിയെ സന്ദർശിച്ചിരിക്കുന്നു. അദ്ദേഹം ഏതാനും ദിവസങ്ങൾ റോമിൽ ചെലവഴിക്കയുണ്ടായി.

### ഇന്ത്യൻ റിപ്പബ്ലിക്കദിനം

പ്രൊപ്പഗാന്താകോളേജിലെ "ഇൻഡ്യൻ സൊസൈററി" ഇൻഡ്യൻ റിപ്പബ്ലിക്കദിനം ആഘോഷമായി കൊണ്ടാടിയിരിക്കുന്നു. പുതുതായി ജന്മമെടുത്തിരിക്കുന്ന രാഷ്ട്രത്തിന്റെമേൽ ദൈവാനുഗ്രഹം ഉണ്ടാകുന്നതിനുവേണ്ടി വൈദികവിദ്യാർത്ഥികൾ തലേരാത്രി "തിരുമണിക്കൂർ" ആരാധന നടത്തി. കാലത്തു, ദിവ്യപൂജ, പ. കുർബാനയുടെ വാഴ്വു്, തെദേവും എന്നീ തിരുക്കർമ്മങ്ങളും, അതേത്തുടർന്നു ഒരു പൊതുയോഗവും നടത്തപ്പെട്ടു. സൊസൈററിയുടെ ആഭിമുഖ്യത്തിൽ ഒരു അനുമോദനസന്ദേശം ഇൻഡ്യാ യൂണിയന്റെ പ്രസിഡൻറിനു് അയച്ചുകൊടുക്കുകയും ചെയ്തു. ഉച്ചകഴിഞ്ഞു സൊസൈററിയിലെ ഏതാനുമംഗങ്ങൾ ഇൻഡ്യൻ പ്രതിനിധിമന്ദിരത്തിൽചെന്നു അവിടത്തെ റിപ്പബ്ലിക്കദിനാഘോഷങ്ങളിൽ പങ്കുകൊണ്ടു.

ജാനുവരി 29-ാംനുയിലെ "ഒസ്സർവത്തോരെ റൊമാനൊ" എന്ന വത്തിക്കാൻ പത്രം "ഇൻഡ്യയും കോമൺവെൽത്തും" എന്ന ശീർഷകത്തിൽ ഒരു മുഖപ്രസംഗം പ്രസിദ്ധപ്പെടുത്തിയ സംഗതി പ്രത്യേകം പ്രസ്താവ്യമാണ്. സ്ഥിതിപരമായ വൻകാര്യങ്ങൾ നേടുന്നതിനു മനുഷ്യർക്കുള്ള ധാർമ്മികശക്തിയുടെ ഒരു മകുടോദാഹരണമാണ് ഒരു സായുധസമരം കൂടാതെയുള്ള ഇൻഡ്യയുടെ സ്വാതന്ത്ര്യപ്രാപ്തിയെന്നു അതിൽ ചൂണ്ടിക്കാണിച്ചിരുന്നു.

### പേപ്പൽപ്രതിനിധിക്കു നല്കിയ സ്വീകരണത്തെപ്പററി

ഇൻഡ്യയിലെ പ്രഥമ സമ്പൂർണ്ണ സൂനഹദോസിൽ സംബന്ധിക്കുന്നതിനായി എഴുന്നള്ളിയ പേപ്പൽ പ്രതിനിധി കാർഡിനൽ ഗിൽറോയി തിരുമേനിക്കു നല്കിയ ഏറ്റവുമായ സ്വീകരണത്തെപ്പററി ഒസ്സർവത്തോരെ റൊമാനൊ ജാനുവരി 27-ാംനു ഒരു ദീർഘലേഖനം പ്രസിദ്ധംചെയ്കയുണ്ടായി. കർദ്ദിനാൾ തിരുമനസ്സിലേയും ഇന്റർനൺഷിയോ തിരുമേനിയുടേയും ബിഷപ്പ് തോമസ് തിരുമേനിയുടേയും പ്രസംഗങ്ങളിലെ പല ഭാഗങ്ങളും പ്രസ്തുത ലേഖനത്തിൽ ഉദ്ധരിച്ചിരുന്നു.

### ഭൂഗർഭദേവാലയം

വി. പത്രോസിന്റെ ശവകുടീരത്തിനു സമീപം കണ്ടെത്തിയ ഭൂഗർഭദേവാലയത്തിന്റെ കേടുപാടുകൾ പോക്കുന്നതിനുള്ള പണിയാരംഭിച്ചിട്ടു കുറെ നാളുകളായി. ഫെബ്രുവരി അവസാനത്തിൽ പണി പൂർത്തിയാകുമെന്നു പ്രതീക്ഷിക്കപ്പെടുന്നു.

### പ്രോട്ടസ്റ്റൻറുകാരുടെ മാമ്മോദീസയെപ്പററി

"ഹോളി ഓഫീസ്" തിരുസംഘം പ്രോട്ടസ്റ്റൻറുകാരുടേയും കോൺഫോർമിസ്റ്റുകാരുടേയും മാമ്മോദീസ സാധുവാണെന്നു വീണ്ടും പ്രഖ്യാപിച്ചിരിക്കുന്നു. പക്ഷെ ജ്ഞാനസ്നാനം നല്കുന്നയാൾ, പ്രസ്തുതകൂദാശയുടെ യഥാർത്ഥ സ്വഭാവത്തെ അംഗീകരിക്കുന്നെങ്കിൽമാത്രമേ അതു സാധുവാകയുള്ളുവെന്നും തിരുസംഘം ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

### സിദ്ധന്റെ തിരുശ്ശേഷിപ്പു

പുതുതായി സിദ്ധൻ എന്നു നാമകരണംചെയ്യപ്പെട്ട ഫാദർ പല്ലോത്തിയുടെ ഭൗതികാവശിഷ്ടങ്ങൾ ഒരു ലോറിയിൽ വഹിച്ചുകൊണ്ട് റോമിൽക്കൂടി ഒരു പ്രദക്ഷിണം നടത്തിയിരിക്കുന്നു. പോലീസുകാർ മോട്ടോർ സൈക്കിളിൽ തിരുശ്ശേഷിപ്പിനെ അകമ്പടി സേവിച്ചു. അക്ഷയമായിരിക്കുന്ന മൃതദേഹം കർബ്ബാനക്കുപ്പായമണിയിച്ച്, ഒരു സ്ഫടികപേടകത്തിൽ സൂക്ഷിച്ചിരിക്കയാണ്. മുഖവും കരങ്ങളും വെള്ളിത്തകിടുകൾകൊണ്ടു് ആച്ഛാദനം ചെയ്തിരിക്കുന്നു.

---

## ഫാത്തിമായിലെ കുട്ടികൾ

(11-ാംപേജ് തുടർച്ച)

"ഞാൻ ജസിന്തയ്ക്കു് ഇനി ഒരു സഹായവും ചെയ്യുവാനില്ലേ?" ലൂസി ചോദിച്ചു.

"എന്നെപ്പററി ഒട്ടും വിചാരപ്പെടണ്ട." വേദനയോടെ ശ്വാസോച്ഛ്വാസം ചെയ്തുകൊണ്ടു ജസിന്ത പറഞ്ഞു. "എനിക്കു ചില വിശേഷങ്ങൾ പറയാനുണ്ട്."

"എന്താണ്?"

"ഞാൻ ആദ്യകുർബാന കൈക്കൊള്ളാൻ പോകയാണ്."

"വാസ്തവംതന്നെയോ?"

"അതെ; കർത്താവ് എഴുന്നെള്ളിവരുന്നതുകൊണ്ട് ഇനി ഏതുവന്നാലും സാരമില്ല."

"എന്നാലും, വേദന ഭയങ്കരമല്ലേ?" ലൂസി അഭിപ്രായപ്പെട്ടു.

"അതെ. ആത്മാക്കൾക്കു വേണ്ടിയാണെന്നോർക്കണം. എവിടെയെങ്കിലും ആർക്കെങ്കിലും അതു സഹായകരമായിത്തീരുകതന്നെ ചെയ്യും."

ജനാവലി കൂട്ടം കൂട്ടമായി കുട്ടികളുടെ വീട്ടിലേക്കും ഫ്രാൻസിസിന്റെ ശവകുടീരത്തിലേക്കും പൊയ്ക്കൊണ്ടിരുന്നു. കോവയിൽ ജപമാലരാജ്ഞിയുടെ നാമത്തിൽ ഒരു കപ്പേള പണികഴിപ്പിച്ചു. തീർത്ഥയാത്രക്കാർ എന്നും പതിവായി അവിടെ ചെന്നു് കൊന്തനമസ്കാരം ചൊല്ലിവന്നു. ഫാത്തിമായിലും സമീപപ്രദേശങ്ങളിലും കോവയിലെ സംഭവങ്ങളെക്കുറിച്ച് അവിശ്വസിക്കയും അപഹസിക്കയും ചെയ്തിരുന്നവരുടെ സംഖ്യ നാമാവശേഷമായി.

"കുട്ടികൾക്കു പ്രത്യക്ഷപ്പെട്ടതു പരിശുദ്ധ കന്യകതന്നെയായിരുന്നു. പതിവായി കൊന്തനമസ്കാരം ചൊല്ലണമെന്നു മാതാവു് അവരോടു പറഞ്ഞു. അതുവഴിയായി ധാരാളം അനുഗ്രഹങ്ങളും നമുക്കു ലഭിക്കും. ദേവമാതാവിനെ അനുസരിക്കാതിരിക്കുവാൻ നമുക്കു വയ്യാ." ഗ്രാമീണർ സമ്മതിച്ചു.

മുമ്പില്ലാത്തക്കാൾ കൂടുതലായി ആളുകൾ ജപമാലയെക്കുറിച്ച് അറിയുവാനും ജപമാലയെ സ്നേഹിക്കുവാനും തുടങ്ങിയിട്ടുണ്ടെന്നറിഞ്ഞപ്പോൾ — അത്ഭുതകരമായ പ്രാർത്ഥനവഴിയായി ഫാത്തിമായിലെ ആദ്ധ്യാത്മികചൈതന്യം സമ്പുഷ്ടവും സുശക്തവുമായിത്തീർന്നിട്ടുണ്ടെന്നു ഗ്രഹിച്ചപ്പോൾ—ഓരോ രഹസ്യത്തിന്റെയും അന്ത്യത്തിലുള്ള ത്രിത്വസ്തുതിക്കുശേഷം ചൊല്ലുവാൻ മാതാവ് അവരെ പഠിപ്പിച്ച പ്രാർത്ഥന എല്ലാവരും ചൊല്ലുന്നുണ്ടെന്നു മനസ്സിലാക്കിയപ്പോൾ—ജസിന്തയുടെ ഹൃദയം ആനന്ദഭരിതമായി.

"നമ്മുടെ മററുചില പ്രാർത്ഥനകളും ആളുകൾ ചൊല്ലുന്നുണ്ട്. ഞാൻ കേട്ടു." ജസിന്തയുടെ പ്രഥമദിവ്യകാരുണ്യസ്വീകരണം കഴിഞ്ഞതിന്റെ പിറേറദിവസം ലൂസി പറഞ്ഞു.

"ഏതു പ്രാർത്ഥനകൾ?"

"എന്റെ ദൈവമേ അവിടുന്നു് എനിക്കു നല്കിയ അനുഗ്രഹങ്ങൾക്കായി ഞാൻ അവിടുത്തെ സ്നേഹിക്കുന്നു."

"വേറെ ഏതെല്ലാം പ്രാർത്ഥനകൾകൂടെ അവർ ചൊല്ലുന്നുണ്ട്?"

"മറിയത്തിന്റെ മാധുര്യം നിറഞ്ഞ ഹൃദയമേ, എന്റെ രക്ഷയായിരിക്കണമേ."

"പാപികൾക്കുവേണ്ടി ത്യാഗങ്ങൾ സഹിക്കുന്നതിനുമുമ്പായി ചൊല്ലുന്ന സമർപ്പണജപവും അവർ ചൊല്ലുന്നുണ്ടോ?"

"ഉവ്വ്. അവർ നാം ചെയ്യുന്നതുപോലെ പരിശുദ്ധപിതാവിനെക്കൂടി ആ പ്രാർത്ഥനയിലുൾപ്പെടുത്തുന്നുണ്ട്."

ആദ്യകുർബാന കൈക്കൊണ്ടു് ഒരു മാസം കഴിഞ്ഞപ്പോൾ ജസിന്തയെ ഔറേമിലെ വി. അഗസ്തീനോസിന്റെ ആശുപത്രിയിലേക്ക് കൊണ്ടുപോകാൻ മാർട്ടോ കുടുംബാംഗങ്ങൾ നിശ്ചയിച്ചു. അവിടത്തെ ശരിയായ പരിചരണങ്ങൾകൊണ്ടു് അവളുടെ പള്ളയിലുള്ള വ്രണം ഭേദമായേക്കുമെന്നു് അവർ ആശിച്ചു.

"മാതാവു് ഫ്രാൻസിസിനേയും എന്നേയും സന്ദർശിച്ചപ്പോൾ ഞാൻ ഒരു ആശുപത്രിയിൽ കിടന്നു മരിക്കുമെന്നു പറഞ്ഞു. ഞാൻ മരിക്കുമ്പോൾ ആരും എന്റെകൂടെ ഉണ്ടായിരിക്കയില്ലെന്നും പറഞ്ഞിട്ടുണ്ട്. ഹാ! എനിക്കതു ദുസ്സഹമായി തോന്നുന്നു." ജസിന്ത ലൂസിയോടു പറഞ്ഞു.

"മാതാവു നിന്നെ സ്വർഗ്ഗത്തിലേക്കു കൊണ്ടുപോകാൻ വരുമല്ലോ. സ്വർഗ്ഗത്തിൽവച്ചു നിനക്കു് ഫ്രാൻസിസിനെ കാണാം." ലൂസി ഒരു കൃത്രിമമന്ദഹാസത്തോടെ ജസിന്തയെ ആശ്വസിപ്പിക്കാൻ ശ്രമിച്ചു.

"ലൂസിക്കു് എന്റെകൂടെ ഔറേമിലേക്കു പോരുവാൻ കഴിഞ്ഞിരുന്നെങ്കിൽ! ഞാൻ മരിക്കുമ്പോൾ ലൂസിയെങ്കിലും എന്റെ അടുക്കലുണ്ടായിരുന്നെങ്കിൽ!"

"അതു സാധിക്കുമെന്നു തോന്നുന്നില്ല." ലൂസിയുടെ കണ്ണുകളിൽനിന്നു് കണ്ണീരിന്റെ ഒരു പ്രവാഹംതന്നെയുണ്ടായി. ആശുപത്രിയിൽകിടന്നു് ഏകാകിനിയായി മരിക്കാൻപോകുന്ന രോഗിണിയായ ജസിന്തയുടെ ദയനീയസ്ഥിതിയും അതിലേറെ അനുകമ്പാകുലമായ തന്റെ നിലയും ലൂസി അനുസ്മരിച്ചു. ജസിന്തയും ഫ്രാൻസിസും ചെന്നു സ്വർഗ്ഗീയാനന്ദമനുഭവിക്കുമ്പോൾ ലൂസി ഏകാകിനിയായി ഭൂമിയിൽ യാതനകളനുഭവിച്ച് അവളിൽ ഭരമേല്പിക്കപ്പെട്ടിരിക്കുന്ന മറിയത്തിന്റെ വിമലഹൃദയഭക്തിപ്രചരണം നിർവഹിക്കണം.

ലൂസി സാവധാനം ജസിന്തയുടെ കട്ടിലിനരികെ മുട്ടുകുത്തി. "നമുക്കു വീണ്ടും സമർപ്പണജപം ചൊല്ലാം. ഇതു് അത്ര വലിയ ഒരു ബലിയാണ്."

---

## സൗജന്യവിതരണ ഫണ്ടു്

പറൂർ കോട്ടയ്ക്കാവുപള്ളി ക. 50-0-0

# ഫാത്തിമായിലെ കുട്ടികൾ *

അദ്ധ്യായം 13

## വിശിഷ്ട ബലി


പിറേറദിവസം ഫ്രാൻസീസ് തെട്ടിയുണന്നു കിടക്കയിൽ എഴുന്നേററിരുന്നു് വാതിലിനുനേരെ കൈ ചൂണ്ടിക്കാണിച്ചു.

"അമ്മേ, മനോഹരമായ ആ പ്രകാശം കണ്ടോ?"

ഒളിമ്പിയ മാർട്ടോ ഉടനെ കട്ടിലിനരികെ വന്നുനിന്നുകൊണ്ടു്, "ഞാൻ ഒരു പ്രകാശവും കാണുന്നില്ല. അതു് എവിടെയാണു്, കുഞ്ഞേ!"

"അതാ നോക്കു, ആ വാതിലിനടുത്തു്! ഹാ! എത്ര മനോഹരമായിരിക്കുന്നു അതു്!"

ഒളിമ്പിയ ഒരിക്കൽക്കൂടി സൂക്ഷിച്ചു നോക്കി, പക്ഷേ അസാധാരണമായി



യാതൊന്നും അവിടെ കണ്ടില്ല. ഒരു നിമിഷം കഴിഞ്ഞു് കുട്ടി ഒരു ദീർഘനിശ്വാസത്തോടുകൂടി തലയിണയിലേക്കു തലചായിച്ചു. "പ്രകാശം പൊയ്പ്പോയമ്മേ, ഇപ്പോൾ ഞാനതു കാണുന്നില്ല."

മകൻ സുഖമായി ഉറങ്ങാൻ പോകയാണെന്നു വിചാരിച്ചു് ഒളിമ്പിയ വാത്സല്യപൂർവ്വം അവനെ തലോടിയിട്ടു് മുറിയിൽനിന്നിറങ്ങിപ്പോയി. ഉടൻതന്നെ ഫ്രാൻസിസിൻെറ തലതൊട്ടമ്മ അവിടെ കയറിവന്നു. അവരെ കണ്ടയുടനെ കുട്ടി കൈനീട്ടി.

"ഞാൻ ചെയ്തുപോയ എല്ലാ തെററുകളെക്കുറിച്ചും ഞാൻ പശ്ചാത്തപിക്കുന്നു; യഥാർത്ഥമായും ആത്മാർത്ഥമായും ദുഃഖിക്കുന്നു."

തലതൊട്ടമ്മ കട്ടിലിനരികെ ഇരുന്നുകൊണ്ടു് പതുക്കെപ്പറഞ്ഞു:—"സ്വസ്ഥമായിരിക്കൂ, കുഞ്ഞേ! ആരോഗ്യവും സുഖവുമുണ്ടാകാനുള്ള ഏകമാർഗ്ഗം അതു മാത്രമാണു്."

ആ സ്ത്രീ ഇതു പറയുന്നതിനിടയ്ക്കു് ഫ്രാൻസിസിൻെറ മുഖത്തു് എന്തോ ചില ഭാവഭേദങ്ങളുണ്ടായി. അവർ ആശങ്കാപൂർവ്വം പിന്നോക്കം മാറി. ഫ്രാൻസിസ് എത്ര സമാധാനപൂർണ്ണനായി, എത്ര സന്തുഷ്ടനായി, എത്ര നിശ്ചലനായി കാണപ്പെടുന്നു!

"ഒളിമ്പിയാ, ഒളിമ്പിയാ, വേഗം വരൂ!" ആ സ്ത്രീ നിലവിളിച്ചു. ഫ്രാൻസിസിൻെറ അമ്മ പെട്ടെന്നു് ഓടിവന്നു. അപ്പോഴേക്കും ഫ്രാൻസിസ് അന്ത്യശ്വാസം വലിക്കയായിരുന്നു. ആത്മാവു വേർപിരിയുന്ന സമയത്തു് തീർച്ചയായും അവൻ മനോഹരമായ ഒരു കാഴ്ച കണ്ടിരിക്കണം. അത്ര അലൗകികമായ ഒരു മന്ദഹാസമാണു് അവൻെറ അധരങ്ങളിൽ കളിയാടിയിരുന്നതു്. 1919 ഏപ്രിൽ 4-ാം തീയതി, പതിനൊന്നു വയസ്സു തികയുന്നതിനു രണ്ടുമാസമുള്ളപ്പോൾ, ഫ്രാൻസിസ് ദൈവസന്നിധിയിലേക്കു സംവഹിക്കപ്പെട്ടു.

ഒളിമ്പിയ ഇതുകണ്ടു പൊട്ടിക്കരഞ്ഞുപോയി. അവരുടെ കണ്ണുകളിൽനിന്നും കണ്ണീർ ധാരധാരയായി പ്രവഹിച്ചു. മാനുവൽ മാർട്ടോയും മററു കുട്ടികളും വിവർണ്ണവദനരായി, ഗദ്ഗദകണ്ഠരായി, മുറിയിലേക്കു കയറിവന്നു.

"ഫ്രാൻസിസിൻെറ മരണസമയത്തു് പരിശുദ്ധ കന്യക ഇവിടെ വന്നിരുന്നു; അതിനു സംശയമില്ല." ഒളിമ്പിയ പൊട്ടിക്കരഞ്ഞുകൊണ്ടു പറഞ്ഞു.

മാനുവൽ മാർട്ടോയ്ക്കും അതു ബോദ്ധ്യമായിരുന്നു. അയാൾ കൊന്തയെടുത്തു് മുട്ടുകുത്തി പ്രാർത്ഥിക്കാൻ തുടങ്ങി. അയാളുടെ കവിളിണയിൽക്കൂടി കണ്ണീർ ധാരധാരയായി ഒഴുകി.

"ദൈവം ഈ കുഞ്ഞിൻെറ മേൽ അലിവുള്ളവനാകുമാറാകട്ടെ! നമ്മുടെ കൊച്ചു ജസീന്തയെയെങ്കിലും വളരെക്കാലത്തേക്കു കാണുവാൻ ദൈവം ഇടയാക്കട്ടെ!" ആ പിതാവു ഹൃദയപൂർവ്വം പ്രാർത്ഥിച്ചു.

ഏപ്രിൽ കഴിഞ്ഞു. വസന്തകാലമായി. ഫാത്തിമായിലെ അനവധി പുതുശവകുടീരങ്ങളിൽ പുഷ്പങ്ങൾ വിതറിയിരിക്കുന്നതു കാണാം. ക്രിസ്മസ്സ് കാലത്തുണ്ടായ ഇൻഫ്ളുവൻസാമൂലം ജസീന്തയുടെ ആരോഗ്യം ക്ഷയിച്ചുവരുന്നതായി കാണപ്പെട്ടു. ക്രമേണ ഇൻഫ്ളുവൻസാ ഭേദപ്പെട്ടെങ്കിലും, ഒരു പുതിയ ദീനം അവളെ ബാധിച്ചു; അതു് പ്ളൂറസി (Pleurisy) യായിരുന്നു. അവളുടെ പള്ളയ്ക്കു് ഒരു വ്രണവുമുണ്ടായി. ഓരോ തവണയും ശ്വാസോച്ഛ്വാസം ചെയ്യുമ്പോൾ ഒരു മൂർച്ചയുള്ള ഖഡ്ഗം തറയ്ക്കുന്നതുപോലെ കഠിനമായവേദന അനുഭവപ്പെട്ടിരുന്നു.

"അധികം താമസിയാതെ ഞാനും ഫ്രാൻസിസിനോടുകൂടി സ്വർഗ്ഗത്തിലിരിക്കും. പിന്നെ, ലൂസിയുടെ ജോലി ആരംഭിക്കും." ജസീന്ത ഒരു ദിവസം വൈകുന്നേരം രഹസ്യമായി ലൂസിയോടു പറഞ്ഞു.

"എൻെറ ജോലിയോ! ഏതു്?"

"മറിയത്തിൻെറ വിമലഹൃദയത്തോടുള്ള ഭക്തി ലോകത്തു പ്രചരിപ്പിക്കാൻ നമ്മുടെ കർത്താവു് ആഗ്രഹിക്കുന്നതായി ലൂസി ജനങ്ങളെ മനസ്സിലാക്കണമെന്നു്!"

"ഉവ്വ്, മാതാവു് അതു് എന്നോടു പറഞ്ഞതാണു്."

"ലൂസി, ആളുകൾ വന്നു ചോദ്യങ്ങൾ ചോദിക്കുമ്പോൾ മേലാൽ അകന്നു മാറിക്കളയരുതു്. കേട്ടോ! മറിയത്തിൻെറ വിമലഹൃദയംവഴിയായി ദൈവം അനുഗ്രഹങ്ങൾ പ്രദാനംചെയ്യുന്നുവെന്നും, മാതാവിനോടു പ്രാർത്ഥിക്കാൻ ഉത്സാഹം പ്രദർശിപ്പിക്കണമെന്നും എല്ലാവരോടും പറയുക."

"പക്ഷേ, ജസീന്തേ, അപരിചിതർ വന്നാലോ? അവർ നമ്മെ എന്തുമാത്രം അലട്ടിയിരുന്നു എന്നു നിനക്കറിയാമല്ലോ. അവരെപ്പേടിച്ചു ഫ്രാൻസിസ് കട്ടിലിനുതാഴെ ഒളിച്ചിരിക്കുകപോലും ചെയ്തിട്ടില്ലേ?"

"നമ്മുടെ സുഖം കാര്യമായി കരുതേണ്ടതില്ലെന്നു നിനക്കറിഞ്ഞുകൂടേ ലൂസീ! നമ്മുടെ കർത്താവിൻെറ തിരുഹൃദയത്തിൻെറയും, അവിടുത്തെ മാതാവിൻെറ വിമലഹൃദയത്തിൻെറയും ഒന്നിച്ചുള്ള ബഹുമാനമാണു് നമ്മുടെ കർത്താവു് ആഗ്രഹിക്കുന്നതു്. അതുമാത്രമാണു് നാം കാര്യമായി കരുതേണ്ടതു്. ഇതു ജനങ്ങളെ അറിയിക്കുകയാണു് നിൻെറ കൃത്യം." സ്വർഗ്ഗീയജ്ഞാനത്താൽ ആത്മീയോൽബുദ്ധയായതുപോലെ ജസീന്ത ഉപദേശിച്ചു.

"നീ പറഞ്ഞതു ശരിയാണു്. യുദ്ധം എങ്ങനെ അവസാനിപ്പിക്കാൻ കഴിയുമെന്നു ജനങ്ങൾ ചോദിച്ചാൽ......?"

* Rights reserved to Chev. Joseph Thaliath.


# കുരുമുളകിൻെറ വിലക്കയററം

മുളകിൻെറ വർദ്ധിച്ച വില സാമ്പത്തികമായി നിങ്ങളിൽ പലരേയും മെച്ചമാക്കിയിട്ടുണ്ടു്. എന്നാൽ നിങ്ങൾ സമ്പാദിച്ച പണത്തിൻെറ ഏതാനും ഭാഗം ഭാവിയിലേയ്ക്കുവേണ്ടി കരുതിവയ്ക്കുന്നതു ബുദ്ധിപൂർവ്വമായിരിക്കും.

നിങ്ങളുടെ പണം സുരക്ഷിതമായും ആദായകരമായും ആവശ്യത്തിനു എടുക്കത്തക്കവിധത്തിലും നിക്ഷേപിക്കുന്നതിനുള്ള സൗകര്യമുണ്ടു്.

ഫെഡറൽ ബാങ്ക് ക്ലിപ്തം

H. O. ആലുവ.

ബ്രാഞ്ചുകൾ: അങ്കമാലി, എറണാകുളം, പെരുമ്പാവൂർ


ലൂസി ചോദിച്ചു.

"മാതാവിൻെറ വിമലഹൃദയത്തിൻെറ നാമത്തിൽ ഈ അനുഗ്രഹം ലഭിക്കാൻ അവരോടു പറയണം. നമ്മുടെ കർത്താവു് സമാധാനം ദിവ്യജനനിയെയാണല്ലോ ഏല്പിച്ചിരിക്കുന്നതു്." ജസീന്ത മറുപടി നല്കി.

"ഇവിടെ താമസിച്ചു് ഈ സന്ദേശങ്ങൾ വഴിയായി എന്നെ സഹായിക്കാൻ നിനക്കു കഴിയുമായിരുന്നെങ്കിൽ!" ലൂസി ആഗ്രഹം പ്രകടിപ്പിച്ചു. "ജസീന്തേ! എന്നെപ്പിരിഞ്ഞു നീ സ്വർഗ്ഗത്തിലേക്കു പോകുമ്പോൾ ഞാൻ തനിച്ചാകുമല്ലോ."

"ലൂസീ, ആ ഏകാന്തത പാപികൾക്കുവേണ്ടി കാഴ്ചവയ്ക്കുക. അതുമൂലം വളരെപ്പേർ രക്ഷപ്പെടുമല്ലോ. ആളുകളെ നരകത്തിൽ പോകാതിരിക്കാൻ സഹായിക്കുന്നതിനെക്കാൾ വിശിഷ്ടമായ ഒരു കൃത്യം വേറെയുണ്ടോ, ലൂസീ?"

മാതാവിൻെറ മൂന്നാം സന്ദർശനാവസരത്തിലുണ്ടായ നരകദർശനത്തിൻെറ ഓർമ്മ ഒരിക്കലും അവളെ വിട്ടുപിരിഞ്ഞില്ല. രണ്ടു കൊല്ലം കഴിഞ്ഞിട്ടും, അതോർക്കുമ്പോളൊക്കെ അവൾ വിറച്ചു പോകുമായിരുന്നു.

"നരകത്തിലെ ആളുകൾ—അവർ—ഒരിക്കലും പുറത്തുവരികയില്ലേ, ലൂസീ?"

"ഇല്ല."

"വളരെ വളരെ കൊല്ലങ്ങൾ കഴിഞ്ഞാലുമില്ലേ?"

"ഇല്ല. നരകജീവിതത്തിനു് ഒരവസാനവുമില്ല."

"സ്വർഗ്ഗത്തിലും ഇതുപോലെതന്നെയാണോ? സ്വർഗ്ഗത്തിൽ എന്നെന്നേക്കും അവിടെത്തന്നെയായിരിക്കുമോ?"

"അതെ, സ്വർഗ്ഗവും നരകവും അനന്തമാണു്. നിത്യമാണു്."


"നരകത്തിലെ ആത്മാക്കൾ എരിഞ്ഞുചാമ്പലായിപ്പോകയില്ലേ? അവർക്കു് കുറേനേരത്തേക്കെങ്കിലും വേദനയിൽനിന്നു് ആശ്വാസം ലഭിക്കുമോ?"

"ഇല്ല, അവർ എല്ലായ്പോഴും വേദന സഹിക്കണം."

"നരകവാസികൾക്കുവേണ്ടി നാം തീക്ഷ്ണമായി പ്രാർത്ഥിക്കുകയാണെങ്കിൽ അവരെ മോചിപ്പിക്കാൻ കർത്താവു് അനുവദിക്കുമോ?"

"ഇല്ല. നരകവാസികൾ ഒരിക്കലും മോചിതരാവുകയില്ല. അതുപോലെതന്നെ മോക്ഷവാസികളും മോക്ഷത്തിനു പുറത്തു് വരികയില്ല. അവർ എല്ലാക്കാലവും അവിടെത്തന്നെ കഴിച്ചുകൂട്ടണം."

ഓ! നിത്യത! അതു മനസ്സിലാക്കാൻതന്നെ പ്രയാസമായിരിക്കുന്നു; കൊച്ചുകുട്ടികൾക്കുപോലും പ്രാർത്ഥനകളും ത്യാഗങ്ങളും വഴിയായി, ആത്മാക്കളെ നരകത്തിൽ പോകാതെ രക്ഷിക്കാൻ കഴിയുമെങ്കിൽ അങ്ങനെ ചെയ്യാതിരിക്കുന്നതു് എത്ര നിർദ്ദയമാണു്! മാതാവിൻെറ മൂന്നാം ദർശനാനന്തരം ആത്മാക്കളോടുള്ള സ്നേഹം ജസീന്തയ്ക്കു വർദ്ധിച്ചു. അതുമുതല്ക്കാണു്, ആഹാരംതന്നെയും ഉപേക്ഷിക്കുക, അരയിൽ ചരടു



"നരകത്തിലെ ആളുകൾ—അവർ—ഒരിക്കലും പുറത്തു വരികയില്ലേ, ലൂസീ?

കെട്ടുക മുതലായ ത്യാഗകർമ്മങ്ങൾ അവളാരംഭിച്ചതു്. എന്നാൽ ദീനം പിടിപെട്ടതുമുതൽക്കു് പത്ഥ്യമായ ആഹാരം കഴിക്കുവാൻ തുടങ്ങി. അരയിൽ കെട്ടിയിരുന്ന ചരടു് അഴിച്ചുവയ്ക്കാമെന്നും വിചാരിച്ചു. അതനുസരിച്ചു് ജസീന്ത ലൂസിയോടു പറഞ്ഞു:- "എൻെറ അരയിൽ കെട്ടിയിരിക്കുന്ന ഈ ചരടു് ഒന്നഴിച്ചു് അമ്മയെ കാണാതെ വച്ചേക്കുക. എൻെറ സുഖക്കേടു ഭേദപ്പെടുകയാണെങ്കിൽ തിരിയെത്തന്നാൽ മതി."

ഫ്രാൻസിസിൻെറ അരയിൽനിന്നു കയർ അഴിച്ചുകളഞ്ഞതുപോലെ ലൂസി ജസീന്തയുടെ അരയിൽനിന്നും ചരടു് അഴിച്ചുനീക്കി.

(ശേഷം 10-ാം പേജിൽ)

Sathya Deepam

Vol 23 Ernakulam March 1 1950 No 27

വിമർശനവീഥി

# വൈദികരുടെ ബ്രഹ്മചര്യവും കത്തോലിക്കാസഭാനിയമവും

"റോമൻ കത്തോലിക്കാവൈദികരും മെത്രാന്മാരുമൊക്കെ അവിവാഹിതരായും വിവാഹം വിലക്കപ്പെട്ടവരായും ഇരിക്കുന്നതെന്തു്?" എന്നു് അകത്തോലിക്കനായ ഒരു സഹോദരൻ എഴുതിച്ചോദിച്ചിരിക്കുന്നു. മെത്രാന്മാരും വൈദികരും വിവാഹിതരായിരിക്കയാണു് വേണ്ടതെന്നുള്ള അഭിപ്രായത്തെ സാധൂകരിക്കുവാൻ ചോദ്യകാരൻ വി. പൗലോസ് ശ്ലീഹായുടെ ലേഖനങ്ങളിൽനിന്നു് ചില വാക്യങ്ങൾ ഉദ്ധരിക്കുന്നുണ്ടു്.

## ബ്രഹ്മചര്യത്തിന്റെ മാഹാത്മ്യം

ഒന്നാമതായി അറിഞ്ഞിരിക്കേണ്ടതു് വൈദികരുടെ ബ്രഹ്മചര്യം ദൈവം പ്രകൃതിവഴിയായോ, വെളിപാടുവഴിയായോ നല്കിയിട്ടുള്ള കല്പനകളിലൊന്നായി കത്തോലിക്കാതിരുസ്സഭ ഗണിക്കുന്നില്ലാ എന്നാണു്. വൈദികർ വിവാഹിതരായിരിക്കരുതെന്നുള്ള നിയമം കത്തോലിക്കാസഭയുടെ നടപടി സംബന്ധിച്ചുള്ള (Desciplinary) നിയമം മാത്രമാണു് പ്രസ്തുത നിയമമാകട്ടെ സാമാന്യമായിപ്പറഞ്ഞാൽ കത്തോലിക്കാസഭയിലെ പാശ്ചാത്യവിഭാഗത്തെ (WesternChurch) ബന്ധിക്കുന്നതുമാണു്. സഭയുടെ പൗരസ്ത്യവിഭാഗങ്ങളെ (Eastern Church s) സാമാന്യേന ആ നിയമം ബന്ധിക്കുന്നില്ല. വൈദികസ്ഥാനത്തിന്റെ മാഹാത്മ്യത്തിനു ചേർന്നതും അതിന്റെ കർത്തവ്യങ്ങൾ ശരിയായി നിർവ്വഹിക്കുവാൻ സഹായിക്കുന്നതും അവിവാഹിതാവസ്ഥയാണെന്നുള്ള തത്വത്തെ അടിസ്ഥാനമാക്കിയാണു് പാശ്ചാത്യസഭയിൽ ഈ നിയമം ഏർപ്പെടുത്തുകയും അനുഷ്ഠിക്കപ്പെട്ടുപോരുകയും ചെയ്തിട്ടുള്ളതു്.

നിത്യപുരോഹിതനായ ക്രിസ്തു അവിവാഹിതനായിരുന്നല്ലോ. അവിടുന്നു കന്യാത്വം അഥവാ പരിപൂർണ്ണമായ ചാരിത്രം (Verginity) സ്വയം സ്വീകരിച്ചിരുന്നു. അവിടുന്നു തന്റെ മാതാവായി തിരഞ്ഞെടുത്തതും പരിപൂർണ്ണകന്യാവ്രതം ബാല്യംമുതൽ നേരുകയും ആയുഷ്കാലം മുഴുവനും അതനുഷ്ഠിക്കുകയും ചെയ്ത സ്ത്രീരത്നത്തെയായിരുന്നല്ലോ. അവിടുന്നു തന്റെ വളർത്തുപിതാവായി തിരഞ്ഞെടുത്ത പുരുഷനും നിത്യകന്യാത്വം സ്വീകരിച്ചിരുന്നല്ലോ. ക്രിസ്തുവിന്റെ മാതാവായ മറിയവും വളർത്തുപിതാവായ യൗസേപ്പും പരസ്പരം വിവാഹത്താൽ ബന്ധിതരായിരുന്നെങ്കിലും അവരിരുവരും പരിപൂർണ്ണചാരിത്രം അനുഷ്ഠിച്ചാണു് ജീവിച്ചിരുന്നതെന്നു് വേദപുസ്തകവും പാരമ്പര്യവും ഉൽഘോഷിക്കുന്നു. ഈ വസ്തുതകളിൽനിന്നു് നമുക്കു കാണാൻ കഴിയും ദൈവതിരുമുമ്പിൽ കന്യാത്വം അഥവാ അവിവാഹിതജീവിതം വിവാഹിതജീവിതത്തെക്കാൾ സ്വീകാര്യവും ഉൽകൃഷ്ടവുമാണെന്നു്.

## ക്രിസ്തുവിന്റെ സാക്ഷ്യം

ബ്രഹ്മചര്യത്തിന്റെ മാഹാത്മ്യം ക്രിസ്തുതന്നെ വാക്കാലും സമ്മതിച്ചിട്ടുള്ളതാണു്. വി. മത്തായിയുടെ സുവിശേഷം 19-ാം അദ്ധ്യായം 3 മുതൽ 12 വരെ വാക്യങ്ങൾ വായിച്ചാൽ മതി ഇതു ബോദ്ധ്യപ്പെടാൻ. ചില ഫരിശേന്മാരുടെ ചോദ്യത്തിനുത്തരമായി വിവാഹമോചനം നിഷിദ്ധമാണെന്നു ക്രിസ്തു അരുളിച്ചെയ്തു. യാതൊരു കാരണവശാലും ഭർത്താവിനു ഭാര്യയെ ഉപേക്ഷിച്ചു് വേറൊരു സ്ത്രീയെ വിവാഹം കഴിക്കുവാനും, ഭാര്യക്കു ഭർത്താവിനെ ഉപേക്ഷിച്ചു വേറൊരു പുരുഷനെ വിവാഹം കഴിക്കുവാനും പാടുള്ളതല്ലെന്നു അവിടുന്നു ഏററവും നിഷ്കർഷമായി പഠിപ്പിച്ചു. അങ്ങനെയെങ്കിൽ "വിവാഹം കഴിക്കയേ വേണ്ട എന്നു വയ്ക്കുന്നതാണല്ലോ നല്ലതു്" എന്നവർ ചോദിച്ചു. അതിനവിടുന്നു പറഞ്ഞ മറുപടി, ബ്രഹ്മചര്യം വിവാഹജീവിതത്തെക്കാൾ ഉൽകൃഷ്ടമാണെങ്കിലും ദൈവത്തിന്റെ പ്രത്യേകാനുഗ്രഹത്താൽ മാത്രമേ ബ്രഹ്മചര്യം അനുഷ്ഠിക്കുവാൻ മനുഷ്യനു സാധിക്കുകയുള്ളുവെന്നാണു്. "ചിലർ തങ്ങളെ സ്വർഗ്ഗരാജ്യത്തോടുള്ള സ്നേഹത്തെക്കുറിച്ചു ഷണ്ഡന്മാരാക്കീട്ടുണ്ടു്. അതു വിശാലഹൃദയങ്ങളുള്ളവർ അങ്ങനെ ചെയ്യട്ടെ." ഈ വാക്കുകളുടെ അർത്ഥം ദൈവസ്നേഹത്താൽ പ്രേരിതരായി ബ്രഹ്മചര്യം സ്വീകരിക്കുന്നതു് കൂടുതൽ നല്ലതാണെന്നും, എന്നാൽ അത്രമാത്രം സ്വയപരിത്യാഗം അനുഷ്ഠിക്കുവാൻ സാമാന്യേന മനുഷ്യർക്കു് പ്രയാസമാണെന്നും ദൈവാനുഗ്രഹത്തോടുകൂടി ആ ത്യാഗമനുഷ്ഠിക്കുവാൻ സന്നദ്ധതയുള്ളവർ ബ്രഹ്മചര്യം സ്വീകരിച്ചുകൊള്ളട്ടെയെന്നുമാണല്ലോ.

## പൗലോസ് ശ്ലീഹായുടെ സാക്ഷ്യം

പൗലോസ് ശ്ലീഹാ ക്രിസ്തുവിന്റെ മാതൃകയനുസരിച്ചു് ബ്രഹ്മചര്യം സ്വീകരിച്ചിരുന്നുവെന്നും, ക്രിസ്തുവിന്റെ ഉപദേശമനുസരിച്ചു ബ്രഹ്മചര്യത്തെ വിവാഹജീവിതത്തെക്കാൾ വിലമതിച്ചിരുന്നുവെന്നും അദ്ദേഹത്തിന്റെ ലേഖനങ്ങളിൽനിന്നു കാണാം. കോറിന്ത്യക്കാർക്കുള്ള 1-ാം ലേഖനം 7-ാം അദ്ധ്യായത്തിൽ ഈ സംഗതി വിശദമാക്കപ്പെട്ടിട്ടുണ്ടു്. ബ്രഹ്മചര്യത്തേയും വിവാഹജീവിതത്തേയും ശ്ലീഹാ അംഗീകരിക്കുന്നു. ദൈവാനുഗ്രഹവും സ്വഹിതാഹിതങ്ങളും അനുസരിച്ചു് ഈ രണ്ടു ജീവിതസ്ഥിതികളിൽ ഏതെങ്കിലുമൊന്നു് സ്വീകരിക്കുവാൻ വിരോധമില്ലെന്നു് ശ്ലീഹാ പഠിപ്പിക്കുന്നു. എങ്കിലും ബ്രഹ്മചര്യമാണു് വിവാഹജീവിതത്തെക്കാൾ ഉൽകൃഷ്ടമെന്നു പ്രസ്താവിക്കുവാൻ ശ്ലീഹാ മടിക്കുന്നില്ല. "നീങ്ങളെല്ലാവരും എന്നെപ്പോലെ ജീവിച്ചാൽ കൊള്ളാമെന്നാണു് എന്റെ ആഗ്രഹം. അവിവാഹിതരോടും വിധവകളോടും എനിക്കു പറയുവാനാഗ്രഹമുള്ളതു് അവർ എന്നെപ്പോലെ ജീവിച്ചാൽ നന്നായിരിക്കുമെന്നാണു്." (വാക്യം 7, 8.). പുറജാതികളുടെ ശ്ലീഹായായി നമ്മുടെ കർത്താവു് പ്രത്യേകം തിരഞ്ഞെടുത്ത വി. പൗലോസു് ബ്രഹ്മചര്യം സ്വീകരിക്കുകയും ബ്രഹ്മചര്യത്തെ വിവാഹജീവിതത്തെക്കാൾ വിലമതിക്കുകയും ചെയ്തിരുന്നുവെന്ന വസ്തുത അനിഷേദ്ധ്യമല്ലയോ?

വൈദികർ വിവാഹിതരായിരിക്കുന്നതിനെക്കാൾ നല്ലതു് ബ്രഹ്മചാരികളായിരിക്കുകയാണെന്നുള്ള തത്വവും അതിന്റെ കാരണവും ഈ അദ്ധ്യായത്തിൽത്തന്നെ ശ്ലീഹാ പഠിപ്പിക്കുന്നുണ്ടു്. "അവിവാഹിതനായിരിക്കുന്നവൻ ദൈവത്തിന്റെ അവകാശത്തെപ്പററി ശ്രദ്ധയുള്ളവനായിരിക്കുന്നു. ദൈവത്തെ എങ്ങനെയാണു് പ്രസാദിപ്പിക്കേണ്ടതെന്നു് അവൻ നോക്കുന്നു. നേരേമറിച്ചു് വിവാഹിതനായ മനുഷ്യൻ ലോകത്തിന്റെ അവകാശത്തെപ്പററി ശ്രദ്ധയുള്ളവനായിരിക്കുന്നു. തന്റെ ഭാര്യയെ പ്രസാദിപ്പിക്കേണ്ടതെങ്ങനെയെന്നു് അവൻ നോക്കുന്നു." (വാക്യം 32,33). ശ്ലീഹാ ചൂണ്ടിക്കാണിക്കുന്ന ഈ ന്യായം സർവ്വസമ്മതമല്ലയോ? ഒരു വൈദികനോ മെത്രാനോ അവിവാഹിതനായിരുന്നാൽ തന്നെമുഴുവനും ദൈവസേവനത്തിനായി പ്രതിഷ്ഠിക്കുവാൻ കഴിവുള്ളവനായിത്തീരുന്നു. ഭാര്യയേയും മക്കളേയും പുലർത്തുവാനുള്ള ഭാരത്തിൽനിന്നും വിമുക്തനായിരിക്കുന്നതു് ദൈവസേവനത്തിനു് ഒരുവനെ കൂടുതൽ പ്രാപ്തനാക്കുന്നു. പാശ്ചാത്യസഭയിൽ വൈദികരും മെത്രാന്മാരും അവിവാഹിതരായിരിക്കണമെന്നുള്ള നിയമത്തിന്റെ അടിസ്ഥാനം പൗലോസ് ശ്ലീഹാ ചൂണ്ടിക്കാണിക്കുന്നതുതന്നെയാണു്.

## യോഹന്നാൻ ശ്ലീഹായുടെ സാക്ഷ്യം

യോഹന്നാൻ ശ്ലീഹാ ക്രിസ്തുവിന്റെ "പ്രിയപ്പെട്ട ശിഷ്യനാ"യതു് ക്രിസ്തുവിനെപ്പോലെ അദ്ദേഹവും പരിപൂർണ്ണചാരിത്രം സ്വീകരിച്ചിരുന്നതുകൊണ്ടാണെന്നു് സഭാപിതാക്കന്മാർ സാക്ഷീകരിക്കുന്നു. കന്യകയായ തന്റെ മാതാവിനെ കുരിശിൽവച്ചു് യോഹന്നാന്റെ സൂക്ഷത്തിനു് ഏല്പിച്ചുകൊടുത്തതിന്റെയും കാരണം ഇതാണെന്നാണു് സഭാപിതാക്കന്മാർ ചൂണ്ടിക്കാണിക്കുന്നതു്. തന്റെ ജീവിതത്താൽ മാത്രമല്ല ഉപദേശത്താലും യോഹന്നാൻ ശ്ലീഹാ ബ്രഹ്മചര്യത്തിന്റെ കൂടുതൽ മാഹാത്മ്യം വെളിപ്പെടുത്തിട്ടുണ്ടു്. സ്വർഗ്ഗവാസികളുടെ സൗഭാഗ്യത്തേയും മററും "വെളിപാടു" ഗ്രന്ഥത്തിൽ ചിത്രീകരിക്കുന്നതിനിടയിൽ പറയുന്നതു കേട്ടാലും: "ഞാൻ സ്വർഗ്ഗത്തിൽനിന്നുള്ള ഒരു സ്വരം കേട്ടു. വലിയ ഇടിനാദത്തെക്കാൾ ഒച്ചയുള്ളതു്. ഞാൻ കേട്ട ഈ സ്വരം വീണവായനക്കാരിൽനിന്നും വരുന്നതുപോലെ തോന്നി. അവർ സിംഹാസനത്തിന്റെ മുമ്പിൽ ഒരു പുതിയഗാനം പാടി. ഭൂമിയിൽനിന്നും വീണ്ടെടുക്കപ്പെട്ട ഒരു ലക്ഷത്തി നാല്പത്തിനാലായിരം പേരൊഴിച്ചു് മററാരും പഠിക്കുവാനിടയില്ലാത്ത ഒന്നായിരുന്നു ആ ഗാനം. ഇവർ അവരുടെ കന്യാത്വം സ്ത്രീയുടെ സ്പർശനത്താൽ കളങ്കിതമാകാതെ സൂക്ഷിച്ചിട്ടുണ്ടു്. ഇവരാണു് ദിവ്യകുഞ്ഞാടു് പോകുന്നിടത്തെല്ലാം അകമ്പടിക്കാരായിരിക്കുന്നതു്. ഇവരാണു് ദൈവത്തിനും കുഞ്ഞാടിനും മുമ്പിൽ മനുഷ്യവർഗ്ഗത്തിൽനിന്നുള്ള ആദ്യഫലമായി വീണ്ടെടുക്കപ്പെട്ടവർ." (14.2-5). വിവാഹിതരെക്കാൾ ബ്രഹ്മചാരികളാണു് ദൈവത്തിന്റെയും ക്രിസ്തുവിന്റെയും മുമ്പിൽ കൂടുതൽ സ്വീകാര്യരെന്നല്ലയോ ഈ വാക്കുകളുടെ അർത്ഥം? (തുടരും)

---

വേദശാസ്ത്രപംക്തി

# പാപസങ്കീർത്തനം

# XIV

## കൂദാശാഘടകങ്ങൾ

പാപസങ്കീർത്തനത്തിന്റെ ഫലസിദ്ധിക്കു് അനുതാപം അവശ്യം ആവശ്യമാണെന്നു വിശുദ്ധഗ്രന്ഥവും പാരമ്പര്യവും ശക്തിയുക്തം ഉൽബോധിപ്പിക്കുന്നുണ്ടു്. പഴയനിയമത്തിൽ പാപപരിഹാരാർത്ഥമുള്ള പ്രായശ്ചിത്തത്തെ പരാമർശിച്ചുപറയുമ്പോഴെല്ലാം ദൈവത്തിങ്കലേക്കുള്ള പ്രത്യാഗമനം, തിന്മയുടെവഴിയിൽനിന്നുള്ള പിന്മാററം, ജീവിതനവീകരണം, ഹൃദയദ്രവീകരണം ആദിയായി സൂചനാഗർഭങ്ങളായ പദപ്രയോഗങ്ങൾ സുലഭമായി കാണാം. സങ്കീർത്തനക്കാരൻ പറയുന്നു: "വേദനിക്കുന്ന അരൂപി ദൈവസമക്ഷം ഒരു ബലിയാണു്; തകർന്നതും വിനീതവുമായൊരു ഹൃദയം, അല്ലയോ ദൈവമേ, അവിടുന്നു തിരസ്കരിക്കയില്ല." (സങ്കീ. 50, 19). ബാഹ്യമായ വേദപ്രകടനംകൊണ്ടു പാപത്തിനുള്ള ശിക്ഷയിൽനിന്നൊഴിഞ്ഞുമാറുവാൻ സാധിക്കുമെന്നന്ധാളിച്ചുപോയ യഹൂദരോടു സർവ്വശക്തനായ ദൈവം കല്പിച്ചരുളിയതു "നിങ്ങളുടെ വസ്ത്രങ്ങളല്ല, ഹൃദയങ്ങളാണു പിച്ചിക്കീറേണ്ടതു്" എന്നല്ലയോ? (യോവേൽ 2, 13). ഈ ഉദ്ധൃതപ്രസ്താവനകളിൽ മനസ്താപം, പാപത്തോടുള്ള വിദ്വേഷം, പാപം വിട്ടുപേക്ഷിപ്പാനുള്ള സന്നദ്ധത ആദിയായ മനോഭാവങ്ങളുടെ പ്രതിഫലനം വ്യക്തമായി കാണാം.

ക്രിസ്തുമതം അവലംബിക്കുന്നതിനൊരുങ്ങിവന്ന യഹൂദന്മാർ, പുറജാതികൾ ആദിയായവരിൽനിന്നു ശ്ലീഹന്മാരും അവരുടെ ശിഷ്യന്മാരും വിശ്വാസത്തിനുപുറമെ പശ്ചാത്താപവും ജീവിതനവീകരണാഭിവാഞ്ഛയും ആവശ്യപ്പെട്ടിരുന്നു. അപ്പസ്തോല നടപടികളിലെ താഴെപറയുന്ന വാക്യങ്ങൾ ഇപ്പറഞ്ഞതിനുദാഹരണമാണു്: "നിങ്ങൾ പ്രായശ്ചിത്തമെടുക്കുവിൻ; നിങ്ങളിൽ ഓരോരുത്തനും ജ്ഞാനസ്നാനം സ്വീകരിക്കുവിൻ...... ആകയാൽ നിങ്ങളുടെ പാപങ്ങൾ നിർമ്മൂലമാക്കപ്പെടുവാൻവേണ്ടി നിങ്ങൾ അനുതപിച്ചാലും; നിങ്ങൾ മനസ്സുതിരിയുകയും ചെയ്താലും." (അ. നട. 2, 38; 3, 19.) മനസ്താപവും മാനസവിവർത്തനവും പാപപ്പൊറുതി ലഭിക്കുവാൻ അത്യാവശ്യമാണെന്നല്ലയോ ഈ വാക്യങ്ങൾ പ്രഖ്യാപിക്കുന്നതു്?

പ്രാചീനസഭയിൽ പ്രചുരപ്രചാരത്തിലിരുന്ന ഒരു അച്ചടക്കമുറയാണു പാപസങ്കീർത്തനത്തിനൊരുക്കമായി പാപവിമോചനാർത്ഥികൾ ദീർഘനാളത്തേക്കു പ്രായശ്ചിത്തപരിപാടികൾ അനുഷ്ഠിക്കണമെന്നുള്ളതു്. പാപങ്ങളെ നിരന്തരം അനുസ്മരിക്കയും, ഉഗ്രമായതപഃക്രിയകളനുഷ്ഠിക്കയും ചെയ്തുകൊണ്ടു അനുതാപികളിൽ പശ്ചാത്താപവും, പാപവിദ്വേഷവും, ജീവിതനവീകരണനിശ്ചയവും സംജാതമാകണമെന്നായിരുന്നു പ്രസ്തുത സമ്പ്രദായത്തിന്റെ ആന്തരം.

പാപസങ്കീർത്തനത്തെ പരാമർശിച്ചു സഭാപിതാക്കന്മാർ രചിച്ചിട്ടുള്ള ഗ്രന്ഥങ്ങളിലെല്ലാം ഈ വിഷയത്തെക്കുറിച്ചു സുദീർഘവും അലങ്കാരസുലഭവുമായ പ്രസ്താവനകൾ കാണാം. വി. യുസ്തീനോസ് "ട്രിഫോനുമായുള്ള സംഭാഷണം" എന്ന കൃതിയിൽ പറയുന്നു: "പ്രലപിക്കയും നിലവിളിക്കയും ചെയ്യാതെ അശുദ്ധാത്മാക്കൾക്കു് തങ്ങളുടെ പാപങ്ങൾ കർത്താവു തങ്ങളിൽ ചുമത്തുകയില്ലെന്നു എങ്ങനെ പ്രത്യാശിക്കുവാൻ സാധിക്കും?" "പ്രായശ്ചിത്തമെടുക്കയും, പാപത്തോടുള്ള വിദ്വേഷം ആവർത്തിച്ചുറപ്പിക്കയും ചെയ്തശേഷം, കണ്ണുനീരുകളാലും, നെടുവീർപ്പുകളാലും, കരച്ചിലുകളാലും ഖേദിക്കയും നേരായി പശ്ചാത്തപിക്കയും ചെയ്യുന്ന മാനസത്തിന്റെ പ്രത്യക്ഷലക്ഷ്യങ്ങൾ കാണിച്ചാൽ," മാത്രമേ വി. ചിപ്രിയാനൂസ് അനുതാപികൾക്കു പാപവിമോചനം വാഗ്ദാനംചെയ്യുന്നുള്ളു. വി. യോഹന്നാൻ ക്രിസോസ്തോമൂസ് പശ്ചാത്താപത്തെ പരാമർശിച്ചു ഒരു ഗ്രന്ഥംതന്നെരചിച്ചിട്ടുണ്ടു്. അതിൽ ഒരിടത്തു അദ്ദേഹം ചോദിക്കുന്നു: "നാം നമ്മുടെ ഹൃദയത്തെ തകർക്കുകയും, ഉണർന്നിരുന്നു പ്രാർത്ഥിക്കയും, പാപങ്ങളെ കൂടെക്കൂടെ സ്മരിക്കയും, ഔദ്ധത്യവും അഹംഭാവവും വലിച്ചെറിയുകയും, മനസ്സിനെ മയപ്പെടുത്തുകയും ചെയ്യേണ്ടതുള്ളപ്പോൾ ശരീരശക്തികളെക്കൊണ്ടെന്താണു് ആവശ്യം?" വേറൊരിടത്തു അനുതാപമുൾക്കൊള്ളുവാൻ ഒരെളുപ്പമാർഗ്ഗം അദ്ദേഹം നിർദ്ദേശിക്കുന്നതു, പശ്ചാത്തപിക്കാത്ത പാപികൾക്കു കൈവരുമെന്ന നരകശിക്ഷയേയും സ്വർഗ്ഗനഷ്ടത്തേയും കുറിച്ചു അവധാനപൂർവ്വം ആലോചിക്കയെന്നതാണു്.

രണ്ടുസംഗതികളാണു സഭാപിതാക്കന്മാർ ഊന്നിപ്പറയുന്നതു്: പാപത്തെ ഉപേക്ഷിക്കുന്നതിലും പാപരഹിതമായൊരു പുതിയ ജീവിതമാരംഭിക്കുവാനുള്ള സന്നദ്ധതയിലുമാണു സാക്ഷാത്തായ അനുതാപം അടങ്ങിയിരിക്കുന്നതു്; അതു നിത്യരക്ഷയ്ക്കത്യാവശ്യവുമാണു്.

(പി. കെ.)

---

*Permissu Ecclesiastico*

Printed & Published by

K. L. Varkey

at the Mar Louis Memorial Press

Ernakulam